632

# ഓമന

G. V. SMARAKA BRAHMONHARAMA
GRANDHA SALA
THENNOORKONAM
VENGANOOR A. G.

കെ. ദാമോദരൻ ബി. എ.

No. 10 (2)
നം 632

# ഓമന

C. V. SMARAKA GRANDHASALA
GRANDHASALA
THENNOORKONAM
VENGANOOR P. O.

ഗ്രന്ഥകർത്താ:

കെ. ദാമോദരൻ ബി. ഏ.

പ്രസാധകർ,

ഇന്ദിരാ പബ്ലിഷിംഗ് ഹൗസ്,

തിരുവനന്തപുരം.

5-ാംപതിപ്പ്
1123.

പകാപ്പവകാശം.

ഇന്ദിരാപ്രിൻററിംഗ് വർക്ക്സ്
തിരുവനന്തപുരം

വില രൂപാ 1.

632

# ഓമന.

ആടിഅറുതി—ആവണിപ്പിറപ്പു കഴിഞ്ഞിട്ടും ഇടവപ്പാതി വർഷത്തിന്റെ ഊററം മാറിയില്ല. തൊണ്ണൂററൊൻപതിലും ഇത്ര ഭയങ്കരമായ വെള്ളപ്പൊക്കവും വിളവുകൾക്കു് ഇതിലും വലുതായ നാശവും വന്നിട്ടില്ലായിരുന്നു. ചെറിയ തോടുകൾപോലും പെരുവെള്ളം കയറി കലങ്ങിമറിഞ്ഞു്, ചുഴിയും മലരിയുമായി ഇരച്ചൊഴുകി; ചിറകളെല്ലാം തടാകങ്ങളായി. പൂവണ്ണൂരേലാ ഒരു പുതിയ വേമ്പനാട്ടുകായലായും തീർന്നു.

അതിവൃഷ്ടിമൂലമുണ്ടായ നാശങ്ങളോർത്തു് എല്ലാവരും വിഷമിച്ചും വിഷാദിച്ചും കഴിയുമ്പോഴാണു പകലിനു പെട്ടെന്നു് ഒരു പ്രകാശം കണ്ടുതുടങ്ങിയതു്. വെള്ളം സാവധാനത്തിൽ ഇറങ്ങി. അപ്പോഴേക്കും കൊയിത്തിന്റെ ബഹളമായി. പക്ഷെ, എന്തു പറയാനാണു്? പാൽവന്ന കതിരുകൾ പതിരായി; പഴുത്ത കതിരുകൾ കൊഴിഞ്ഞും പോയി. അമ്പതറുപതുമേനി വിളയുമെന്നു കണക്കാക്കിയിരുന്ന കണ്ടങ്ങളിൽ നിന്നു പുത്തരിയൂണിനുപോലും കിട്ടുകയില്ലെന്നും തീർച്ചപ്പെട്ടു.

തിരുവോണവും അടുത്തു. പൂവള്ളിയിലെ പുരുഷോത്തമൻ നല്ലപോലെ വിഷമിച്ചു. കഴിഞ്ഞ മൂന്നു നാലു കൊല്ലമായി അടിക്കടി ഉണ്ടായിക്കൊണ്ടിരുന്ന ഗ്രഹപ്പിഴകളെപ്പററി ചിന്തിച്ചു ചിന്തിച്ചു വ്യാകുലപ്പെട്ടു് അയാൾ പൂമുഖത്തിരിക്കയായിരുന്നു.

ഒരു നെട്ടുവീർപ്പോടുകൂടി അയാൾ ഭാൎ‌്യ കല്യാണിയോടു പറഞ്ഞു:—"കഷ്ടം! ഞാനെന്തുപറയാനാണു്? എന്തൊരുകാലക്കേടു്! ഇതിന്റെയെല്ലാം അവൃതി എവിടെയാണു്?"

കല്യാ:—"ഞാനും അതുതന്നെ ആലോചിക്കയായിരുന്നു."

പുരു:—"പൊന്നുംചിങ്ങമാസമല്ലേ ഇതു്? നമ്മുടെ കഷ്ടകാലം! മാവേലി ഇക്കൊല്ലം നാടുകാണാനിറങ്ങുമ്പോൾ നല്ല വിശേഷമായിരിക്കും! അടുത്ത പൂവിനു വിത്തുപോലും നാം വാങ്ങേണ്ടിവരുമെന്നു തോന്നുന്നു."

കല്യാണി ഗാഢചിന്തയിൽനിന്നു് ഉണൎന്നപോലെ പറഞ്ഞു:—"ശരിയാണു്; എന്തൊരു പിഴച്ചകാലം! എന്റെ കുട്ടിക്കാലത്തു്, അത്തപ്പൂവിട്ടു തുടങ്ങുന്നതിനും എത്രയോ മുമ്പു തന്നെ കൊയിത്തും ചവിട്ടും എല്ലാം കഴിഞ്ഞു നെല്ലുമുഴുവൻ അറയ്ക്കകത്താകുമായിരുന്നു! അന്നു്, ഓണക്കാലത്തു്, സൂൎ‌്യൻ കാർമേഘത്തിനിടയിൽ ഒളിച്ചുകളിച്ചിരുന്നില്ല. രാത്രിമുഴുവൻ നല്ല തേൻനിലാവും! ഓണനിലാവിൽ ഞങ്ങൾ ഊഞ്ഞാലിലിരുന്നു്, 'മാവേലി നാടുവാണീടുംകാലം' വഞ്ചിച്ചതു് ഇന്നലെയോ മറ്റോ ആണെന്നു തോന്നുന്നു. ആരെയെല്ലാം ഞങ്ങൾ തുമ്പികിരുത്തി! അന്നു ലോകം മുഴുവൻ ആനന്ദവും ആഹ്ലാദവുംകൊണ്ടു മദിച്ചിരുന്നു. പിന്നെയിങ്ങോട്ടു വരുംതോറും കാലംമാറി, പ്രകൃതി ആകപ്പാടെ മാറി. കാലത്തിന്റെ മറിമായം! ഈശ്വരാ, അന്നും ഇന്നും! എന്തൊരു വ്യത്യാസം! ഇപ്പോൾ ഓണം വന്നു തിരുമുറ്റത്തെത്തിയിട്ടും ഓമന ഒന്നും അറിയുന്നില്ലല്ലൊ."

പുരു:—"കഷ്ടം! ഇക്കൊല്ലം എല്ലാററിനും ഒരു അവൃതിവരുമെന്നു ഞാൻ കരുതി. നമ്മുടെ തോപ്പിലെ മാവുകളെല്ലാം പൂത്തുകുലച്ചു കിടന്നിരുന്നതു കാണാൻ തന്നെ എന്തു കൌതുകമായിരുന്നു! പക്ഷെ, കഴിഞ്ഞ മഞ്ഞിനു പൂ മുഴുവനും ഉരുകിപ്പോയില്ലേ? അതുപോലെ ഞാറും പുതുവെള്ളംകയറി വളൎന്നിരച്ചു വന്നതു കാണാൻതന്നെ എന്തൊരാഹ്ലാദമായിരുന്നു! എന്തിനതൊക്കെ പറയുന്നു? വിധിപോലെയല്ലാതെ കൊതിപോലെ വല്ലതും വരുമൊ?"

കല്യാ:—"അതിരിക്കട്ടെ. നാമിനി എന്താണു വേണ്ടതു്? ഈ കുഴപ്പത്തിൽനിന്നു വല്ല വിധേനയും രക്ഷപ്പെടാമെങ്കിൽ നമ്മുടെ കാൎയ്യം ജയിച്ചു. അടുത്ത തവണയെങ്കിലും ഭാഗ്യം തെളിയാതിരിക്കുമൊ? അതിനിടയിൽ ഓമനക്കും ഒരു ജോലി കിട്ടുകയില്ലെന്നു് ആരറിഞ്ഞു? അവൾ പല ദിക്കിലും അപേക്ഷ അയച്ചിട്ടുണ്ടല്ലൊ."

പുരുഷോത്തമൻ ഒരു നെടുനിശ്വാസത്തോടെ പറഞ്ഞു:—"അതേ, അതു ശരിയാണു്. പക്ഷെ, ഒരുകാൎയ്യം ഓൎമ്മയിലിരിക്കട്ടെ. ഓമനയെ വിററപണം ഒരുകാലത്തും—ഞാൻ ജീവിച്ചിരിക്കുമ്പോൾ—നമുക്കു് ആവശ്യമില്ല. അവൾ ഉദ്യോഗം ഭരിച്ചു ഒരു സ്ഥാനമാനവും നമുക്കു നേടേണ്ട. അവളെ കണ്ടുകൊണ്ടു പട്ടിണികിടക്കുന്നതും എനിക്കു സുഖംതന്നെ."

രണ്ടുപേരും അല്പനേരം മൗനമായിരുന്നു. ഒടുവിൽ പുരുഷോത്തമൻ തിരിഞ്ഞു്, വീണ്ടും ഭാൎയ്യയോടായി പറഞ്ഞു:—"നമ്മുടെ ഈ വിഷമങ്ങളൊന്നും ഓമന അറിയരുതു്; അറിഞ്ഞാൽ അതിൽപരം ഒരു സങ്കടം അവൾക്കുണ്ടാകാനില്ല. അവൾ സങ്കടം സഹിക്കാൻ ശക്തിയില്ലാതെ വീർപ്പു മുട്ടിനില്ക്കുന്നതു ഞാൻ പലപ്പോഴും കണ്ടിട്ടുണ്ടു്. അപ്പോഴൊക്കെ എന്റെ ഹൃദയം ഉരുകിപ്പോകും. ഒരക്ഷരം അവളോടു പറയാതെ സൂക്ഷിച്ചുകൊള്ളണം."

കല്യാ:—"ആരു്? ഞാനോ? കൊള്ളാം, അവൾക്കു വയസ്സു് ഇനിയും പതിനേഴു തികഞ്ഞില്ല. ദുഃഖവും കഷ്ടതയും അറിഞ്ഞുതുടങ്ങാൻ അവൾക്കു് ഇനിയും കാലമായില്ല."

പുരു:—"അതേ. ഇനിയും കാലമായില്ല.......നീ ഒരു കാൎയ്യം അറിഞ്ഞോ? ആ ഗംഗാധരൻ ദിവസം എത്രതവണയാണു് ഇവിടെ വരികയും പോകയും ചെയ്യുന്നതു്?"

കല്യാ:—"ഗംഗാധരനൊ? ങേ്? അതിലെന്താണു്? ഹേം! ഞാൻ ഇതൊന്നും കരുതിയിരുന്നില്ലല്ലൊ."

പുരുഷോത്തമന്റെ മുഖത്തു ദുഃഖകരമായ ഒരു മന്ദഹാസം പെട്ടെന്നു നിഴലിച്ചു.

"കല്യാണി, നാം ആ ആററരികിൽ, പടർന്നു പന്തലിച്ചു കിടന്ന ആ കുളമാവിനു സമീപംവച്ചു നമ്മുടെ സ്നേഹം പരസ്പരം സമ്മതിച്ചതു നീ ഇപ്പോൾ ഓർമ്മിക്കുന്നുണ്ടോ?"

യൗവനമദ്ധ്യത്തിൽ കാലൂന്നിനിന്ന സുന്ദരിയായ കല്യാണി ഒന്നു പുഞ്ചിരിതൂകി.

"പക്ഷെ, അതിനും വളരെ മുമ്പുതന്നെ നാം സ്നേഹിച്ചുപോയിരുന്നല്ലൊ. അന്നു് എനിക്കു പതിനേഴുവയസ്സു കഴിഞ്ഞിരിക്കണം. ഓമനസ്സു് ഇനിയും യൗവനമായി എന്നു് എനിക്കു തോന്നിയിട്ടില്ല."

പുരു:—"അപ്പോൾ പിന്നെ പൂർണ്ണയൗവനം പ്രാപിക്കുമ്പോൾ അവളുടെ സ്ഥിതി എന്തായിരിക്കും? അവളെക്കാൾ സുന്ദരിയും സുശീലയും ആയ ഒരു പെൺകുട്ടി ഈ നാട്ടിൽ ആരാണു്? ഗംഗാധരനു് അവളിൽ സ്നേഹം ജനിച്ചതിൽ അയുക്തമായി ഞാനൊന്നും കാണുന്നില്ല. അവനു കാലോചിതമായ വിദ്യാഭ്യാസം വേണ്ടുവോളം ഉണ്ടായിട്ടുണ്ടു്. ഭാഗ്യം പിറന്ന പെൺകുട്ടികൾക്കു മാത്രമെ അവനെപ്പോലുള്ളവരെ ഭർത്താക്കന്മാരായി കിട്ടുകയുള്ളു. അത്ര നല്ല തൻേറടവും സ്വഭാവശുദ്ധിയുമാണു് അവനുള്ളതു്. അവൻെറ അപ്പൻെറ സ്വത്തിനു് അവൻ ഏകാവകാശിയുമാണു്. പിന്നെ, മാന്തോപ്പിൽക്കാരുടെ കുലശ്രേഷ്ഠതയെ ഈ നിമിഷംവരെ ആരും ചോദ്യം ചെയ്തിട്ടുമില്ല."

കല്യാണി ദീർഘനിശ്വാസത്തോടെ പറഞ്ഞു:—"ഓമന പിച്ചനടന്നിരുന്നതു് ഇന്നലെയാണെന്നു തോന്നിപ്പോകുന്നു."

പുരു:—"അന്നു നിനക്കും വയസ്സു പതിനേഴു കഴിഞ്ഞിരുന്നില്ലല്ലൊ. പക്ഷെ നാം രണ്ടാളും നമ്മുടെ പ്രായത്തെപ്പററി യാതൊന്നും ചിന്തിച്ചില്ല."

കല്യാ:—"എൻെറ കണ്ണിനു ഓമന ഇന്നും കളിക്കുഞ്ഞു മാത്രമാണു്."

പുരു:—"അതല്ല; ഓമനയുടെ വിവാഹം നാളെ പ്രഭാതത്തിൽ തന്നെ നടത്തണമെന്നോ, അവൾ ഗംഗാധരനെ ജപിച്ചു നടക്കണമെന്നോ അല്ല ഞാൻ പറയുന്നതു്. ഇന്നലെ അവൻ ഇവിടെ മൂന്നുതവണ വന്നിരുന്നു. അതിന്റെ മുമ്പിലത്തെ ദിവസം അതിനെന്നും ഇതിനെന്നും പറഞ്ഞു നാലൊ അഞ്ചോ തവണ വന്നില്ലെ? ഇന്നും അതിരാവിലെ ഹാജർ. ഇതിന്റെയെല്ലാം അർത്ഥം എന്താണു്?"

കല്യാണി മൗനസമാധിയിൽ ഇരുന്നു. ആ മാതൃഹൃദയം അസ്വാസ്ഥചിന്തകളാൽ ക്രമംതെററി സ്പന്ദിച്ചു. മുഖത്തു് ഒരു അരുണിമ വ്യാപിച്ചു. സ്വാനുഭവം മാനദണ്ഡമാക്കി അവർ സ്വപുത്രിയുടെ ഹൃദയം പരിശോധിച്ചു.

പുരുഷോത്തമന്റേയും കല്യാണിയുടേയും ജീവിതകഥയിൽ വിശേഷവിധിയായി ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. അതിവൃഷ്ടിയും അനാവൃഷ്ടിയും പൂവണ്ണൂർഗ്രാമത്തിലെ കർഷകരെ കുഴക്കുന്നതിനു വളരെ മുമ്പുതന്നെ പുരുഷോത്തമൻ പൂവള്ളിയും അതിനോടുചേന്ന മുപ്പതു നാല്പതു പറ കണ്ടവും ജന്മികളോടു തീറുവാങ്ങി അവിടെ സ്ഥിരതാമസം തുടങ്ങിയിരുന്നു. അന്നു് അയാൾ സുമുഖനും ദൃഢഗാത്രനുമായ ഒരു യുവാവായിരുന്നു. കൃഷിയിൽ 'ജന്മവാസന' ഉണ്ടായിരുന്ന അയാൾ കൈയ്മുതലായി അന്നു ശേഷിച്ചിരുന്ന ആയിരം, ആയിരത്തി അഞ്ഞൂറിൽപരം ഉറുപ്പിക ഭൂമി നന്നാക്കുന്നതിനും ശാസ്ത്രീയങ്ങളായ കൃഷിയായുധങ്ങൾ വാങ്ങുന്നതിനും വിനിയോഗിച്ചു. അയാൾ കുളപ്പുരകളും തൊഴുത്തുകളും പുതുതായി പണികഴിപ്പിച്ചു. ആദ്യം പല പ്രതിബന്ധങ്ങൾ നേരിട്ടു. എന്നാൽ അവയൊന്നും വകവയ്ക്കാതെയുള്ള കഠിനമായ കായികാദ്ധ്വാനവും സ്ഥിരോത്സാഹവുംമൂലം വേഗംതന്നെ അയാൾ ആ നാട്ടിലെ കർഷകർക്കു ഒരു മാതൃകയായിത്തീർന്നു. കൃഷിശാസ്ത്രസംബന്ധമായ പ്രസിദ്ധീകരണങ്ങൾ അയാൾ ശ്രദ്ധാപൂർവ്വം വായിച്ചു പഠിക്കയും, കൃഷിയിൽ പല പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തു. വെയിലും മഴയും വകവെക്കാതിരുന്ന

കാലത്തോളം അയാൾക്കു കൃഷിപ്പിഴ നേരിട്ടില്ല. അങ്ങനെയിരിക്കുമ്പോഴാണു സുന്ദരിയായ കല്യാണിക്കുട്ടിയുമായി അയാൾ പരിചയപ്പെടാൻ ഇടയായതു്.

കല്യാണിക്കുട്ടി ആ ഗ്രാമത്തിലെ സകല യുവജനങ്ങളുടേയും ഹൃദയം വശീകരിച്ച ഒരു ഓമനപ്പെൺകിടാവായിരുന്നു. പക്ഷെ പുരുഷോത്തമന്റെ പ്രണയപ്രാർത്ഥന മാത്രമെ ആ 'അനാഘ്രാതപുഷ്പ'ത്തെ സംബന്ധിച്ചിടത്തോളം ഫലവത്തായിത്തീർന്നുള്ളു. അന്നു് അവളുടെ ഹൃദയചോരന്റെ കരം അതികാമ്യമായി അവളുടെ പിതാക്കൾ കരുതിയിരുന്നില്ല. തൻമൂലം അവരുടെ അനുരാഗനദിക്കു് അവിഘ്നമായ ഒഴുക്കു് അനുവദിക്കുന്നതിൽ കല്യാണിക്കുട്ടിയുടെ മാതാപിതാക്കന്മാർ വിമുഖരായിരുന്നു. എന്നാൽ പ്രതിബന്ധങ്ങളെല്ലാം ഒന്നൊന്നായി ഒഴിയുംവരെ, ആ വൃദ്ധജനങ്ങളെ കബളിപ്പിച്ചു്, പുഴവക്കത്തുള്ള കുളമാവിന്റെ സ്നിഗ്ദ്ധച്ഛായയിൽ ആ കാമിനീകാമുകന്മാർ ഗൂഢസമാഗമങ്ങൾ നടത്തിവന്നു. ഒടുവിൽ അവരുടെ വിവാഹവും നടന്നു.

അവരുടെ ഏകസന്താനമായിരുന്നു ഓമന. 'ഓമന' എന്നതു് അവളുടെ ഓമനപ്പേരായിരുന്നു. ഭാർഗ്ഗവി എന്നായിരുന്നു അവളുടെ ജാതകപ്പേരു്. വളരെക്കാലം ആ ചെറുകുടുംബം സൌഭാഗ്യസമൃദ്ധിയിൽ കഴിഞ്ഞു. അപ്പോഴാണു് വെളിച്ചത്തിന്റെ മറുതലയ്ക്കൽ ഇരുളും കണ്ടുതുടങ്ങിയതു്. മിതവ്യയശീലവും അക്ഷീണമായ പരിശ്രമവും മൂലം ഒട്ടുവളരെ ദ്രവ്യം കരുതൽധനമായി നിക്ഷേപിക്കാൻ പുരുഷോത്തമനു കഴിഞ്ഞിരുന്നു; എന്നാൽ, അപ്രതീക്ഷിതമായി, അവരുടെ വിധിയന്ത്രത്തിനു് ഒരു ഭ്രമണം സംഭവിച്ചു. സൂര്യോദയം കാണാനില്ലാതായി; കാലംതെററി മഴപെയ്തു; ധാന്യങ്ങൾ വിളഞ്ഞു പഴുക്കുംമുമ്പെ പതിരായി; കന്നുകാലികൾ കുളമ്പുപനിപിടിച്ചു് ഒന്നൊന്നായി ചത്തൊടുങ്ങി; കുലകുത്തിക്കാച്ച നിരവധി തെങ്ങുകൾ ഇടിവെട്ടേററു നശിച്ചു. ഇങ്ങനെ ദുർവിധി പുരുഷോത്തമനെ നിഷ്കരുണം വേട്ടയാടുംപോലെ തോന്നി. ഈ ദുർഘടങ്ങൾ തരണംചെയ്യാൻ അയാൾ ഭഗീര

ഥപ്രയത്നം ചെയ്തു. എങ്കിലും, ദിവസങ്ങൾ മുന്നോട്ടുപോകുംതോറും കരുതൽധനത്തിലും അയാൾ കൈയ്‌വയ്ക്കേണ്ടിവന്നു; വീട്ടുചിലവിനുപോലും കടംവാങ്ങേണ്ട ഘട്ടം ഉണ്ടായി.

## ii

ഓമനയെ 'സുന്ദരി'യെന്നു പറയുന്നതു സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവളെ വർണ്ണിക്കാൻ വേണ്ട സൗകുമാര്യം ആ പദത്തിനില്ല. കവിസങ്കല്പത്തെയും അതിശയിക്കുന്ന കോമളിമാവിനാൽ അവൾ അനുഗൃഹീതയായിരുന്നു. യൗവനം അവൾക്കു് ഉദിച്ചുതുടങ്ങിയതേയുള്ളു. എപ്പോൾ കണ്ടാലും എങ്ങനെ കണ്ടാലും മതിവരാത്തതായിരുന്നു അവളുടെ അംഗലാവണ്യം.

സുകുമാരികളായ യുവതികളെ സൃഷ്ടിച്ചു വിധാതാവു പലപ്പോഴും വിനോദിക്കാറുണ്ടു്. അത്തരം വിശിഷ്ടസൃഷ്ടികളിൽ ആ വിശ്വശില്പിക്കു പരിപൂർണ്ണമായ ചാരിതാർത്ഥ്യം എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ, അതു് അത്യാകർഷകമായ ഇളംയൗവനത്തിൽ വിരളുന്ന ഓമനയെ ജീവിതോദ്യാനത്തിന്റെ കവാടത്തിൽ കൊണ്ടുചെന്നു നിറുത്തിയപ്പോൾ മാത്രമായിരുന്നു. ഓമനയുടെ ഒരിക്കലും ശരിയായി കെട്ടിവയ്ക്കാൻ സാധിക്കാത്ത കുന്തളഭാരമൊ, തേജോമയവും സ്നേഹാർദ്രവുമായ വിശാലനയനങ്ങളൊ, ആ പവിഴാധരങ്ങളിൽ എപ്പോഴും പരിസ്ഫുരിച്ചിരുന്ന മന്ദഹാസമൊ, അല്ലെങ്കിൽ, 'മാലതീലതപോലെ കൃശവും കോമളവും ആയ കളേബരമൊ, എന്താണു്, ആരുടെ ഹൃദയത്തെയും ആവർജ്ജിച്ചതെന്നു് ആർക്കും നിശ്ചയമുണ്ടായില്ല. ബാലാർക്കരശ്മിപോലെ പ്രസാദാത്മകമായ അവളുടെ മന്ദഹാസം ആർക്കും എപ്പോഴും അവാച്യമായ ആനന്ദം ഉളവാക്കിയിരുന്നു. മോഹനമായ ഒരു ഇളംചുവപ്പു് അവളുടെ പൂങ്കവിളിൽ പകർന്നുകൊടുക്കുന്നതിനും, കുറുനിരച്ചാർത്തുകൊണ്ടു് അവളുടെ മുഖപത്മശോഭ വർദ്ധിപ്പിക്കുന്നതിനും പ്രകൃതിമാതാവു് വിസ്മരിച്ചിരുന്നില്ല. ഇലച്ചില്ലകളുടെ ഇടയിൽ മറഞ്ഞിരുന്നു്, ദേവ

മെന്നതെന്തെന്നറിയാതെ മൃദുമധുരമായി പാടുന്ന കാട്ടുപ്രാവിനുപോലും അവളുടെ ശബ്ദസുഭഗത സിദ്ധിച്ചില്ല.

ഒരു ഗ്രാമീണകന്യയിൽ—കേവലം ഒരു കൃഷീവലപുത്രിയിൽ—അന്യദുർലഭമായ സൗന്ദര്യസമ്പത്ത് വിധാതാവു കോരിവാരിച്ചൊരിഞ്ഞതിൽ നാഗരികാംഗനകളുടെ വിലാസങ്ങൾ കണ്ടുപഴകിയ അപരിചിതന്മാർപോലും അത്ഭുതപരതന്ത്രരായി നിന്നുപോയിട്ടുണ്ട്. ആതേ, അവൾ വെറും ഒരു ഗ്രാമീണകന്യയായിരുന്നു. പൂവണ്ണത്രരേലായും, അതിനടുത്ത കുന്നുകളും, കാടുകളും, പൊയ്കകളും, ആറുകളുമല്ലാതെ മറെറാന്നും അവൾ കണ്ടിരുന്നില്ല. ആകാശചുംബികളായ രമ്യഹർമ്മ്യങ്ങളും, സാമ്യമകന്ന ഉദ്യാനങ്ങളും, നാഗരികനരലോകത്തിലെ കൗതുകകരങ്ങളായ മററു കാഴ്ചകളും അവളുടെ ഭാവനാമണ്ഡലത്തിൽ മാത്രമെ സ്ഥിതിചെയ്തിരുന്നുള്ളു. എന്നാൽ കളങ്കംപററാത്ത അവളുടെ ഹൃദയം, അവൾ ജനിച്ചുവളൎന്ന ആ മനോജ്ഞഗ്രാമത്തിലെ തരുഗുല്മങ്ങളുമായിപ്പോലും ഐക്യം പ്രാപിച്ചിരുന്നതിനാൽ, അവൾക്കു ലോകജീവിതത്തിൽ അസംതൃപ്തമായി യാതൊന്നും ഉണ്ടായിരുന്നില്ല. പുതുവെള്ളത്തിൽ തുള്ളിക്കളിക്കുന്ന ഞാറുകളും, വരമ്പുകൾ കുത്തിമറിച്ചൊഴുകുന്ന കുല്യകളും, നോക്കെത്താത്ത ദൂരംവരെ കുലച്ചുമറിഞ്ഞുകിടക്കുന്ന നെല്ലിൻപാടങ്ങളും, കൊയ്ത്തുകാലത്തു കൂട്ടമായി പറന്നെത്തുന്ന തുക്കണാംകുരുവികളും, അവയുടെ വിസ്മയകരമായ കുലായങ്ങളും, കുരുമുളകു പഴുക്കുമ്പോഴും തേന്മാവു തളിർക്കുമ്പോഴും സഹ്യാദ്രിസാനുക്കളിലെ ചന്ദനക്കാടുകളിൽനിന്നു വിരുന്നുവരുന്ന പൂങ്കുയിലുകളും, ഇണകളെ അനുരഞ്ജിപ്പിക്കാനുള്ള അവയുടെ മധുരഗാനങ്ങളും, നിറയെ പൂത്തു് ചെറിയദന്തചിമിഴുകളിൽ പരിമളം പൊഴിക്കുന്ന ..ന്നകളും, നിർമ്മലമായ നീലവിണ്ണിൽ പറന്നുപൊങ്ങുന്ന ചിത്രശലഭങ്ങളും ആ ഗ്രാമീണകന്യകയുടെ ഹൃദയസരസ്സിൽ, സൗഭാഗ്യകല്ലോലങ്ങൾ അനവരതം ഉളവാക്കിവന്നിരുന്നു.

യുവതികൾ സുന്ദരികൾ കൂടിയായാൽ ഏതാണ്ടൊരു ദുർഗർവ്വ് അവരെ സാധാരണമായി ബാധിക്കാറുണ്ട്. എന്നാൽ വിശപ്പം ജയിക്കാവുന്ന വിപൽക്കരമായ ഒരു ആയുധം തൻെറ സൗകുമാര്യത്തിൽ ഒളിഞ്ഞുകിടപ്പുണ്ടെന്നു് അറിയാതിരുന്നതിനാൽ, ഓമന ആ ബാധോപദ്രവത്തിനു വിധേയയായിരുന്നില്ല. ആ ഗ്രാമത്തിലെ കിരീടം വയ്ക്കാത്ത ആ കൊച്ചുറാണി താൻ സകല യുവാക്കന്മാരെയും വിഭ്രമിപ്പിക്കയും വിഷാദിപ്പിക്കയും ചെയ്തിരുന്നു എന്നും അറിഞ്ഞില്ല. എന്തായാലും, തൻെറ പാദപതനംകൊണ്ടുപവിത്രമായ ഭൂഭാഗംപോലും ആരാധിക്കുന്നതിനും തനിക്കുവേണ്ടി ഏതു തീക്കുഴിയിൽ ചാടുന്നതിനും ഗംഗാധരൻ സന്നദ്ധനായിരുന്നു എന്നു് അവൾ ഊഹിച്ചിരുന്നില്ല, നിശ്ചയം.

ഗംഗാധരൻ കൂടക്കൂടെ പൂവള്ളിയിൽ വന്നുകൊണ്ടിരുന്നതിൽ അസ്വസ്ഥമായ ഒരു ആശ്ചര്യരസം അവൾക്കുണ്ടാകാതിരുന്നിട്ടില്ല. കൂടപ്പിറപ്പുകളെപ്പോലെ അവൾ ഓമനിച്ചിരുന്ന വളർത്തുപക്ഷികളിലും പൂക്കളിലും അവൻ പ്രത്യേകമമത പ്രദർശിപ്പിച്ചതിൽ വിശേഷവിധിയായി യാതൊന്നും അവൾ കണ്ടില്ല. പക്ഷികളേയും പുഷ്പങ്ങളേയും ആത്മാർത്ഥമായി സ്നേഹിക്കാതിരിക്കാൻ ആർക്കു കഴിയും? സ്വന്തം സഹോദരന്മാർ ആരും ഇല്ലാതിരുന്ന ഓമന ഗംഗാധരനെ സോദരനിർവിശേഷം നിഷ്കളങ്കമായി സ്നേഹിച്ചിരുന്നു. അവർ ആ ബാല്യസഖികളായിരുന്നു. അവളെക്കാൾ ഒന്നോ രണ്ടോ വയസ്സിൻെറ മൂപ്പുമാത്രമെ അവനുണ്ടായിരുന്നുള്ളു. പതിനഞ്ചു പതിനാറു വയസ്സു പ്രായം ചെന്ന കന്യക പതിനെട്ടു്, ഇരുപതു വയസ്സു പ്രായംചെന്ന യുവാവിനെക്കാൾ ലോകകാര്യങ്ങളും ജീവിതരഹസ്യങ്ങളും അറിഞ്ഞിട്ടുണ്ടായിരിക്കും. അവൾക്കു ഗംഗാധരനോടു് അനുരാഗമുണ്ടെന്നു പറഞ്ഞാൽ, ഭാവിയിൽ അവൻ അവളുടെ ഭർത്തൃപദം കൊതിക്കുമെന്നു പറഞ്ഞാൽ, അവൾക്കു ചിരി വരുമായിരുന്നു. നിഷ്കളങ്കസ്നേഹത്തിനും അനുരാഗത്തിനും മദ്ധ്യ, വെള്ളിയോടത്തിൽ കടക്കേണ്ട ഒരു വീയൽ ഗംഗ ഉണ്ടെന്നു് ആരാണറിയാ

ത്തു്? രണ്ടുപേർക്കും ഒരുപോലെ ഉല്ലാസപ്രദമായ സാമാന്യധർമ്മങ്ങൾ പലതും ഉണ്ടായിരുന്നു. അവയിൽ ലയിച്ചു ദിവസവും ഏതാനും സമയം ഗംഗാധരനുമൊന്നിച്ചു കഴിച്ചുകൂട്ടാൻ അവൾക്കു താൽപ്പര്യം ഇല്ലാതിരുന്നില്ല; എന്നാൽ അവൾ സംസാരിക്കുമ്പോൾ എന്തുകൊണ്ടാണു് അവൻെറ മുഖമണ്ഡലത്തിൽ ഒരു പാടലച്ഛവിപരന്നതെന്നും, അവൾ അടുത്തുചെല്ലുമ്പോൾ അവനു് ആനന്ദപുളകമുണ്ടായതെന്നും അവൾ അറിഞ്ഞില്ലെന്നുമാത്രമല്ല, അറിയണമെന്നാഗ്രഹിച്ചതുമില്ല. ചിലപ്പോഴെല്ലാം അർത്ഥശങ്കയ്ക്കിടംകൊടുക്കുന്ന നിർന്നിമേഷമിഴികളാൽ അവളെ ആപാദചൂഡം നുകർന്നുകൊണ്ടു് ഗംഗാധരൻ നില്ക്കുന്നതു് അവൾ കണ്ടിരുന്നു; പക്ഷെ, അതിനൊന്നും അന്നു് അവൾ വലിയ വില കല്പിച്ചിരുന്നില്ല.

അങ്ങനെയിരിക്കുമ്പോൾ ഒരുദിവസം സൂര്യൻ പ്രസന്നമായി ഉദിച്ചുയർന്നു. പാടങ്ങളിൽനിന്നു പുതുവെള്ളം വാർന്നൊഴുകി നിശ്ശേഷം വററിയിരുന്നില്ല. മാമ്പൂവു മുഴുവൻ ഉരുകിപ്പോകുമെന്നു സകലരും സംശയിക്കത്തക്കവണ്ണം രാത്രിയിൽ മഞ്ഞു് അതി കലശലായി പെയ്തിരുന്നു. എന്നാൽ സൂര്യബിംബം അന്നു പ്രത്യക്ഷപ്പെട്ടതു് അതുവരെ തുടർന്നുവന്ന വിക്രിയകളിൽ പശ്ചാത്താപം തോന്നിയിട്ടെന്നപോലെ അത്ര തേജോമയമായിട്ടായിരുന്നു. വർഷകാലം മുഴുവനും, ഗാനോത്സവം കൂടാതെ കൂടുകളിൽ ഒതുങ്ങിയിരുന്ന പക്ഷികൾ കളകളംകൊണ്ടു് ആ പ്രഭാതത്തെ മുഖരിതമാക്കിത്തീർത്തു. പുഷ്പങ്ങൾ, വിരഹിതനായ കാമുകൻെറ പുനഃസമാഗമത്തിലെന്നോണം, മന്ദാക്ഷപൂർവ്വം മന്ദഹസിച്ചു. വള്ളിക്കുടിലുകളിൽനിന്നു പറന്നുപൊങ്ങിയ പൂമ്പാററകളും, പൂക്കൾതോറും മുരണ്ടുനടന്ന മധുപങ്ങളും വസന്തർത്തു സമാഗതമായെന്നു മൃദുവായി മന്ത്രിച്ചു. തൃണാഞ്ചലങ്ങളിലും പല്ലവാഗ്രങ്ങളിലും തിളങ്ങിയ ഹിമബിന്ദുക്കൾ ഒരു നവചൈതന്യം ഭൂമുഖത്തിനുളവാക്കി.

ഹാ! മനോഹരമായ പ്രഭാതം! ഓമന ലാളിച്ചുവളർത്തിയ പ്രാവുകൾ കൂട്ടുവിട്ട് അസ്വാസ്ഥമായി അങ്ങോട്ടുമിങ്ങോട്ടും പറന്നിരുന്നു. അവൾ ഒരു ചെറിയ വട്ടിയിൽ നെല്ലും അരിയുമായി പതിവുപോലെ അവയ്ക്കു തീററികൊടുക്കാൻ ചെന്നു. അവയുടെ ഹുംകൃതിയെക്കാൾ മൃദുവായി, അവ്യക്തമധുരമായ ഒരു ശബ്ദം അവൾ പുറപ്പെടുവിച്ചപ്പോഴേക്കും അവയിൽ പലതും അവളുടെ സമീപംവട്ടമിട്ടു പറന്നെത്തി. നിരുപദ്രവികളായ ആ മനോഹരജീവികൾക്കു് ഓമന തീററികൊടുക്കുന്നതു ലോകത്തെ ഹൃദയാവർജ്ജകങ്ങളായ കാഴ്ചകളിൽ ഒന്നായിരുന്നു എന്നുതന്നെ പറയാം. അവററ അവളുടെ ചുമലിലും കരവല്ലികളിലും പറന്നുവീണു്, പ്രേമപൂർവ്വം അവളുമായി നർമ്മസല്ലാപംചെയ്തു. ഹാ! ആ സൗഭാഗ്യജീവികൾ അവളുടെ ഹൃദയത്തിലേക്കു പകർന്നുകൊടുത്ത ആനന്ദാമൃതം സ്വർഗ്ഗസുന്ദരികൾപോലും ഒരിക്കലും ആസ്വദിച്ചിരിക്കയില്ല. അവൾ പരമാനന്ദത്തിൽ തുള്ളിക്കളിച്ചു്, ആ കോമളസ്വാപ്തികളെ ഓമനപ്പേരിട്ടു വിളിച്ചും, മൂളിപ്പാട്ടുപാടിയും, ചെന്താമരദളംപോലെ മനോഹരമായ അവളുടെ ഉള്ളംകൈയിൽനിന്നു് അവയ്ക്കു തീററികൊടുത്തും വിനോദിച്ചു. അവയിലോരോന്നിനേയും അവൾ മാറി മാറിപ്പിടിച്ചു്, മാറോടണച്ചു ചുംബിച്ചു.

"ഹാ! ഞാനൊരു പ്രാവായില്ലല്ലൊ" എന്നു് അവളുടെ പിറകിൽ ആരോ പറയുന്നതുകേട്ടു് അവൾ തിരിഞ്ഞു നോക്കി. ഗംഗാധരൻ ചിരിച്ചുകൊണ്ടു് അവളുടെ അടുക്കലേക്കു വരികയായിരുന്നു.

"ഞാൻ ഒരു പ്രാവായിരുന്നെങ്കിൽ!" എന്നു് മന്ദഹസിച്ചുകൊണ്ടു് വീണ്ടും അവൻ പറഞ്ഞു.

ഒരു കാട്ടരുവി പാറക്കെട്ടിൽ മുട്ടിത്തകരുംപോഴത്തെപ്പോലെ അവൾ പൊട്ടിച്ചിരിച്ചു. ഭ്രാന്തുപിടിപ്പിക്കുന്ന എന്തൊരു മധുരമായ പൊട്ടിച്ചിരി! അവളുടെ പൂംകവിളിൽ അപ്പോൾ പ്രത്യക്ഷമായ കുരളക്കുഴി ഗംഗാധരൻെറ ഹൃദയത്തെ വല്ലാതെ തരളമാക്കി.

"കൊള്ളാം. ഗംഗാധരൻ ഒരു പ്രാവായിരുന്നെങ്കിൽ! അനന്തമായ ഈ ആകാശമണ്ഡലത്തിൽ ഇവയെപ്പോലെ ഒരു ലക്ഷ്യവുംകൂടാതെ പറന്നുനടക്കാനും, അക്കാണുന്ന വെള്ളിമേഘങ്ങളുടെ ഇടയിൽ ഒളിച്ചുകളിക്കുന്നതിനും ആരാണാഗ്രഹിക്കാത്തതു്? പക്ഷേ ഗംഗാധരൻ ഒരു പക്ഷിയായാലും അങ്ങനെയൊന്നും ചെയ്യുകയില്ലെന്നു് എനിക്കു നിശ്ചയമുണ്ടു്."

"നിശ്ചയമായും ഓമനയെ ആനന്ദിപ്പിക്കുവാൻ അതിനപ്പുറവും ഞാൻ പോകുമായിരുന്നു" എന്നു് അവൻ ഒരു കപടപ്പുഞ്ചിരിയോടെ പറഞ്ഞു.

"പക്ഷേ, എന്തുചെയ്യാം? ഗംഗാധരൻ ഒരു പ്രാവായില്ലല്ലോ. ഗംഗാധരാ, ഇന്നു സൂര്യൻ എത്ര ആഹ്ളാദപൂർവ്വം പ്രകാശിക്കുന്നു! ഇത്തരം ഒരു സുദിനമുണ്ടായിട്ടു് ആഴ്ച എത്ര കഴിഞ്ഞു! ഹോ, എന്തൊരു മഴയായിരുന്നു! മഴ, പേമഴ! പക്ഷെ, അതെല്ലാം നിലച്ചുവല്ലോ. കല്പാന്തപ്രളയമായി എന്നുതന്നെ എനിക്കു തോന്നി. ഹാ, ഗംഗാ, അന്നു വെറും ഒരു അരയാലിലയിൽ വിശ്രമംകൊണ്ട ഭഗവാനെ ഒന്നു ധ്യാനിച്ചുനോക്കൂ. നോഹായുടെ പ്രളയത്തിൽ വിശ്രമസ്ഥാനം എങ്ങും കാണാതെ, ഇളകിമറിയുന്ന മഹോദധിക്കുമേൽ പറന്നുതിരിഞ്ഞു ക്ഷീണിച്ച ആ പാവപ്പെട്ട കപോതത്തിൻെറ കഥ എപ്പോഴും എന്നെ വിഷാദിപ്പിക്കാറുണ്ടു്."

അപ്പോൾ ആ പരിശുദ്ധകന്യയുടെ മുഖമണ്ഡലത്തിൽ പ്രതിബിംബിച്ച നിർവൃതികരമായ ആത്മശോഭ കാണേണ്ടതുതന്നെയായിരുന്നു. അനേകകാതംവഴി അവളിൽനിന്നു പെട്ടെന്നു് അകന്നുപോയതുപോലെ ഗംഗാധരനു തോന്നി.

എന്തു പറയണമെന്നറിയാതെ ഗംഗാധരൻ നിന്നു. ഒടുവിൽ അവൻ ഇങ്ങനെ പറഞ്ഞു:—"മഴ നിശ്ശേഷം നിലച്ചു എന്നു തോന്നുന്നില്ല. അതാ, ആ കറുത്ത മേഘഖണ്ഡം പടിഞ്ഞാറു ചക്രവാളത്തിൽ അടിഞ്ഞുകിടക്കുന്നതു കണ്ടില്ലേ?"

"അതുകൊണ്ടു് ഇന്നത്തെ പ്രഭാതത്തിൻെറ ശോഭ അല്പമെങ്കിലും കുറഞ്ഞിട്ടുണ്ടോ?" എന്നു് അവൾ മന്ദഹസിച്ചുകൊണ്ടു ചോദിച്ചു.

ഓമനയും ഗംഗാധരനും കൂടക്കൂടെ കാണുകയും സംസാരിക്കുകയും ചെയ്തിരുന്നതിനാൽ അവന്റെ നോട്ടങ്ങളും വാക്കുകളും അവളെ വിഷമിപ്പിക്കു പതിവില്ലായിരുന്നു. ലജ്ജാഭരത്താൽ അവളുടെ മുഖപത്മം എപ്പോഴെങ്കിലും നമ്രമാവുകയൊ, സാധാരണയിൽ കവിഞ്ഞ രക്തപ്പുവി അവളുടെ പൂംകവിളിൽ വിസ്തൃമരമാവുകയൊ ചെയ്തിരുന്നില്ല.

അവൾ കൈയ്നിറയെ നെല്ലുവാരി പ്രാക്കൾക്ക് എറിഞ്ഞുകൊടുത്തു. ഇതിനിടയിൽ, മറെറവിടെയോ സഞ്ചരിച്ച ഹൃദയവുമായി, അത്യാകർഷകമായ ഒരു മൂളിപ്പാട്ടും പാടി, ഗംഗാധരൻ അവിടെ ഉണ്ടെന്നുള്ള വിചാരംപോലും ഇല്ലാതെ അവൾ നിൽക്കുകയായിരുന്നു. അതേ, അപ്പോഴും ആ പഴയ പാട്ടുതന്നെ. അതുപോലെ മറെറാന്നും അവളുടെ ഹൃദയത്തെ ഹരിച്ചിരുന്നില്ല. ഒരു ശോകസങ്കലനം, ഒരു ആനന്ദസ്ഫുരണം, ഹൃദയത്തിലുണ്ടാകുമ്പോൾ ആ പാട്ട് അവൾ പാടുക പതിവായിരുന്നു.

"നാമിങ്ങറിയുവതല്പം—എല്ലാം
ഓമനേ, ദൈവസങ്കല്പം."

എന്ന ശോകാത്മകമായ വരികളിൽ ഓമനയ്ക്കുണ്ടായ പ്രതിപത്തി അഹേതുകമായിരുന്നില്ലെന്നു് വളരെനാൾ കഴിഞ്ഞ ശേഷം മാത്രമെ ഗംഗാധരൻ പൂർണ്ണമായും ഗ്രഹിച്ചുള്ളു. എന്നാൽ മനോഹരമായ ആ പ്രഭാതത്തിൽ, ഹൃദയം അലിക്കുന്ന ആ പാട്ടിൽ എവിടെയൊ ഒരു അപശ്രുതികലന്നതായി ഗംഗാധരനു തോന്നി.

"എന്താണു് ഈ പാട്ടിൽ ഇത്രവലിയ വിശേഷമുള്ളതു്? ഓമന ഇതൊരു പതിനായിരംതവണ ചൊല്ലുന്നതു ഞാൻ കേട്ടിട്ടുണ്ടു്. ആ ആററരുകിൽ ഓമന കാട്ടുപൂക്കൾ അറുത്തുകൊണ്ടു നില്ക്കുമ്പോഴും, ആ പാടത്തിൽകൂടി ഏകയായി നടക്കുമ്പോഴും, പശുക്കുട്ടിയെ തലോടുമ്പോഴും, ഈ പ്രാക്കൾക്കു തീററി കൊടുക്കുമ്പോഴും, എപ്പോഴും ഈ ഒരു പല്ലവിതന്നെ; വേറൊരുപാട്ടും ഓമനയ്ക്കറിഞ്ഞുകൂടെന്നുപോലും ഞാൻ വിചാ

രിക്കാതിരുന്നിട്ടില്ല." എന്നു് ഗംഗാധരൻ എന്തുകൊണ്ടെന്നില്ലാതെ മുഷിഞ്ഞ സ്വരത്തിൽപറഞ്ഞു.

"ഹാ, ഞാൻ അറിഞ്ഞില്ല!" അവളുടെ ആഹ്ലാദപൂർണ്ണമായ ചിരി മണിനാദംപോലെ മുഴങ്ങി. "ഒന്നും ഓർമ്മയില്ലാതെയാണു് ഞാൻ അതു പാടുന്നതു്. എനിക്കു് അതു് ഏററവും പ്രിയപ്പെട്ട പാട്ടാണു്. ഞാൻ അതു് എത്രതവണ പാടികേൾപ്പിച്ചാലും അച്ഛനു മതിവരില്ല. ഈ പാട്ടുമൂലമാണു് അച്ഛൻ എന്നെ 'ഓമന'യെന്നു വിളിക്കുന്നതെന്നാണു് അമ്മ പറയുന്നതു്."

"അച്ഛനുമാത്രമല്ല, എനിക്കും ഓമന ഓമനയാണു്" എന്നു് ഗംഗാധരൻ മന്ദഹാസപൂർവ്വം പറഞ്ഞു.

"അല്ല, അല്ല, ഒരു കാലമല്ല. ഞാൻ അച്ഛൻെറയല്ലാതെ മററാരുടേയും ഓമനയല്ല."

"അതൊക്കെ മാറും; ഓമനയുടെ ഹൃദയം മോഷ്ടിച്ചെടുക്കുന്ന ആ ഭാഗ്യവാൻ അച്ഛനെ പുറത്താക്കാതിരിക്കയില്ല."

"അതിനിടവരാതിരിക്കട്ടെ," എന്നു് ആ യുവതി ചിരിച്ചുകൊണ്ടു പറഞ്ഞു. "അമ്മ പറയാറുള്ളതു്, ഹൃദയം സ്വതന്ത്രമായിരിക്കുന്ന യൗവനകാലത്തെക്കാൾ കാമ്യമായി ജീവിതത്തിൽ മറെറാന്നില്ലെന്നാകുന്നു."

ഓമന അവിടെനിന്നും സാവധാനത്തിൽ നടന്നുപോയി. ഗംഗാധരൻ അവൾ പോകുന്നതും നോക്കിക്കൊണ്ടു നിശ്ചേഷ്ടനായി നിന്നു. അവൻെറ ഹൃദയത്തിൽ അപ്പോൾ തിളച്ചുപൊങ്ങിയ ചിന്തകൾ വിവിധങ്ങളായിരുന്നു. ഓമനയെക്കൂടാതെയുള്ള ജീവിതം ശൂന്യമാണെന്നു് അവനുതോന്നി. ദുഃഖമെന്നതെന്തെന്നു് ഒരിക്കലും അറിയാൻ ഇടവരാത്ത ഒരു ഭാവിജീവിതം അവൾക്കായി അവൻ സങ്കല്പിച്ചുറപ്പിച്ചു. എന്നാൽ അവളുടെ കരം കൊതിക്കുകയോ അവളുടെകാതിൽ പ്രണയഗീതങ്ങൾ ഉരുക്കഴിക്കുകയോ ചെയ്യുന്നതാരായിരുന്നാലും അയാൾ തൻെറ ജന്മശത്രുവായിരിക്കുമെന്നു് അവൻ തീർച്ചയാക്കി. നിഷ്കളങ്കപ്രേമം നിറഞ്ഞ ഒരു ഹൃദയം ഓമനയ്ക്കു സംഭാവന

ചെയ്യുന്നതിനു്, അവളുടെ സൌഭാഗ്യത്തിന്നായി സ്വജീവിതം ബലികഴിക്കുന്നതിനു് തനിക്കല്ലാതെ മററാർക്കും സാദ്ധ്യമാവുകയില്ലെന്നും അവനുതോന്നി. അവളെ ദുഃഖിപ്പിക്കുകയൊ, അവളെ നിരാശപ്പെടുത്തുകയോ ചെയ്യുന്നതിനൊരുമ്പെടുന്ന ഏതൊരു കാമുകനേയും ഒരു കാലത്തും മറക്കാത്ത പാഠം പഠിപ്പിച്ചല്ലാതെ താൻ അടങ്ങുകയില്ലെന്നും അവൻ ആത്മ പ്രതിജ്ഞ ചെയ്തു. പക്ഷെ അതിനൊന്നും ഇടവരികയില്ലെന്നായിരുന്നു അവൻെറ വിശ്വാസം. ഏതാനും ദിവസംകൂടി കഴിയുമ്പോൾ തൻെറ ദൃഢാനുരാഗം അവളെ അറിയിക്കുന്നതിനും അവളുമായുള്ള വിവാഹം ആഘോഷിക്കുന്നതിനും അവൻ തീരുമാനിച്ചിരുന്നു.

iii

അന്നത്തെ സായാഹ്നം ഓമനയുടെ ജീവിതത്തിൽ സ്മരണീയമായ ഒന്നായിരുന്നു. അവൾ അടുത്തുള്ള താമരപ്പൊയ്കയിൽ പോയി കുളിച്ചു മടങ്ങിവരുമ്പോൾ. സ്വന്തം പൂന്തോട്ടത്തിൽനിന്നു ധാരാളം പൂക്കൾ ഇറുത്തെടുത്തിരുന്നു. വല്ല വിധേനയും കെട്ടിവച്ച കുന്തളഭാരത്തിൽ പൂക്കൾ , തിരുകി, വസന്തദേവതയെപ്പോലെ അവൾ വീട്ടിൻെറ പൂമുഖത്തുവന്നുചേർന്നു. യൌവനാരംഭത്താൽ അത്യാകർഷമായിത്തീർന്നിരുന്ന അവളുടെ ആകാരസൂഷമ അപ്പോൾ കാണേണ്ടതുതന്നെയായിരുന്നു.

ഒരു സങ്കോചവും ഒരു പരിഭ്രമവും കൂടാതെയാണു് ഓമന വീട്ടിൽവന്നു കയറിയതു്. എന്നാൽ, പെട്ടെന്നു സങ്കോചവതിയായി പരിഭ്രമിച്ചു് അവൾ നിന്നുപോയി. ഉന്നതകായനായി കോമളനായ, ഒരു യുവാവു് അവളെനോക്കി മന്ദഹസിച്ചുകൊണ്ടു അവിടെ നില്പുണ്ടായിരുന്നു.

„ഇതാരു്? വസന്തദേവതയൊ,?" എന്നു് അയാൾ ചോദിച്ചു..

*   *   *   *

ഏതാനും ദിവസംമുമ്പു് ഒരു കത്തു പുരുഷോത്തമനു കിട്ടിയിരുന്നു. കോളംബത്തു് വ്യവഹരിച്ചിരുന്ന ഒരുവക്കീൽ

ചന്ദ്രശേഖരൻ, താൻ ഡാക്ടരുടെ നിർദ്ദേശപ്രകാരം ശരീരസുഖത്തിന്നായി മൂന്നുനാലുമാസക്കാലം പൂവള്ളിയിൽവന്നു താമസിക്കാനുദ്ദേശിക്കുന്നെന്നും, അന്വേഷണത്തിൽ പുരുഷോത്തമന്റെ ഗൃഹം മാത്രമെ സൗകര്യം തികഞ്ഞുകാണുന്നുള്ളു എന്നും, താൻകൂടി താമസിക്കുന്നതിൽ വിസമ്മതമുള്ളപക്ഷം വിവരം അറിയിക്കണമെന്നും മററും കാണിച്ചു് ഒരു കത്തു് പുരുഷോത്തമന്നു് അയച്ചിരുന്നു.

ഭാർഗ്ഗവി ആ കത്തു് അമ്മയെ വായിച്ചുകേൾപ്പിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞിരുന്നു:—„അമ്മേ, ചന്ദ്രശേഖരനെന്നൊരാളാണു കോളംബത്തു വ്യവഹരിക്കുന്ന വക്കീലന്മാരിൽ പ്രമാണിയെന്നു് ഞങ്ങളുടെ ഗുരുനാഥൻ പറഞ്ഞുകേട്ടിട്ടുണ്ടു്. അദ്ദേഹംതന്നെയായിരിക്കുമോ ഇതെഴുതിയതു്?"

„എന്താ മകളേ; എനിക്കു നിശ്ചയമില്ല. വക്കീലന്മാരുമായി ഒരു ബന്ധവും ഒരിക്കലും ഉണ്ടാകരുതെന്നായിരുന്നു എന്റെ പ്രാർത്ഥന. നമ്മുടെ ജീവരക്തം ഊററിയെടുക്കുന്ന ജളൂകങ്ങളാണു് അവർ".

ഭാർഗ്ഗവി ചിരിച്ചു:—„അമ്മേ, അപ്പോൾ അദ്ദേഹം പ്രായംചെന്ന ആളായിരിക്കണം; അല്ലെ?"

„അതെ, ആയിരിക്കണം."

ഒരു ബി. എൽ. ബിരുദധാരിക്കു ജന്മമരുളാനുള്ള ഭാഗ്യം സിദ്ധിച്ചിട്ടില്ലായിരുന്ന ആ ഗ്രാമത്തിൽ, അങ്ങനെയുള്ളഒരാൾ ഏതാനും മാസക്കാലം താമസമുറപ്പിക്കാൻ നിശ്ചയിച്ചതുതന്നെയും ഒരു വലിയ അത്ഭുതമായിട്ടാണു് എല്ലാവർക്കും തോന്നിയതു്. പിന്നെ, പണംകൊണ്ടു് 'കൈയാളി'ക്കുന്നവരാണു് ഈ വക്കീലന്മാരെന്നു് ധരിച്ചിരുന്ന കല്യാണിയുടെ ഗ്രാമീണഹൃദയം അവരുടെ കൈമുട്ടുകൾക്കു് ഒരു പരിഹാരം ചന്ദ്രശേഖരനിൽകൂടി തെളിഞ്ഞുകാണാതെയും ഇരുന്നില്ല.

ഭാർഗ്ഗവിയുടെ ഉരുണ്ട വലിയ വടിവിലുള്ള ഒരു കത്തായിരുന്നു ചന്ദ്രശേഖരനെ പൂവള്ളിയിലേക്കു സ്വാഗതം ചെയ്തതു്.

എന്നാൽ കൗതുകപൂർവ്വം, സന്തോഷപൂർവ്വം, ആശ്ചര്യപൂർവ്വം ഭാർഗ്ഗവി ആ കത്ത് എഴുതുകയേക്കാൾ ഭേദം അവളുടെപിതാവിൻെറ സകലസ്വത്തും നശിച്ച്, എല്ലാവരും പട്ടിണികിടന്നു മരിച്ചുപോവുകയായിരുന്നു.

*　　　*　　　*　　　*

„ഇതു മാലതി തന്നല്ലെ!" എന്ന് ആ യുവാവ് പറഞ്ഞു.

ഓമന വല്ലാതെ കുഴങ്ങി. അവൾ കുളിക്കാൻകൊണ്ടുപോയി, അപ്പോൾ മാറിൽ കമീഴ്ത്തിപ്പിടിച്ചിരുന്ന കിണ്ണം അവളുടെ കൈയിൽനിന്നു നിലത്തുവീണു. അവളുടെ പരിഭ്രമം വർദ്ധിച്ചു. ആ പെൺകിടാവിൻെറ ഹൃദയം ആശ്ചര്യകരമായ ഒരു നൂതന വികാരത്തിനുവിധേയമാകുംപോലെ തോന്നി. അവളുടെ നയനങ്ങൾ വല്ലാതെ ഇളകിക്കൊണ്ടിരുന്നു; എങ്കിലും, ഇതിനിടയിൽ ഒരു നിമിഷനേരംപോലും അവ ആ യുവാവിൻെറ മുഖത്തുനിന്നു പറിച്ചെടുക്കുക വിഷമമാണെന്നും അവൾക്കു തോന്നി.

ചന്ദ്രശേഖരനെ ഏതൊരു യുവതിയും ഇങ്ങനെ നോക്കിനിൽക്കുന്നതു സൂക്ഷിച്ചുപോകേണ്ടിയിരുന്നു. പ്രഥമദർശനത്തിൽ തന്നെ ഏതൊരു കന്യകയ്ക്കും അനുരാഗം അങ്കുരിക്കത്തക്ക വശീകരണശക്തി ആ മുഖമണ്ഡലത്തിൽ ഒളിച്ചുകിടപ്പുണ്ടായിരുന്നു. ദീപ്തിമത്തും സ്നേഹമസൃണവുമായ നയനങ്ങളും, വിശാലമായ ഫാലദേശവും ഒരു അസാധാരണയുവാവാണ് അയാളെന്ന് പ്രത്യക്ഷമാക്കിയിരുന്നു. സൂര്യരശ്മിയിൽ ഹിമബിന്ദുവെന്നപോലെ അയാളുടെ സ്നേഹാർദ്രമായ നോട്ടത്തിൽ ഓമനയുടെ ഹൃദയം വിലയം പ്രാപിച്ചു.

ഇതെല്ലാം ഏതാനും നിമിഷത്തിനുള്ളിൽ കഴിഞ്ഞു. "ഇതിനുതക്ക അപരാധം ഞാൻ എന്തുചെയ്തു?" എന്ന് ചിരിച്ചുകൊണ്ടു ചന്ദ്രശേഖരൻ ചോദിച്ചു.

അവൾ അതിനുത്തരം പറയാതെ, വീണാരവത്തെക്കാൾ മൃദുവായ സ്വരത്തിൽ, "അങ്ങുതന്നെയല്ലെ വക്കീൽ

ചന്ദ്രശേഖരൻ" എന്നു് ചോദിച്ചുകൊണ്ടു് ധൃതിയിൽ വീട്ടി നുള്ളിൽ കടന്നു.

അവൾപോയി എന്നു കണ്ടു് ഒരു നെടുവീർപ്പോടും മന്ദസ്മിതത്തോടുംകൂടി ആ യുവാവു് ഇങ്ങനെ സ്വയം മന്ത്രിച്ചു:—
"ഇതു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. വിദൂരമായ ഈ കുഗ്രാമത്തിൽ—ഈ കണ്വാശ്രമത്തിൽ—ഈ ശകുന്തള എങ്ങനെ വന്നു?"

രോഗശയ്യയിൽനിന്നു് ചന്ദ്രശേഖരൻ എണീററിട്ടു് അധികദിവസം ആയിരുന്നില്ല. ആ യുവാവിനു ക്ഷീണം നല്ലപോലെ ഉണ്ടായിരുന്നു. എങ്കിലും അതെല്ലാം വിസ്മരിക്കത്തക്കവണ്ണം അതിശക്തമായ ഒരു വികാരവീചി അയാളുടെ ഹൃദയത്തിൽ പെട്ടെന്നുണ്ടായതുപോലെ തോന്നി.

"പാറപ്പുറത്തൊരു ചന്തമേറും പനി—
നീരലരുണ്ടായിതെങ്ങനെയോ!"

എന്നു് മൂളി മൂളി അയാൾ അവിടെ അങ്ങോട്ടും ഇങ്ങോട്ടും സാവധാനത്തിൽ നടന്നു.

ഓമന മുറിക്കകത്തുചെന്നു് അല്പനേരം ചിന്താമഗ്നയായി നിന്നുപോയി. അപ്പോഴേക്കും അമ്മ വിളിക്കുന്നതു് കേട്ടു് അവൾ അവരുടെ അടുക്കൽ ഓടി എത്തി. "കുഞ്ഞേ, ഈ പാലുകൊണ്ടു അദ്ദേഹത്തിനു കൊടുക്കു", എന്നു് അവർ ഓമനയോടു പറഞ്ഞു. ഓമന അല്പം ഒന്നറച്ചു നിന്നിട്ടു് പാൽ വാങ്ങി വീണ്ടും പൂമുഖത്തേക്കു തിരിച്ചു. അപരിചിതനായ ഒരു യുവാവിന്റെ മുൻപിൽ വ്രീളാസംയുതയായി, തൂഷ്ണീംഭാവം കൈക്കൊണ്ടു് അല്പം മുൻപെ നിന്നപോഴത്തിൽ ഉള്ള ലജ്ജമാത്രമേ അവൾക്കു് അപ്പോൾ ഉണ്ടായിരുന്നുള്ളു. അവൾക്കു് ആ സന്ദർഭത്തെക്കുറിച്ചുള്ള സ്മരണ വല്ലാത്ത ആശ്ചര്യം ഉളവാക്കി. അവൾ പാൽക്കിണ്ടി ചന്ദ്രശേഖരന്റെ കൈയിൽ കൊടുത്തിട്ടു മാറിനിന്നു. അവരുടെ കണ്ണുകൾ ആ സമയവും തമ്മിൽ ഇടയുകയും ആ കോമളഗാത്രി കോൾമയിർക്കൊണ്ടു് വീണ്ടും വിവശയാവുകയും ചെയ്തു.

"ഇത്തരം ഒരു ഉപകർത്രിയെ കിട്ടിയതു് എൻെറ ഭാഗ്യംതന്നെ!"

അവൾ മറുപടി പറയാതെ ലജ്ജാസ്മേരവദനയായി നിന്നു. അവളുടെ പുഞ്ചിരി അനാർജ്ജവവും അത്യാകർഷകവുമായി അയാൾക്കു തോന്നി. അവളുമായുള്ള സംഭാഷണം എങ്ങനെ എങ്കിലും ദീർഘിപ്പിക്കണമെന്നുദ്ദേശിച്ചു് അയാൾ പറഞ്ഞു:—"ഈ നാട്ടിലെപ്പോലെ ഇത്ര സമൃദ്ധിയായി പൂക്കൾ മറെറങ്ങും പിടിച്ചു് ഞാൻ കണ്ടിട്ടില്ല."

പൂക്കൾ ഓമനയുടെ ജീവനായിരുന്നു. "നിങ്ങളുടെ നാട്ടിൽ—ഈകാലംബത്തു്—പൂക്കൾ പിടിക്കാറില്ലേ?" എന്നു സ്വന്തം ദിക്കിനെക്കുറിച്ചുള്ള അഭിമാനം വിജൃംഭിച്ചു് അവൾ ചോദിച്ചു.

"ഇല്ല; ഉണ്ടെങ്കിൽതന്നെയും ഇത്ര സമൃദ്ധമായിട്ടില്ല. അവിടത്തെ സുന്ദരികൾക്കു് ആവശ്യമായ പൂവെല്ലാം അടുത്ത ദിക്കുകളിൽനിന്നാണു് വരുന്നതു്."

ഓമന:—"കഷ്ടം! അങ്ങനെവരുന്നപൂക്കളോടു് എനിക്കു വലിയ അനുകമ്പ തോന്നാറുണ്ടു്. പ്രഭാതത്തിൽ പുതുതായി വിടർന്നു പരിമളം തൂകുന്ന ആ നറുസുമങ്ങൾ എന്തുമാത്രം വേദന അനുഭവിച്ചാണു് അവിടെ വന്നുചേരുന്നതു്! ഇവിടെ അടുത്തുള്ള നന്ദാവനത്തിൽനിന്നു് ഒരാൾ എട്ടുപത്തു കൂട നിറയെ പൂക്കൾ പറിച്ച ദിവസവും അറങ്ങോട്ടയക്കുന്നുണ്ടു്. അവയെ കാരാഗൃഹത്തിലടച്ചു കൊല്ലുന്നതിനു കൊണ്ടുപോവുകയാണെന്നു് എനിക്കു പലപ്പോഴും തോന്നാറുണ്ടു്. അവക്കു ജീവനുണ്ടെന്നും, അവ വികാരങ്ങൾക്കു വിധേയങ്ങളാണെന്നും ആണു്—എന്തോ—എൻെറ വിശ്വാസം."

എന്തൊരു സുകുമാരചിന്ത! അവളുടെ മധുരവചഃപ്രസരത്തിൽ അത്ഭുതവും ആനന്ദവും കലർന്നു്, അവളെത്തന്നെ നിർന്നിമേഷനായി നോക്കിക്കൊണ്ടു്, ആ യുവാവു നിന്നുപോയി.

"എൻെറ വിശ്വാസം ശരിയല്ലെന്ന് എനിക്കുതന്നെ അറിയാം. ഒരു പൂവിൻെറ ഇതൾ നിർദ്ദയം പറിച്ചെടുക്കുന്നതു കാണുമ്പോൾ എനിക്ക് വല്ലാത്ത വേദന തോന്നാറുണ്ട്."

ആ യുവാവ് അർത്ഥവത്തായി ചിരിച്ചു. ഓമനയുടെ മുഖപത്മത്തിൽ തുളുമ്പിനിന്ന മുഗ്ദ്ധത അയാളുടെ ഹൃദയത്തെ നിശ്ശേഷം ഹരിച്ചു.

"ഓമനയ്ക്കു് ഒരു പൂന്തോട്ടം ഉണ്ടെന്നു് തോന്നുന്നു?"

"അതെ, പലമാതിരി പൂച്ചെടികൾ ഞാൻ നട്ടുവളർത്തിയിട്ടുണ്ട്."

"വൃക്ഷങ്ങളെയും പക്ഷികളേയും തരുലതാദികളേയുംപററി ഓമനയ്ക്കു് അറിയാൻ പാടില്ലാത്തതായി ഒന്നുമില്ലായിരിക്കും."

"അവയല്ലാതെ മറെറാരുകൂട്ടുകാരും എനിക്കുണ്ടായിരുന്നിട്ടില്ല. മറെറാന്നിനേയുംപററി എനിക്കു ചിന്തിക്കേണ്ടതായും വന്നിട്ടില്ല."

ചന്ദ്രശേഖരൻെറ ചിന്ത പെട്ടെന്നു് അയാളുടെ സ്വദേശമായ കോളംബോത്തേക്കു പാഞ്ഞുപോയി. പുസ്തകമാത്രനായ തൻെറയും, തനിക്കു് പരിചിതകളായ യുവതികളുടേയും, ഈ ഗ്രാമീണകന്യകയുടെയും ജീവിതരീതികൾക്കുള്ള അന്തരം അയാൾ മനസാചിത്രണംചെയ്തു നോക്കുകയായിരുന്നു. ശുഷ്കമായ നിയമശാസ്ത്രഗ്രന്ഥങ്ങൾക്കിടയിൽ തിരോധാനം ചെയ്തുപോയ ഒരു കവിഹൃദയം അയാൾക്കുണ്ടായിരുന്നു. ആ ഗ്രാമീണകന്യകയുടെ വാക്കുകൾ അയാളുടെ ഉള്ളിൽ നിദ്രാണമായിക്കിടന്ന കവിതാബീജങ്ങളെ ഉത്തേജിപ്പിച്ചു.

"കൃത്രിമജീവിതത്തിൽ വിരക്തിവരുന്ന ഒരു കാലം എല്ലാമനുഷ്യരുടെ ജീവിതത്തിലും ഒരിക്കൽ ഉണ്ടാകും. എന്നെ സംബന്ധിച്ചിടത്തോളം ആ സന്ദർഭം സന്നിഹിതമായിക്കഴിഞ്ഞിരിക്കുന്നു," എന്നു് ചന്ദ്രശേഖരൻ സാവധാനത്തിൽ പറഞ്ഞു.

## iv

"ആരാണു് ഓമനസ്സു് ഈ പേരിട്ടതു്? എന്തൊരോമനപ്പേരു്!"

പൂന്തോട്ടത്തിൽ പൂത്തുമറിഞ്ഞ ഒരു പിച്ചിച്ചെടിയുടെ സമീപം ഓമനയും ചന്ദ്രശേഖരനും നില്ക്കുകയായിരുന്നു. ഒരു പ്രാവു് അപ്പോൾ ഓമനയുടെ തോളിൽ പറന്നുവന്നിരുന്നു. അതിനെ പിടിച്ചു് വാത്സല്യപൂർവ്വം താലോടിക്കൊണ്ടും മന്ദഹസിച്ചുകൊണ്ടും അവൾ അയാളുടെ മുഖത്തു് നോക്കി.

ഓമന:—"അതു് അച്ഛൻ എന്നെവിളിക്കുന്ന ഓമനപ്പേരാണു്."

ചന്ദ്ര:—"കൊള്ളാം, അതൊരോമനപ്പേരുതന്നെ. അച്ഛനുമാത്രമേ ആ പേരുവിളിക്കാൻ സ്വാതന്ത്ര്യം ഉള്ളോ? മററാർക്കും ഇങ്ങനെ ഒരു പേരു ഞാൻ കേട്ടിട്ടില്ല. ഓമനയെപ്പോലെ മററാരെയും ഞാൻ കണ്ടിട്ടുമില്ല."

അവളുടെ കവിൾത്തടം ചുവന്നു. ചെറുതായി അവൾ ഒന്നു പരിഭ്രമിച്ചു. അതിനിടയിൽ അവളുടെകൈയ്യിൽ ഇരുന്ന പ്രാവു് പറന്നുപോയി. അതു പോയവഴിയും നോക്കിക്കൊണ്ടു നില്ക്കുകയാണു് പ്രത്യക്ഷത്തിൽ അവൾ ചെയ്തതു്. ചന്ദ്രശേഖരൻ അപ്പോഴേക്കും ഏതാണ്ടു പതിഞ്ഞസ്വരത്തിൽ ഇപ്രകാരം പറഞ്ഞു:—"മനുഷ്യവർഗ്ഗത്തിൽ യുവതികൾ എന്നവിഭാഗത്തിൽപെട്ട എല്ലാ തരക്കാരേയുംപററി ഏതാണ്ടൊക്കെ അറിയാമെന്നായിരുന്നു ഞാൻ ഇതുവരെ കരുതിയതു്. എന്നാൽ ഓമന ആ ജാതിയിൽ ഒന്നിലും പെടുന്നില്ല."

ഓമന ചിരിച്ചു. "അങ്ങനെയോ? ഞാൻഅറിഞ്ഞില്ലല്ലോ."

ചന്ദ്രശേഖരൻ:—അതാണു് വിശേഷം. ഓമനസ്സു ഓമനയെ അറിയാൻ പാടില്ല. എന്നാൽ മിക്കപെൺകിടാങ്ങൾക്കും അവരെപ്പററി നല്ല ബോധം ഉണ്ടു്."

ഇതെല്ലാം അർത്ഥമില്ലാത്ത അലസഭാഷണം ആയിരുന്നു എന്നു് അയാൾക്കറിയാമായിരുന്നു. തൻെറ വിനോദത്തിന്നു് ഇങ്ങനെ ഒരു സുകുമാരവസ്തുവിനെ സംഭാവനചെയ്ത വിധിയോടു് അയാൾ കൃതജ്ഞനായിരുന്നു. വിദൂരമായ ഈ കുഗ്രാമ

ത്തിൽ ഇങ്ങനെ ഒരു പ്രഭാകരന്ദളത്തെ കണ്ടുമുട്ടാമെന്നു് അയാൾ ഒരിക്കലും വിചാരിച്ചിരുന്നില്ല. അനന്യസുലഭമായ ഒരു മനോജ്ഞകുസുമത്തെ ആദ്യമായും അപ്രതീക്ഷിതമായും കാണുന്ന ഒരു സസ്യശാസ്ത്രജ്ഞൻെറ ആശ്ചയ്യവും ആഹ്ലാദവും ആയിരുന്നു ഓമന അയാൾക്കുളവാക്കിയിരുന്നതു്.

„ഓമനയ്ക്കു ഒന്നും ഒരു നിശ്ചയം ഇല്ല. ഉദാഹരണത്തിനു്, ഓമനയുടെ ചുരുണ്ടിരുണ്ട വാർകുന്തളം നാഗരികാംഗനകൾക്കുപോലും അഭ്യസൂയ ഉളവാക്കത്തക്കവണ്ണം അഴകുള്ളതാണെന്നു് ഓമന അറിയുന്നില്ല. ചെന്താമരപ്പൂവുപോലുള്ള ഈ നിറം മററാർക്കും ഞാൻ കണ്ടിട്ടില്ല. അതിമോഹനമായ നക്ഷത്രങ്ങളെക്കാൾ തേജോമയമാണു് ആ നയനങ്ങൾ എന്നും ഓമനഅറിയുന്നില്ല."

ഏതാണ്ടു കുഴങ്ങിയമാതിരിയിൽ ഒരു പുഞ്ചിരിയോടുകൂടി അവൾ പറഞ്ഞു?—„ശരിതന്നെ ഇതൊന്നും ഞാൻ അറിഞ്ഞിരുന്നില്ല. അതുകൊണ്ടെന്താണു്?"

ചന്ദ്രശേഖരൻ:—„ഇനിയെങ്കിലും അറിഞ്ഞിരിക്കണം. ഇവയെല്ലാം ഓമനയ്ക്കു് ദൈവദത്തങ്ങളായ ആയുധങ്ങളാണു്. ഇവകൊണ്ടു് ഓമനയ്ക്കു ലോകം പിടിച്ചടക്കാം."

„എനിക്കു ഒന്നും മനസ്സിലാകുന്നില്ല" എന്നു് പറഞ്ഞു് അവൾ അവിടെനിന്നു് നടന്നു ഒരു പനിനീർചെമ്പകത്തിൻെറ സമീപം ചെന്നു. വിടർന്നുതുടങ്ങിയും വിടരാതെയും നിന്ന പൂമൊട്ടുകളെ ഒന്നൊന്നായി അവൾ എണ്ണിക്കൊണ്ടു നില്ക്കുന്നതിനിടയിൽ ചന്ദ്രശേഖരൻ ചോദിച്ചു:—„പൂക്കളോടെന്താണിത്ര പ്രതിപത്തി?"

ഓമന:—"അവ എൻെറ ജീവനാണു്, അവയാണെൻെറ സഹോദരങ്ങൾ."

ചന്ദ്ര:—„ഓമനയ്ക്കു് എന്തു പ്രായം ആയി?"

അവൾസവ്രീളയായി പറഞ്ഞു:—„പതിനേഴു്."

ചന്ദ്ര:—„ഞാനും അങ്ങിനെതന്നെ ഊഹിച്ചു. ഓമനയുടെ പേരു് എന്തുകൊണ്ടോ എൻെറ ഭാവനാമണ്ഡലത്തിൽ ഗാഢമായി പതിഞ്ഞിരിക്കുന്നു. ഓമന എന്നുപറയുമ്പോൾ തന്നെ അവ്യക്തമായ ഒരാനന്ദസ്ഫുരണം എനിക്കുണ്ടാ

കുന്നു. ഇവിടത്തെ പ്രകൃതിവിലാസങ്ങൾക്ക് അനുരൂപയും യുമായ ഒരു കോമളസൃഷ്ടിയാണ് ഓമന എന്ന് എനിക്ക് തോന്നിപ്പോകുന്നു. ഈ പനിനീർചെമ്പകത്തിന്റെ ചില്ലകളുടെ മൃദുമർമ്മരവും, ചെറുകല്ലോലങ്ങളുടെ കളസ്വനവും, ഓമനയുടെ നാമധേയത്തിൽ ലയിച്ചുകിടക്കുന്നു എന്ന് എനിക്കു തോന്നിപ്പോകുന്നു. ഓമന എന്ന് ഞാൻ പറയുമ്പോൾ എന്റെ ഹൃദയവീണയുടെ കളശിഞ്ജിതം മാത്രമാണത്."

അവൾ കുനിഞ്ഞുനിന്ന് അപ്പോഴും ആ പനിനീർചെമ്പകത്തിലെ പൂക്കളെ പരിശോധിക്കുകയായിരുന്നു, അവൾക്കു അവാച്യമായ ഒരാനന്ദം അയാളുടെ വാക്കുകൾ ഉളവാക്കിയിരുന്നു എന്ന് തീർച്ചയാണ്. അല്ലെങ്കിൽ അവളുടെ കവിൾത്തടം ഇങ്ങനെ പ്രതിനിമിഷം നിറം മാറിക്കൊണ്ടിരിക്കുകയില്ലായിരുന്നു.

ചന്ദ്രശേഖരൻ സുഖവാസത്തിനു പൂവണ്ണൂർ ഗ്രാമത്തിൽ വന്നിട്ട് അന്ന് ഒരാഴ്ച കഴിഞ്ഞിരുന്നു. എന്നാൽ അന്നു മാത്രമേ അയാൾ വീട്ടുവിട്ടു വെളിക്കിറങ്ങിയിരുന്നുള്ളു. അയാളെ ബാധിച്ച വിഷമജ്വരം മൂന്നുമാസംകൊണ്ട് നിശ്ശേഷം തീർന്നെങ്കിലും പിന്നെയും ഒരു മൂന്നുമാസംകൂടി ശരീരത്തിനും മനസ്സിനും വിശ്രമം കൊടുക്കണമെന്ന് ഡാക്ടർ ഉപദേശിച്ചതു മൂലമായിരുന്നു അയാൾ ആ നാട്ടിൻപുറത്തു വന്നു ചേരാൻ ഇടയായത്. പോരെങ്കിൽ പട്ടണങ്ങളിലെ അനുസ്യൂതമായ ശബ്ദകോലാഹലത്തെയും ബഹളത്തെയും ആഡംബരത്തെയും കാൾ, കവിഹൃദയംകൊണ്ട് അനുഗൃഹീതനായിരുന്ന അയാൾ ഇഷ്ടപ്പെട്ടതു് പ്രശാന്തരമണീയമായ ഗ്രാമജീവിതമായിരുന്നു. യാത്രാക്ലേശംമൂലം ഏതാനും ദിവസം കിടക്ക വിട്ടു പുറത്തിറങ്ങുന്നതിനുതന്നെ അയാൾ ഒരുമ്പെട്ടില്ല. എന്നാൽ ജനാലയിൽക്കൂടി ദൂരെ പൂവണ്ണൂർ ഏലാ കണ്ടുകൊണ്ട് ഏകനായി കിടക്കുമ്പോഴും, ഓമനയുടെ പൂന്തോട്ടത്തിലെ പുഷ്പങ്ങളുടെ സൌരഭ്യം കവർന്നെടുത്ത മന്ദമാരുതൻ തഴുകുമ്പോഴും, അടുത്തുള്ള മാന്തോപ്പിൽനിന്ന് പലമാതിരി പക്ഷി

കളുടെ പാട്ടുകേൾക്കുമ്പോഴും അയാൾ പരമാനന്ദം അനുഭവിച്ചിരുന്നു. പോരെങ്കിൽ, ഏതു ശുശ്രൂഷയ്ക്കും എപ്പോഴും സന്നദ്ധയായി സുകുമാരിയായ ഒരു പെൺകിടാവിനെ അപ്രതീക്ഷിതമായി അയാൾ അവിടെ കണ്ടെത്തുകയും ചെയ്തു. രണ്ടു മൂന്നുദിവസത്തിനുള്ളിൽ ഭൂതകാലം മുഴുവൻ വിസ്മൃതമാകത്തക്കവണ്ണം പരമാനന്ദപ്രദമായ ഒരു ചിന്താസരിത്തിൽ അയാൾ ആമഗ്നനായി. അതിനുഹേതു കേവലം ഒരു ഗ്രാമീണകന്യയാണെന്ന് അപ്പോൾ അയാൾ സ്വയം സമ്മതിക്കുമായിരുന്നില്ല. തനിക്ക് അപ്പോഴും അപരിചിതയായ തന്റെ ഉപകർത്രിയുടെ നിഷ്കളങ്കമായി, സ്നേഹപൂർണ്ണമായി, പ്രതിഫലേച്ഛകൂടാതെയുള്ള ശുശ്രൂഷ മറ്റൊരു യുവതിയിൽനിന്ന് അയാൾ പ്രതീക്ഷിച്ചിരുന്നില്ല.

രണ്ടുപേരും മൗനംപൂണ്ടുനിന്നു. ഒടുവിൽ അയാൾ ഇങ്ങനെ പറഞ്ഞു:—"മൂന്നുമാസത്തിനു മുമ്പു ഞാൻ അരോഗദൃഢഗാത്രനായ ഒരു യുവാവായിരുന്നു. എന്നാൽ എന്തൊരു മാററമാണ് ഇതിനിടയിൽ എനിക്കു സംഭവിച്ചിരിക്കുന്നത്.!"

ഓമന:—"ഓ, അതു സാരമില്ല; നാട്ടുംപുറത്തെ പരിശുദ്ധജീവിതം വളരെ വേഗം അങ്ങയെ പൂർവ്വസ്ഥിതിയിലെത്തിക്കും."

ചന്ദ്രു:—"അതു ശരിതന്നെ; ഇപ്പോഴത്തേതിലും സന്തോഷപ്രദമായ ഒരു ജീവിതം ഞാൻ ആശിക്കുന്നില്ല. ഹാ! കോളംബത്തെയും ഇവിടത്തെയും ജീവിതരീതികൾക്ക് എന്തൊരു വ്യത്യാസമാണുള്ളത്!"

അവൾ മന്ദഹസിച്ചുകൊണ്ട് ചോദിച്ചു:—"അങ്ങ് അവിടെ എന്തുചെയ്യുന്നു?"

ആ ചോദ്യം ചോദിച്ച രീതിയും അവളുടെ അപ്പോഴത്തെ ഭാവവും കണ്ട്, അയാൾക്കും മന്ദഹസിക്കാതിരിക്കാൻ കഴിഞ്ഞില്ല.

"ഞാൻ അവിടെ ഒരു വക്കീലാണ്. വിശ്രമിക്കാൻ അവസരം കിട്ടാത്തവണ്ണം എനിക്കു കേസുണ്ട്, വളരെ മുഷി

ഞ്ഞു ഞാൻ ജോലിചെയ്യേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമെ സ്വന്തമായി ഒരു പേരു സമ്പാദിക്കാൻ എനിക്കു കഴിവുണ്ടാകയുള്ളു. അതാണു് എന്റെ ആഗ്രഹം."

ഓമന ചിരിച്ചുകൊണ്ടു് പറഞ്ഞു:—"അതു കൊള്ളാം തനിക്കുള്ളതല്ലാത്ത ശോഭകൊണ്ടു ഒരു വിശേഷവുമില്ല."

ചന്ദ്രു:—"അതേ, അതെനിക്കറിയാം. മററുള്ളവർ സമ്പാദിച്ച ശോഭ നമുക്കു് അഭിമാനകരമായി ഞാൻ ഒരിക്കലും കരുതുകയില്ല. എന്റെ സൃഷ്ടികർത്താവു ഞാൻതന്നെയായിരിക്കും. എന്റെ അവിശ്രമപരിശ്രമംമാത്രമായിരിക്കും എനിക്കാശ്രയമായിരിക്കുക. അതുപോകട്ടെ........ ഈ ദിക്കു് എന്താണു് എനിക്കിത്ര പെട്ടെന്നു സ്വർഗ്ഗതുല്യമായിത്തീർന്നതു്? ഒരു ദേവകന്യക ഇവിടെ ജന്മമെടുത്തതുകൊണ്ടാണൊ?"

അതിന്റെ 'വ്യംഗ്യം' മനസ്സിലാക്കിയൊ അല്ലാതെയൊ ആ യുവതി മറുപടി പറഞ്ഞതിങ്ങനെയായിരുന്നു:—"പക്ഷെ എത്രകാലമാണു് അങ്ങേയ്ക്കു് ഈ ദിക്കു സ്വർഗ്ഗലോകമായിരിക്കുന്നതെന്നു് എനിക്കു സംശയമുണ്ടു്."

ചന്ദ്രശേഖരന്റെമുഖത്തു് ഒരു രക്തരേഖ എന്തുകൊണ്ടോ പ്രത്യക്ഷമായി. അയാൾ എന്തോ ഒന്നു ഗോപനം ചെയ്യാൻ ശ്രമിക്കുംപോലെ ഓമനയ്ക്കുതോന്നി.

"ഹാ! അതോ....ഇല്ല.......ഈ സൂര്യപ്രകാശവും, പൂക്കൾ നിറഞ്ഞ വനപ്രദേശവും, പേരാൽ ചില്ലകളുടെ അനന്തമായ മുളമർമ്മരവും, ഓമനയുടെ പൂന്തോട്ടത്തിൽ ഒളിവിൽ കടന്നു പൂക്കളെ ചുംബിക്കാൻ ശ്രമിക്കുന്ന ഇളം കാററും, ഓമനതന്നെയും എന്റെ ഹൃദയത്തിനു് എന്നുമെന്നും സ്വർഗ്ഗസുഖം പ്രദാനം ചെയ്യാതിരിക്കയില്ല."

അല്പനേരം അയാൾ ചിന്തയിൽ മുഴുകിനിന്നു. അതിൽനിന്നു പെട്ടെന്നുണർന്നപോലെ അയാൾ പറഞ്ഞു:—"ഓമനേ, എന്നെപ്പോലെ ഉൽക്കർഷേച്ഛുക്കളായി വളരെ ചെറുപ്പക്കാർ ഉണ്ടായിരിക്കയില്ല. ഞാൻ ഈ ലോകത്തു് ഒരു പരി

പൂർണ്ണജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവനാണു്. പശ്ചാത്തപിക്കാൻ ഇടവരുമാറു് എന്റെ സമയവും എന്റെ ബുദ്ധിയും വിനിയോഗിക്കാൻ ഒരിക്കലും ഞാൻ ഒരുമ്പെട്ടിട്ടില്ല. എന്റെ "പേരും പെരുമ"യും ഭാവിതലമുറകൾ കൃതജ്ഞതയോടെ അനുസ്മരിക്കണമെന്നതാണു് ഒരു പക്ഷെ എന്റെ ജീവിതോദ്ദേശ്യം. അതു കൊള്ളരുതാത്ത ഒരു ആഗ്രഹമാണോ?"

ഓമന ഏതാണ്ടു് ആശ്ചര്യപൂർവ്വം, അവളുടെ മനോഹരമായ ശിരസ്സു് ഉന്നമിപ്പിച്ചു്, മന്ദഹാസത്തോടെ ചോദിച്ചു:—"അങ്ങയുടെ ആഗ്രഹങ്ങളുടേയും അഭിനിവേശങ്ങളുടേയും പരമാവധി അതാണോ?"

അവളുടെ പൂക്കൂട അപ്പോഴേക്കും നിറഞ്ഞുകഴിഞ്ഞിരുന്നു. പിന്നെയും അവിടെ നിൽക്കേണ്ട കാര്യമൊന്നും അവൾക്കുണ്ടായിരുന്നില്ല. എങ്കിലും അതിസൂക്ഷ്മമായ ഒരു അയസ്കാന്തശക്തിയാൽ ആകൃഷ്ടയായിട്ടെന്നപോലെ, കോമളനായ ആ യുവാവിന്റെ മുഖത്തു നോക്കിക്കൊണ്ടു് അവൾ നിശ്ചേഷ്ടയായി നിന്നുപോയി. ഒരു ആത്മസംക്ഷോഭം അകാരണമായി രണ്ടുപേരെയും ബാധിച്ചു........

എന്തെങ്കിലും പറയണമല്ലൊ എന്നു കരുതി ആ യുവാവു ചോദിച്ചു:—"എന്താണു് ഓമനയുടെ ജീവിതോദ്ദേശ്യം?"

ഓമന:—"ഞാൻ അതിനെപ്പററി ചിന്തിച്ചിട്ടുതന്നെയില്ല. എന്റെ ജീവിതം ആരംഭിക്കുവാനിരിക്കുന്നതേയുള്ളു."

ആ വാക്കുകൾ പൂവണ്ണുരേലായിൽനിന്നു് അപ്പോൾ ഊതിയ മന്ദപവനനിൽ അലിഞ്ഞു്, ദൂരെ വൃക്ഷവല്ലരികൾക്കും പുഷ്പങ്ങൾക്കും പക്ഷികൾക്കും ഇടയിൽചെന്നു ലയിച്ചു. ദുഃഖത്തിന്റെ ഒരു നേരിയ നിഴൽ അവിടെ വ്യാപിക്കുന്നതായി അയാൾ വിഭാവനചെയ്തു.

"എന്റെ ജീവിതം ആരംഭിക്കുവാനിരിക്കുന്നതേയുള്ളു!" എത്രപേരാണു് ജീവിതസമുദ്രത്തിന്റെ തീരത്തു് ആ ആരംഭവും പ്രതീക്ഷിച്ചു് കൌതുകപൂർവ്വം നിന്നിട്ടുള്ളതു്!! എന്തൊ

ക്കെയാണു ജീവിതത്തിൽ സംഭവിക്കാൻ പോകുന്നതെന്നറിയാതെ, ആശയോടും ആശംകയോടും, അവ്യക്തമധുരമായ സ്വപ്നങ്ങളോടുംകൂടി ഉള്ള ആ പ്രതീക്ഷ! അഹോ! ഓമന അപ്പോൾ ആ സന്ദർഭം പ്രതീക്ഷിക്കയായിരുന്നു. എന്നാൽ അതിനെത്രയോ മുമ്പുതന്നെ, വിധി അവളെനോക്കി വികൃതമന്ദഹാസം തൂകുന്നുണ്ടായിരുന്നു! അവളെ സംബന്ധിച്ചിടത്തോളം മുള്ളിനുള്ളിൽ മാത്രമായിരുന്നു മലർക്കുല സ്ഫുടിച്ചുവന്നതു്.

പിന്നെയും അല്പനേരം നിശ്ശബ്ദത. "ഞാൻ ഓമനയെ വേണ്ടതിലധികം മുഷിപ്പിച്ചിരിക്കും; ഈ പുരുഷന്മാർ എന്തു സ്വാർത്ഥന്മാരാണു്! ഈ സമയമെല്ലാം ഞാൻ എന്നെക്കുറിച്ചു മാത്രം സംസാരിക്കയായിരുന്നല്ലൊ."

ഓമന:—"അങ്ങനെയായിരുന്നെങ്കിൽതന്നെയും എനിക്കതിൽ സന്തോഷമേയുള്ളു. അങ്ങയെ ഈ ജീവിതകാലം മുഴുവനും ഞാൻ അടുത്തറിഞ്ഞിരുന്നു എന്നു് തോന്നിപ്പോകുന്നു."

അഴ്ച ഒന്നുകഴിഞ്ഞു. ദിവസങ്ങൾക്കു പ്രകാശം വർദ്ധിച്ചുവന്നു. അതിവൃഷ്ടിമൂലം ഒരു നെന്മണിപോലും കിട്ടുകയില്ലെന്നു് നിരാശപ്പെട്ട കർഷകർ ഏതാണ്ടു് സന്തോഷപൂർവ്വം കൊയിത്തിനിറങ്ങി. പൂവണ്ണൂരേലായിലെ ചുറുചുറുക്കാന്ന കൊയിത്തും, കററകെട്ടും, 'പിടിത്താൾ' പെറുക്കലും, കോലാഹലവും ഉറങ്ങിക്കിടന്ന ആ ഗ്രാമത്തെ ഉത്സാഹഭരിതമാക്കിത്തീർത്തു.

ചന്ദ്രശേഖരൻ ഈ കാഴ്ചകൾ കണ്ടുകൊണ്ടു് അന്നത്തെ പ്രഭാതത്തിലെ പ്രസന്നതപോലെ പൂമുഖത്തിരിക്കയായിരുന്നു. പെട്ടെന്നു ബാലാർക്കന്റെ ഒരു ചെറുരശ്മി പൊട്ടിവന്നപോലെ, സുകുമാരിയായ ഓമന, ഒരു കൈയിൽ അപ്പോൾ ഇറുത്തെടുത്ത ഒരു വലിയ റോസാപ്പുഷ്പവും മററെകൈയിൽ ഒരു വെള്ളിപാൽപാത്രവുമായി അവിടെ കയറിവന്നു.

"അങ്ങേ പാൽ കുടിച്ചില്ലെന്നു് അമ്മ പറഞ്ഞു. പാൽ ഇതാ," എന്നു് അവൾ സസ്മിതം പറഞ്ഞു. തന്റെ നോട്ടം ആ യുവതിയുടെ മുഖത്തു് തറച്ചുനില്ക്കുംപോലെ തോന്നുകയാൽ ലജ്ജിച്ചു് അല്പമൊന്നു പരുങ്ങി ചന്ദ്രശേഖരൻ അതു വാങ്ങി.

"ഓമന എന്തുചെയ്യാൻ പോകുകയാണു്?"

ഓമന:—"ഞാനോ? ഇന്നെനിക്കു് ധാരാളം ജോലിയുണ്ടു്. കൊയ്ത്തുകാലമായാൽപിന്നെ, ജോലിത്തിരക്കു തന്നെ. പോരെങ്കിൽ ഞങ്ങളുടെ തോട്ടത്തിൽമധുരനാരങ്ങയെല്ലാം വിളഞ്ഞു് 'ചെമ്പുറം' കൊള്ളാറായി. അതു പറിച്ചെടുക്കാനാണു ഞാനിപ്പോൾ പോകുന്നതു്."

ചന്ദ്ര:—"ഓമനയ്ക്കു് അതു വളരെ യോജിച്ച ജോലിതന്നെ. ഞാൻ കൂടി വരട്ടെ സഹായിക്കാൻ?"

"അങ്ങേയുടെകൈയിൽ മുള്ളുകൊള്ളുമല്ലോ," എന്നു് അവൾ ചിരിച്ചുകൊണ്ടു് പറഞ്ഞു.

ചന്ദ്ര:—അതിനുവേണ്ട സഹനശക്തി എനിക്കുണ്ടു്. വൃക്ഷങ്ങളും പഴങ്ങളും ഇറുക്കുന്ന ആ കരാംഗുലികൾ ഞാൻ ഒന്നു കാണട്ടെ."

ഓമന കൈയ്യ് നീട്ടികാണിച്ചു. അവളുടെ ഉള്ളംകൈയ് തണ്ടാർക്കടംപോലെ ശോഭിച്ചിരുന്നു. അതുകണ്ടു് എന്തോ സ്മരണയുണ്ടാകയാൽ വിവൎണ്ണനായി നിശ്ചേഷ്ടനായി അയാൾ നിന്നുപോയി. "കഷ്ടം! ഈ ഗ്രാമീണ കുസുമത്തിന്റെ സൗരഭിലത ഇങ്ങനെ വനവായുവിൽ ലയിച്ചുപോകുന്നല്ലോ," എന്നു് അയാൾ വിഷാദിച്ചു.

ചന്ദ്ര:—"ഓമനയുടെ ഈ കുരുന്നുവിരലുകളെ വേദനിപ്പിക്കാത്ത മുള്ളു് എന്നെ എങ്ങനെയാണു് വേദനിപ്പിക്കുന്നതു്? എന്തായാലും ഞാനും വരുന്നു; എനിക്കു് ഒരു കത്തെഴുതാനുണ്ടു്; പിന്നീടു ഞാൻ വരാം. ഓമന മധുരനാരകങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ളതെവിടെയാണു്?"

ഓമന:—"പാടത്തിന്റെ കരയ്ക്കു ഞങ്ങളുടെ തോപ്പിന്റെ തെക്കേ അററത്തു്."

ഓമന ചിരിച്ചുകൊണ്ടു് അകത്തേക്കു പോയി. അക്ഷമനെന്നോണം ചന്ദ്രശേഖരൻ കത്തെഴുതാൻ ആരംഭിച്ചു; എന്നാൽ, ആ വെളുത്ത കടലാസിൽനിന്നു് ഒരു ജോടി ശ്യാമളനയനങ്ങൾ അയാളെ നോക്കി മന്ദഹസിക്കയും, ഒരു മധുരസ്വനം അയാളുടെ കാതുകളിൽ മുഴങ്ങുകയും ചെയ്തിരുന്നു. മഷിയുംപേനയും മോശമായിരുന്നതിനാൽ അയാൾ എഴുത്തു പെട്ടെന്നു നിറുത്തി. "എന്താണെഴുതേണ്ടതു്? ഒന്നുമില്ലെന്നു് തോന്നുന്നു. മാലതി അക്ഷമയാകാൻ കാലമായില്ല," എന്നു് സ്വയം മന്ത്രിച്ചുകൊണ്ടു് അയാൾ എണീററു.

അയാൾ ഉടുപ്പുകൾ മാറി വേഗംതന്നെ തോട്ടത്തിലേക്കു തിരിച്ചു. മധുരനാരകങ്ങൾക്കിടയിൽ മൂളിപ്പാട്ടുംപാടി പഴങ്ങൾ ഇറുക്കുന്ന ഓമനയെ ദൂരെനിന്നുതന്നെ അയാൾ കണ്ടു.

"നാമിങ്ങറിയുവതല്പം—എല്ലാം-
മോമനേ, ദേവസങ്കല്പം"

എന്ന, അവൾക്കു പ്രിയതരമായ ആ പാട്ടു് അതിനു മുമ്പു് അവൾ ചൊല്ലി പലപ്പോഴും കേട്ടിരുന്നു എങ്കിലും അയാൾക്കു ഒരിക്കലും അതിൽ ഒരു അലംഭാവം തോന്നിയിരുന്നില്ല. എപ്പോഴും ഒരു പുതുമതോന്നത്തക്കവണ്ണം അതു അയാൾക്കും അതിഹൃദ്യമായിതീർന്നിരുന്നു.

"പക്ഷികളെ പാട്ടുകൊണ്ടെന്നപോലെ ഓമനയേയും ഈ പാട്ടുകൊണ്ടു തിരിച്ചറിയാം."

മുഖത്തു പരിസ്ഫുരിച്ച പുഞ്ചിരി ഗോപനംചെയ്യാൻ ശ്രമിച്ചുകൊണ്ടും, ആ യുവാവിനെ തിരിഞ്ഞുനോക്കാതേയും ഓമന പറഞ്ഞു:—"ഈ പാട്ടു എൻെറ ജീവനാണു്."

യുവാവും സുമുഖനും പ്രസിദ്ധനും, കോളംബത്തെ കലീനകുടുംബങ്ങളിലൊന്നിലെ അവധിയില്ലാത്ത സ്വത്തുകൾക്കു് ഏകാവകാശിയും ആയ വക്കീൽ ചന്ദ്രശേഖരൻ സുന്ദരിയായ ഒരു പെൺകിടാവിൻെറ 'കൈയാളു'യി കേവലം ഒരു ഗ്രാമീണനെപ്പോലെ പഴങ്ങൾ പറിച്ചു കൂട

യിലാക്കുന്നതു വിനോദകരമായ ഒരു കാഴ്ചതന്നെ ആയിരുന്നു. ഒന്നുരണ്ടുതവണ ആ കാര്യം ഓർമ്മിച്ച് അയാൾ ശ്രദ്ധമായി മന്ദഹസിച്ചു. തൻെറ ജീവിതത്തിൽ അനനുഭൂതമായ പരമാനന്ദങ്ങളും വ്യാമോഹങ്ങളും ഉളവാക്കുന്ന ഒരു മനോജ്ഞകാവ്യമായി സകലതും അയാൾക്കു തോന്നി. വിസ്തീർണ്ണമായ പൂവണ്ണുരേലായും, ആമ്പലും താമരയും നിറഞ്ഞ 'തലച്ചിറ' യിൽനിന്നു പാടങ്ങളുടെ ജീവനാഡിപോലെ വളഞ്ഞൊഴുകിയ പുഴയും, ഇലകൾ ഇടതൂർന്നു വളർന്ന ഭൂരുഹങ്ങളും, ഓമനയുടെ സാന്നിദ്ധ്യത്തിൽ ആ യുവാവിൻെറ ഹൃദയത്തിൽ ലാവണ്യപൂരം പൊഴിച്ചിരുന്നു.

"ഹാ! ജീവിതക്ലേശങ്ങൾ ഇനിയും അനുഭവിച്ചു തുടങ്ങിയിട്ടില്ലാത്ത ഒരു ബാലനാണ് ഞാനെന്ന് എനിക്കു തോന്നിപ്പോകുന്നു", എന്നു ചന്ദ്രശേഖരൻ പറഞ്ഞു.

അതേ, അവർ ആ മധുരനാരകത്തോട്ടത്തിൽ, ദുഃഖമെന്നതെന്തെന്നറിയാത്ത ബാലികാബാലന്മാരെപ്പോലെ, ഉന്മദമരുളുന്ന മന്ദസ്മിതങ്ങൾക്കും മധുരഭാഷണങ്ങൾക്കും മദ്ധ്യേ അല്പാൽ കഴിഞ്ഞുകൂടുകയായിരുന്നു. അതുകൊണ്ടായിരുന്നിരിക്കാം സുന്ദരിയായ ഒരുയുവതിയുടെ 'ആഭ്യന്തരജീവിത'ത്തിൽ ആദ്യമായി അയാൾക്ക് എന്തെന്നില്ലാത്ത ഒരു കൗതുകം ഉളവായതും. സുശീലയും ആർജ്ജവബുദ്ധിയും ലാവണ്യവതിയുമായ ഒരു ഗ്രാമീണകന്യയുടെ പൂമൊട്ടുപോലെ പതുക്കെ വികസ്വരമാകുന്ന ഹൃദയം അയാൾക്ക് ഒരുപ്രകാരത്തിൽ ഒരു 'വെളിപാടു' തന്നെയായിരുന്നു. ആ യുവാവ് അവളുടെ സൗന്ദര്യപ്രവാഹത്തിൽ നിശ്ശേഷം നിമഗ്നനായി. എങ്ങോട്ടെന്നില്ലാതെ നോക്കിനിൽക്കെ, പെട്ടെന്ന് "ഓമനേ," എന്നൊരു ശബ്ദം സുസ്പഷ്ടം കേൾക്കായി. പ്രണയം തുളുമ്പിനിന്ന ആ സംബോധനകേട്ട്, ചന്ദ്രശേഖരൻ തിരിഞ്ഞുനോക്കി. "ഇതെന്താണോമനേ? ലോകംമുഴുവനും നീ മറന്നപോലെ തോന്നുന്നുവല്ലോ?" എന്ന് വീണ്ടും, വൃക്ഷച്ഛായകൾക്കിടയിൽനിന്ന് ആരോ മുളളുവാക്കു പറയുംപോലെ തോന്നി.

ഒരു ഇളമാവിന്റെ കൊമ്പിൽപിടിച്ചു്, അതിന്റെ ഒരു തളിർ പൊട്ടിച്ചെടുത്തു്, അതു് കടിച്ചു കടിച്ചു ഗംഗാധരൻ നിന്നിരുന്നു. "അതേ, ഞാൻ സ്വർലോകം സ്വപ്നം കാണുകയാണു്", എന്നു് വിനോദസ്വരത്തിൽ മറുപടി പറഞ്ഞുകൊണ്ടു് അവൾ തിരിഞ്ഞുനോക്കി. വിശേഷിച്ചു് ഒരു അർത്ഥവും കൂടാതെ പറഞ്ഞ ആ വാചകം ഗംഗാധരന്റെ നെറ്റിയിൽ ചുളിവുണ്ടാക്കുന്നതുകണ്ടു് അവൾ അമ്പരന്നുപോയി. അവൾ ലജ്ജിതയായപോലെ, നമ്രമുഖിയായി, പെരുവിരൽകൊണ്ടു നിലത്തുവരച്ചുനിന്നു; കഴിഞ്ഞ കൊല്ലം ചന്ദ്രശേഖരനുപകരം ഗംഗാധരനായിരുന്നു അന്നത്തെ "കോമളകൃത്യത്തിൽ തന്നെ സഹായിച്ചതെന്നു ഒരു പക്ഷെ അവൾ സ്മരിക്കുകയായിരുന്നിരിക്കാം.

ചന്ദ്രശേഖരനെ അടിമുടിനോക്കിക്കൊണ്ടു്, ഗംഗാധരൻ അല്പനേരം നിന്നു. ഒരു അവകാശവുമില്ലാത്ത ഒരു പവിത്രക്ഷേത്രസങ്കേതത്തിൽ ചന്ദ്രശേഖരൻ പ്രവേശിച്ചിരിക്കുന്നു എന്ന മട്ടിലാണു് ഗംഗാധരൻ അയാളെ നോക്കിനിന്നതു്. ഗംഗാധരൻ പ്രതിബോധവാനായപ്പോഴേക്കും, അസൂയാഗ്നിയുടെ അസഹനീയമായ ഒരു സ്ഫുലിംഗം അവന്റെ ഹൃദയത്തിൽ എവിടെനിന്നോ എരിഞ്ഞുവീണിരുന്നു; അതോടെ, അവ്യക്തമായ ഒരു ഭീതിയും! "ആരാണിതു്? ഇതാണോ ആ വക്കീൽ ചന്ദ്രശേഖരൻ?" എന്ന ആത്മഗതത്തോടുകൂടി അവൻ അടുത്തുചെന്നു.

ഓമന വല്ലാതെ പരിഭ്രമിച്ചു. അവൾ ചന്ദ്രശേഖരനോടായി പറഞ്ഞു:—"അങ്ങു് ഗംഗാധരനെ അറികയില്ലായിരിക്കും. ഞങ്ങൾ വലിയ ചങ്ങാതികളാണു്."

"കാമിനീ കാമുകന്മാരും" എന്നു് ചന്ദ്രശേഖരൻ ആ ആശയത്തെ മനസാ പൂർത്തിയാക്കി—അങ്ങനെയായിരുന്നു അയാളുടെ അപ്പോഴത്തെ മുഖഭാവം പ്രത്യക്ഷമാക്കിയതു്.

സവ്രീളയായി മന്ദഹസിച്ച ഭാർഗ്ഗവിയെ ചന്ദ്രശേഖരൻ അമേയമായ ഒരു ആശ്ചര്യരസത്തോടും, ഗംഗാധരൻ അക്രീ

തദാസ്വഭാവത്തോടും നിന്നിമേഷം നോക്കിനിന്നു. അതേസമയം, തൻെറ ഭാവിവധുവിൻെറ ഹൃദയസാമ്രാജ്യം പിടിച്ചടക്കാൻ സന്നദ്ധനായ സമത്ഥസേനാനിയുടെ ഭാവചേഷ്ടകൾ ക്രൂരനാരാചങ്ങൾപോലെ ഗംഗാധരൻെറ ഉള്ളിൽ തുളഞ്ഞു കയറാതേയും ഇരുന്നില്ല.

"എൻെറ സഹായം ഓമനയ്ക്കാവശ്യമുണ്ടോ?" എന്നു് അലക്ഷ്യമായി ഗംഗാധരൻ ചോദിച്ചു. ആരുടെയെങ്കിലും സഹായം അവൾക്കു് ആവശ്യമുണ്ടെങ്കിൽ അതു തൻേറതു മാത്രമാണെന്ന മട്ടിലായിരുന്നു ഗംഗാധരൻ അങ്ങനെ ചോദിച്ചതെന്നു് ചന്ദ്രശേഖരനു തോന്നി.

"ഇല്ല, പഴക്കാറായ മധുരനാരങ്ങയെല്ലാം ഞങ്ങൾ പറിച്ചുകഴിഞ്ഞു; ഇനി ഞങ്ങൾ പോകയാണു്," എന്നു് അവൾ മറുപടി പറഞ്ഞു. 'ഞങ്ങൾ' എന്ന ആ ചെറിയ പദം ഗംഗാധരൻെറ മുഖത്തു് ഒരു കാളിമ വ്യാപിപ്പിച്ചു.

"എന്നാൽ 'കൂട' ഞാൻ എടുത്തുകൊള്ളാം", എന്നു് പറഞ്ഞു് അവൻ അതു ചെന്നെടുത്തു.

"അതാ, ഓമനേ, ധീരോദാത്തന്മാരുടെ കാലം അവസാനിച്ചിട്ടില്ല." ചന്ദ്രശേഖരൻ പരിഹാസം കലത്തി ഗംഗാധരനെ ഒന്നു നോക്കിക്കൊണ്ടു പറഞ്ഞു.

"എന്തു്? ഈ മനുഷ്യനും 'ഓമനേ'യെന്നോ?" എന്ന അസുഖചിന്തയോടുകൂടി ആ നിറഞ്ഞ കൂട വല്ലവിധേനയും എടുത്തു ഗംഗാധരൻ പൂവള്ളിയിലേക്കു നടന്നു.

പാവപ്പെട്ട ആ ചെറുപ്പക്കാരൻെറ ഹൃദയം അപ്പോൾ വിങ്ങുകയായിരുന്നു. അവൻ ഓമനയെ ആത്മാർത്ഥമായി സ്നേഹിച്ചു; മറെറാരാൾക്കു് അവളെ സംബന്ധിച്ചേടത്തോളം അവകാശം പറയാൻ ഒരധികാരവും ഒരിക്കലുമില്ലെന്നായിരുന്നു അവൻെറ പൂർണ്ണവിശ്വാസം. ഏഴെട്ടുദിവസംമാത്രമേ അയാൾ പൂവണ്ണൂർ ഇല്ലായിരുന്നുള്ളു. അതിനിടയിൽ ഇതാ ഇപ്പോൾ, താൻ കണ്ടിട്ടുള്ളതിൽ ഏററവും സുമുഖനും, വിദ്യാസമ്പന്നനും ആയ ഒരു പുരുഷൻ, കണ്ടകശനിയെ

ള്ളപോലെ, തന്റെ ജീവിതചക്രവാളത്തിൽ പ്രാദുർഭവിച്ചിരിക്കുന്നു; സ്നേഹമായ ഒരു വേദന ഹൃദയത്തെ കാർന്നു മുറിക്കുംപോലെ അവനുതോന്നി.

വെട്ടെന്നു് അവൻ തിരിഞ്ഞുനിന്നു് ഓമനയെ നോക്കി. ചന്ദ്രശേഖരനെ അപ്പോൾ അവളുടെ സമീപം കണ്ടിരുന്നില്ല. അയാൾ അകലെ പുഴവക്കത്തു കാട്ടുചെടികൾക്കിടയിൽക്കൂടി നടന്നുപോകുന്നതു് അവൻ കണ്ടു.

"ഓമനേ, ആ അരളിയുടെയും അശോകത്തിന്റെയും തൈയ്കൾ ഞാൻ കൊണ്ടുവന്നിട്ടുണ്ടു്. പക്ഷെ, അവയൊന്നും ഓമനക്കിപ്പോൾ ആവശ്യമില്ലായിരിക്കും", എന്നു് പരിഭവത്തിൽ ഗംഗാധരൻ പറഞ്ഞു.

അവളുടെ നീലനയനങ്ങൾ ആശ്ചര്യംകൊണ്ടു് വികസിച്ചു:—"എന്താണു് ഗംഗാധരാ, എനിക്കിപ്പോൾ ആവശ്യമില്ലെന്നോ? എത്രനാളായി ഞാൻ കൊതിക്കുന്നു അവക്കായി."

"ഞാൻ കൊണ്ടുവന്നു് ഓമനയുടെ തോട്ടത്തിൽ വച്ചിരിക്കുന്നു" എന്നു് അപ്പോഴും വിരസമായി അവൻ മറുപടി പറഞ്ഞു.

ഓമന:—"എന്നാൽ വരൂ. നമുക്കു നേരെ അങ്ങോട്ടു പോകാം. അവ നടുന്നതിനു ഗംഗാധരൻ എന്നെ സഹായിക്കയില്ലേ?"

അവളുടെ അപ്പോഴത്തെ നിഷ്കപടമായ നോട്ടവും, ഹൃദയാവർജ്ജകമായ മന്ദഹാസവും ഗംഗാധരനെ വല്ലാതെ കുഴക്കി.

ഓമന ആ അശോകത്തൈയു് നട്ടു് അതു നനച്ചുകൊണ്ടു നില്ക്കുമ്പോൾ, അവൾ പരിഭ്രമിച്ചുപോകുമാറു് ഗംഗാധരൻ പരുഷമായി പറഞ്ഞു:—"ഓമനേ, അയാൾ വലിയ അഹംഭാവിയാണു്."

"ആരു്? ആരാണു്?" എന്നു് അല്പമൊന്നുപതറിയ സ്വരത്തിൽ അവൾ ചോദിച്ചു.

"ഓമനയുടെ പുതിയ ചങ്ങാതി."

"എന്റെയൊ?"

"അതേ; അയാളുടെമട്ടും ഭാവവും! ഹോ, എന്തൊരു തണ്ടാണെന്നു്!"

ഓമനയുടെ പുരികക്കൊടി വളഞ്ഞൊടിഞ്ഞു. മുഖം ചുവന്നു:—"എന്താണു ഗംഗാധരാ, മാന്യന്മാരെ മനഃപൂർവ്വം അധിക്ഷേപിക്കുന്നതു്? അദ്ദേഹം എത്ര മാന്യമായിട്ടാണു് എന്നോടു പെരുമാറുന്നതു്!"

"മാന്യൻ! പട്ടണത്തിലെ ദുഷിച്ച ജീവിതത്തിൽനിന്നു് അല്പകാലം വിരമിച്ചു വിശ്രമിക്കാൻ നാട്ടുംപുറത്തിറങ്ങുന്ന ഈ പണക്കാരായ ചെറുപ്പക്കാരെ ഓമനയ്ക്കറിഞ്ഞുകൂട"

അടക്കാൻ സാഹസപ്പെട്ട ഏതോ വികാരംമൂലം ഗംഗാധരന്റെ ചുണ്ടുകൾ അപ്പോൾ വിറകൊണ്ടിരുന്നു. അതിന്റെ അർത്ഥം ഓമനയ്ക്കു മനസ്സിലായില്ല. സുശീലനും ശാന്തനുമായി സാധാരണ കാണപ്പെട്ടിരുന്ന ഗംഗാധരനിൽ ഈ ഭാവഭേദം പെട്ടെന്നുണ്ടായതു് എന്തുകൊണ്ടാണെന്നു് അനുരാഗത്തെയോ, അതിൽനിന്നുളവാകുന്ന അസൂയയേയോ പററി വ്യക്തമായ ഒരു ബോധവും അതുവരെ ഉണ്ടാകാതിരുന്ന ആ യുവതിക്കു മനസ്സിലായില്ല. ഗംഗാധരന്റെ ഈ പരുഷവാക്കുകൾക്കു ഹേതുവെന്തെന്നു് ചോദ്യംചെയ്യുംപോലെയും, ഹേതു എന്തായാലും തനിക്കു രസിച്ചില്ലെന്നു പ്രത്യക്ഷമാക്കിയും അവൾ അവനെ ഒന്നു തുറിച്ചുനോക്കി.

ക്ഷമായാചനം ചെയ്യുംപോലെ അവൻ പറഞ്ഞു:—"ഓമനേ, എനിക്കു് തെററിപ്പോയിരിക്കും. അദ്ദേഹം ഒരു പക്ഷേ മാന്യനാണെന്നതന്നെയിരിക്കട്ടെ."

"അതായതു്, ഗംഗാധരനു് മാന്യന്മാരെ തിരിച്ചറിഞ്ഞുകൂടാ എന്നോ? അതിനാദ്യമായി മാന്യത്വം എന്നതെന്തെന്നു് ഗംഗാധരൻതന്നെ മനസ്സിലാക്കണം." ഭാർഗ്ഗവിയുടെ മുഖം ചെന്താമരപോലെ ചുവന്നിരുന്നു. അല്പനേരം അവൾ പിന്നെ ഒന്നും പറഞ്ഞില്ല.

"എനിക്കു തോന്നുന്നു, ഗംഗാധരനു് അശോകത്തെയും അരളിയെയും കുറിച്ചു് അറിയാവുന്നതിന്റെ ഒരു സഹസ്രാംശംപോലും മനുഷ്യസ്വഭാവത്തെ കുറിച്ചു് നിശ്ചയമില്ലെന്നു്."

അപരാധം ചെയ്ത ഒരു ബാലനെപ്പോലെ വിഷണ്ണനായി, ഗംഗാധരൻ ഒരക്ഷരം മറുപടി പറയാതെ അവിടെനിന്നു പോയി.

## VI

ചന്ദ്രശേഖരൻ പൂവള്ളിയിൽ വന്നിട്ടു മാസം രണ്ടിൽ പരമായി. അതിനിടയിൽ ആശ്ചര്യകരമായ പരിവർത്തനം അയാളുടെ ജീവിതഗതിക്കു സംഭവിച്ചുകഴിഞ്ഞിരുന്നു. അയാളുടെ ഹൃദയസാമ്രാജ്യത്തിൽ ഓമന മഹാറാണിയായിത്തീർന്നതു്—ഹൃദയചഷകം പ്രേമമധുകൊണ്ടു നിറച്ചതു്—എങ്ങനെയെന്നും എപ്പോഴെന്നും അയാൾ അറിഞ്ഞില്ല. അയാളുടെ ജീവിതത്തിൽ യുവതികൾക്കു് പറയത്തക്ക ഒരു സ്ഥാനവും സിദ്ധിച്ചിട്ടില്ലായിരുന്നു. ശരിതന്നെയായിരുന്നു, അയാൾ മാലതിയെ, ആ കുബേരസുന്ദരിയെ, വിവാഹം ചെയ്യാൻ തീരുമാനിച്ചിരുന്നതു്. ഉൽക്കർഷേച്ഛുവും സമർത്ഥനുമായ ഏതൊരു യുവാവും ഇലഞ്ഞിക്കലെ മാലതിയുടെ കരം കൊതിക്കുകതന്നെ ചെയ്യുമായിരുന്നു.

സംശയമില്ല, സകലർക്കും തോന്നിയിരുന്നു, മാലതീചന്ദ്രശേഖരന്മാരെക്കാൾ അനുരൂപരായ ദമ്പതികൾ വേറെ ഉണ്ടായിരിക്കയില്ലെന്നു്. എന്നാൽ അവരുടെ വിവാഹനിശ്ചയത്തിനു പരസ്പരാനുരാഗം ഒരു ഘടകമായിരുന്നൊ എന്നു് സംശയമാണു്. ചന്ദ്രശേഖരന്റെ അമ്മാവൻ, ആജ്ഞാലംഘനം എന്തെന്നറിഞ്ഞിട്ടില്ലാത്ത ഒരു 'ഉഗ്രൻ കഴക്കൂട്ടത്തു പിള്ള,' വധുവിനെ നിശ്ചയിച്ചുറപ്പിച്ച ശേഷം മാത്രമേ വിവരം അറിയിക്കുകതന്നെ ചെയ്തുള്ളു. എങ്കിലും, ചന്ദ്രശേഖരനു് അതിൽ പരിഭവം തോന്നേണ്ട കാരണം ഇല്ലായിരുന്നു. മാലതി അന്നു മഹാരാജാസ്സു് കാളേജിൽ ബി. ഏ. ക്ലാസ്സിലാണു പഠിച്ചിരുന്നതു്. ചന്ദ്രശേഖരൻ അവളെ പലപ്പോഴും

കാണുകയും അവളോടു സംസാരിക്കുകയും ചെയ്തിരുന്നു; അപ്പോഴെല്ലാം അയാൾക്കു തോന്നിയതു് അവളെക്കാൾ വിനയവതിയായ ഒരു യുവതി കോളംബോയിൽ വേറെ ഇല്ലെന്നായിരുന്നു. വിവാഹകാര്യത്തിൽ അവളുടെ അഭിപ്രായം എന്തെന്നറിയുവാൻ അയാൾ ആദ്യമൊന്നും ഉത്സാഹിച്ചിരുന്നില്ല. ഒടുവിൽ അവർ കത്തുകൾ എഴുതിത്തുടങ്ങിയതിനുശേഷം മാത്രമായിരുന്നു മാലതിയുടെ ദയ, സ്നേഹം മുതലായ സരളശീലങ്ങളെയും പ്രേമസ്യന്ദിയായ ഹൃദയത്തെയും സംബന്ധിച്ചു് ഒരു പൂർണ്ണബോധം അയാൾക്കുണ്ടായതു്. അയാൾ പൂവണ്ണൂർ വന്നതു്, മാലതിയെക്കൂടാതെയുള്ള ജീവിതം മിക്കവാറും ശൂന്യമാണെന്നു വിശ്വാസത്തോടുകൂടി ആയിരുന്നു.

എന്നാൽ, അതിനുശേഷം എത്ര വേഗത്തിലായിരുന്നു ഭൂതകാല സംഭവങ്ങൾ ആ യുവാവിനെ സംബന്ധിച്ചിടത്തോളം വിസ്മൃതപ്രായമായിത്തീർന്നതു്! അയാൾക്കു വലുതായ ആശ്ചര്യം തോന്നി, പ്രേമസുഷമയിൽ ഇളകിക്കൊണ്ടിരിക്കുന്ന ഓമനയുടെ ദീർഘനയനങ്ങൾ എന്തുകൊണ്ടാണു് അയാൾ എപ്പോഴും സ്വപ്നംകണ്ടതു്? നീലവിണ്ണിന്റെ നടുവിൽനിന്നും, തടാകത്തിലെ നിർമ്മലജലത്തിൽനിന്നും, താൻ വായിക്കുന്ന പുസ്തകങ്ങളിലെ ഓരോ പുറങ്ങളിൽനിന്നും അവളുടെ "ഉൽപക്ഷ്മപ്രകരങ്ങളായ മിഴികൾ" അയാളെ പ്രേമപൂർവ്വം വീക്ഷിച്ചതു്? എന്താണു് മാലതിയുടെ ലോലലോചനങ്ങൾ അയാൾ ഒരിക്കലും സ്വപ്നംകാണാതിരുന്നതു്? ഓമനയുടെ മുഖാരവിന്ദം അന്നും എപ്പോഴും എന്തുകൊണ്ടാണു് അയാളുടെ ഹൃദയഫലകത്തിൽ പ്രത്യക്ഷമായതു്? തന്നെ കാണുമ്പോൾ മാലതി വളരെ സന്ദർഭങ്ങളിൽ ലജ്ജാനമ്രമുഖിയായി വിഷമിച്ചു നിന്നിരുന്നില്ല. എന്നാൽ ഏതാനും ദിവസമായി ഓമന വിവർണ്ണവദനയായി, മൂകയായി, പുളകിതഗാത്രിയായിട്ടല്ലാതെ അയാളുടെ സമീപത്തുകൂടി പോകുകതന്നെ ചെയ്തിരുന്നില്ല. അതിനു ഹേതു എന്താണു്? അയാളുടെ ഹൃദയത്തിൽ ആ യുവതിയെ സംബന്ധിച്ചു് ഏതൊരു നൂതന വികാരമാണു പെട്ടെന്നു സ്ഫുടിച്ചുതുടങ്ങിയതു്? അയാൾ അവയ്ക്കൊന്നും ശരിയായ ഒരു ഉത്തരവും കണ്ടില്ല. വെറും ഒരു ഗ്രാമീണബാലിക;—

എല്ലാം തന്റെ ഭാവനാസൃഷ്ടികൾമാത്രമായിരിക്കണം; എങ്കിലും എന്തൊരു മനോഹരി! ഒരാപത്തും അവളുമായുള്ള തന്റെ സാഹചര്യംമൂലം വരാനില്ലെന്നു് അയാൾക്കു പൂർണ്ണവിശ്വാസം ഉണ്ടായിരുന്നു. അടുത്ത മദ്ധ്യവേനൽ ഒഴിവിനു് അയാളും മാലതിയുമായുള്ള വിവാഹം നടക്കുകതന്നെ ചെയ്യും; അപ്പോഴേയ്ക്കും പൂവണ്ണൂരേലായും പൂവള്ളിയും, ഓമനയുംഅവളുടെ സ്നേഹപൂർവമായ ശുശ്രൂഷയും ഏതാണ്ടു് വിസ്മൃതമായി ഒരു ധൂമികയിൽക്കൂടിയെന്നോണമെ അയാൾ കാണുകയുള്ളു;—നിശ്ചയം.

സ്നേഹവ്യാപാരങ്ങളിൽ പുരുഷൻ എന്തൊരു സ്വാർത്ഥനാണു്! ഭാവിയുടെ അന്തരാളത്തിൽ വേദനയും നിരാശയും നാശവും മൊട്ടിടുന്നുണ്ടോ എന്നൊന്നു ചിന്തിച്ചുനോക്കുവാൻ തന്നെ, വർത്തമാനകാലത്തെ പരമാനന്ദത്തിനും സൗഭാഗ്യത്തിനും മദ്ധ്യേ, പുരുഷനു് ക്ഷമയുണ്ടാവുകയില്ല. ചന്ദ്രശേഖരൻ സ്വന്തം ആത്മപരിശോധനക്കിടയിൽ ഓമനയെ പരിഗണിച്ചതേയില്ല. സ്നേഹം തുളുമ്പുന്ന ഒരു നോട്ടം, ഒരു മന്ദഹാസം, ഒരു വാക്കു്, ഒരു നിസ്സാരകൃത്യം ഇവയോരോന്നുംതന്നെ ഒരു യുവതിയുടെ ഹൃദയത്തെ, ഒരിക്കലും മോചനം സിദ്ധിക്കാത്തവിധം, പ്രേമമാകുന്ന മുൾപ്പടർപ്പിൽ കുരുക്കിയിടുന്നതിനു് പര്യാപ്തമാണു്. ചന്ദ്രശേഖരൻ ഓമനയോടു് സംസാരിക്കയും അവളുടെ സാഹചര്യം അത്യാകാംക്ഷയോടെ അഭിലഷിക്കുകയും ചെയ്തിരുന്നു. ആ സ്ഥിതിക്കു്, അവൾ സ്വയം അറിയാതെ അയാളിൽ അനുരക്തയായിത്തീർന്നു്, അവളുടെ ജീവിതം തുലയ്ക്കുകയല്ലായിരുന്നോ എന്നു് അയാൾ ആലോചിച്ചതേയില്ല.

ഒരു പുതിയ ജീവിതം, അന്ധകാരത്തിൽ ഒരു വെളിച്ചം, ആയിരുന്നു അയാൾക്കു സകലതും. അയാൾ അറിഞ്ഞില്ല, അനുരാഗത്തിന്റെ അവ്യക്തകാകളിയായിരുന്നു അയാളുടെ ജീവിതത്തിൽ ഒരു പരമാനന്ദം തൂവിയിരുന്നതെന്നു്. ഓമനയുടെ തലനാരിഴയ്ക്കുപോലും ഹാനിചെയ്യുന്ന ഒരു പ്രവൃത്തി അയാൾക്കു സ്മരിക്കുവാൻതന്നെ നിർവ്വാഹമില്ലായിരുന്നു. എന്നാൽ സൌഭാഗ്യകരമായ അന്നത്തെ ജീവിതം അവൾക്കു് ഒരു ദുഃഖസാഗരത്തിന്റെ ഉറവുകാലായി എന്നേ തീർന്നിരുന്നു!!

ആ യുവാവു് അവളെ വളരെ വളരെ സ്നേഹിച്ചു; സമയത്തിൻെറ ഭൂരിഭാഗവും അവളുമായി കഴിച്ചുകൂട്ടി. സ്വന്തം ഹൃദയത്തിൽക്കൂടി കടന്നുപോയ സകലത്തിനേയും സംബന്ധിച്ചു് അവളുമായി സംസാരിക്കുന്നതിൽ അയാൾ എപ്പോഴും കുതുകിയായിരുന്നു. എന്തുകൊണ്ടെന്നാൽ, അവളുടെ നമ്മഭാഷണങ്ങളും, ഉപമകളും, ഉൽപ്രേക്ഷകളും, കവിതാസമ്പൂൎണ്ണങ്ങളും, ചിലപ്പോഴെല്ലാം അത്യന്തം ഉജ്ജ്വലങ്ങളും ആയിരുന്നു. അവളുടെ തലമുടിച്ചുരുളുകൾ തലോടുന്നതിനും, അവളെ കുങ്കുമക്കുറി തൊടുവിക്കുന്നതിനും, ഒന്നോ രണ്ടോ തവണ അയാൾ ദുഃസ്വാതന്ത്ര്യം കാട്ടി. സാവധാനത്തിൽ, നിശ്ശബ്ദമായി, അവളുടെ ഹൃദയത്തേയും ആത്മാവിനെയും അയാൾ തൻെറ ജീവിതത്തിൽ ലയിപ്പിച്ചു. അല്ലെങ്കിൽ സൂൎയ്യരശ്മിയിൽ എങ്ങനെയാണു് ഒരു ഹിമബിന്ദു വിലയംപ്രാപിച്ചുപോകാതിരിക്കുക? വിധി അയാളെ വലിച്ചെറിഞ്ഞ ആ കുഗ്രാമത്തിൽ, ആ സ്വർലോകത്തിൽ, ബാഹ്യലോകത്തിൻെറ ദൃഷ്ടിയിൽപ്പെടാത്ത ഒരേകാന്ത ജീവിതം എന്നുമെന്നും സൌഭാഗ്യപരിപൂൎണ്ണമായി കഴിച്ചുകൂട്ടാമെന്നു് അയാൾക്കു ബോദ്ധ്യംവന്നിരുന്നു.

പുരുഷോത്തമനാകട്ടെ, അയാളുടെ ഭാൎയ്യയാകട്ടെ, ഈ വിവരമൊന്നും അറിഞ്ഞിരുന്നില്ല. അല്ലെങ്കിൽ യുവലോകമേലുമേകാന്തമാം ചരിതം ആരാണറിയുക? ഗംഗാധരൻ ഭാർഗ്ഗവിയെ സ്നേഹിച്ചിരുന്നു എന്നും, അവളെ വിവാഹംചെയ്തുകൊള്ളുമെന്നും അവർക്കു് നിശ്ചയമുണ്ടായിരുന്നു. ചന്ദ്രശേഖരൻ തങ്ങളുടേതിൽനിന്നു് കേവലം ഭിന്നമായ ഒരു ലോകത്തിൽ പെട്ട ആളായിരുന്നു, ഒരു കാലത്തു് ഒരു വലിയ ആളായിത്തീരേണ്ട മാന്യനും കുലീനനുമായ ഒരു യുവാവാണു് അയാൾ എന്ന ധാരണ മാത്രമെ അവർക്കുണ്ടായിരുന്നുള്ളു. ഭാർഗ്ഗവിയിൽ ആ യുവകോമളൻ അനുരക്തനായിത്തീരുക അസംഭവമായിമാത്രമെ അവർ കരുതിയിരുന്നുള്ളു. ഭാർഗ്ഗവിയെ അയാൾ ഓമനയെന്നു കൂടക്കൂടെ വിളിക്കുന്നതു കേട്ടു് അവർ പലപ്പോഴും പുഞ്ചിരിയിട്ടുണ്ടു്. എന്നാൽ ആ സംബോധനയ്ക്കടിയിൽക്കൂടി ഒരു തേനരുവി ഒഴുകുന്നുണ്ടായിരുന്നു എന്നു് അവർ അറിഞ്ഞില്ല.

"അനുരാഗം" എന്ന വാക്കു് ചന്ദ്രശേഖരൻ ഓമനയോടു് ഒരിക്കലും പറഞ്ഞില്ല. പറഞ്ഞിരുന്നു എങ്കിൽ പരിഭ്രാന്തയായിത്തീരുമായിരുന്ന അവൾ സംഗതികളുടെ സൂക്ഷ്മസ്ഥിതി അപ്പോൾ ഗ്രഹിച്ചുകഴിയുമായിരുന്നു. അതിനു പകരം ഏതൊരുയുവതിക്കും ഏറവും ഹൃദയാവർജ്ജകമായ ഒരു മോഹനസ്വപ്നത്തിനു് അവൾ വിധേയയായിത്തീരുകയാണു് ചെയ്തതു്. പരമാനന്ദം നിറഞ്ഞുനിന്ന ഒരു വർത്തമാനകാലമല്ലാതെ, ഭൂതമൊ ഭാവിയൊ അവൾക്കുണ്ടായിരുന്നില്ല. പകലും രാത്രിയും, സൗഭാഗ്യത്തിനും സ്വപ്നങ്ങൾക്കും തീരെ മതിയാകാതെ, ഒരുപോലെ ഹ്രസ്വങ്ങളായിത്തീർന്നു. ഹൃദയവ്യാപാരങ്ങൾ പരിശുദ്ധമായിരിക്കുന്ന ഒരു പെൺകിടാവിന്റെ ചിന്താശൂന്യമായി ഭ്രാന്തുപിടിച്ച പ്രഥമപ്രണയമായിരുന്നു ഓമനയുടേതെന്നു് അവൾ തന്നെ അറിഞ്ഞിരുന്നില്ല.

ചന്ദ്രശേഖരൻ ഓമനയുടെ ആരാധനാമൂർത്തിയായിരുന്നു. ഇത്ര പരിശുദ്ധവും പരമാനന്ദപ്രദവുമായ ദിവ്യപ്രേമം ഈ ലോകത്തു സുകൃതികളായ പുരുഷന്മാർക്കുതന്നെ സുദുർലഭമായിരുന്നു. ഹാ! ആ സ്നേഹസമ്പന്നന്റെ മുറിയുടെ വാതുക്കൽ എത്തുമ്പോഴെല്ലാം അവളുടെ പൂങ്കവിൾ ചുവക്കുകയും, അവൾ കോൾമയിർകൊണ്ടു വല്ലാതെ കുഴങ്ങുകയും, ആകാശമണ്ഡലത്തിൽ പറന്നുനില്ക്കുന്ന പക്ഷിയുടെ ചിറകുപോലെ അതിസൂക്ഷ്മമായും അതിവേഗത്തിലും അവളുടെ ഹൃദയം ചലിക്കുകയും ചെയ്തിരുന്നു. അപ്പോൾ അവളുടെ നീലിമയാർന്ന നയനങ്ങളുടെ അഗാധതയിൽ അവഗാഹം ചെയ്യുന്നതിനും, പ്രേമപൂർവ്വം അവളുടെ കരപല്ലവം ഗ്രഹിക്കുന്നതിനും ശ്രമിച്ചുകൊണ്ടു് ആ യുവാവു്, "എന്താണോമനേ, നീയിങ്ങനെ പരിഭ്രമിക്കുന്നതു്?" എന്നു് ചോദിച്ചുവന്നു.

അവൾക്കു് ഒന്നും മനസ്സിലായില്ല. പരമാനന്ദത്തിനു് ഇത്രമാത്രം ഗരിമാവുണ്ടെന്നും, അതു താങ്ങുവാൻ അവളുടെ ഹൃദയത്തിനു ശക്തി പോരെന്നും ആ സന്ദർഭങ്ങളിൽ അവൾക്കു തോന്നിയിരുന്നു.

ഒരു ദിവസം ചന്ദ്രശേഖരനും ഓമനയും പൂന്തോട്ടത്തിൽ ഒരു ഇലഞ്ഞിയുടെ തണലിൽ ഇരിക്കയായിരുന്നു.

"ഓമന ഒന്നു പാടുമോ?" മധുരമായ ഒരു മന്ദഹാസത്തോടുകൂടി ചന്ദ്രശേഖരൻ ചോദിച്ചു. "എന്തൊരു മനോഹരമായ സ്വരം! എൻെറ ഹൃദയത്തെ അതു് അത്രമാത്രം അപഹരിക്കുന്നു. സായാഹ്നത്തിൽ ഏകനായി ഞാൻ ആ പുഴവക്കത്തു് നടക്കുമ്പോഴും, അലസചിന്തകളിൽ എൻെറ ഹൃദയം ലയിച്ചിരിക്കുമ്പോഴും, ഓമനയ്ക്കു് ഏററവും പ്രിയപ്പെട്ട ആ പാട്ടിൻെറ പല്ലവിതന്നെയാണു് എൻെറ ഉള്ളിൽ പ്രതിധ്വനിക്കുന്നതു്. ഓമനയുടെ ഗാനമാധുരി എന്നെപോലെ ആരാധിക്കുന്നവരാരുമില്ലെങ്കിലും ഞാൻ ഒന്നു പാടാൻ പറയുമ്പോഴെല്ലാം ഓമന വിസമ്മതിക്കയാണു ചെയ്യുന്നതു്."

"കഴിയുകയില്ല. ഞാൻ പാടുകയില്ല," എന്നു് നമ്രമുഖിയായി ഓമന മറുപടി പറഞ്ഞു.

"എന്താണു് എന്നോടു് ഇത്ര വലിയ വിരോധം?" അയാളുടെ ശബ്ദം മൃദുമോഹനമായി, ഏററവും പതിഞ്ഞതായിരുന്നു. അതിനെക്കാൾ ആകർഷകമായ ഒരു കളനാദവും അതിനു മുമ്പു് ഒരിക്കലും താൻ കേട്ടിരുന്നില്ലെന്നു് ഓമനയ്ക്കു തോന്നി.

"എന്താണു് പറയരുതോ?" അവൾ വീണ്ടും നമ്രമുഖിയായി. അവളുടെ കവിൾത്തടം മുഴുവനും മോഹനമായ ഒരു അരുണകാന്തി വിസ്തൃമരമായി, അവൾ വല്ലാതെ വിഷമിച്ചു് ഇരുന്നുപോയി. അയാൾ സൌമ്യമായി പിന്നെയും ചോദിച്ചു:—"ലജ്ജകൊണ്ടാണോ? അതോ എന്നെ ഭയന്നാണോ?"

"അതെ, ആ രണ്ടുകൊണ്ടുംതന്നെ," എന്നു് അവളുടെ അധരപല്ലവങ്ങളുടെ ഒരു മർമ്മരം അയാൾ കേട്ടു.

"എന്തിനാണു് എന്നെ ഭയപ്പെടുന്നതു്? ഓമന ചെയ്യുന്ന സകലതും അത്യന്തമനോഹരമായി മാത്രമേ എനിക്കു തോന്നിയിട്ടുള്ളു. അപ്പോഴെല്ലാം എന്നെപ്പോലെ ആനന്ദപുളകം കൊള്ളുന്നവർ വേറെ ആരും ഉണ്ടായിരിക്കുകയില്ല."

ഓമന പെട്ടെന്നു് അവിടെ നിന്നെണീററോടി. കാററത്തു് പരസ്പരം ചുററിപ്പിണഞ്ഞു് വേർപെടാൻ ആഗ്രഹമി

ല്ലാതെ കാണപ്പെട്ട ഒരു പനിനീർ ചെടിയുടെ ലളിതശാഖകളെ വേർപെടുത്തുവാൻ ശ്രമിച്ചുകൊണ്ടു് ഓമന നില്ക്കുകയായിരുന്നു. അവളുടെ മുഖസരോജം അപ്പോൾ അതീവ കോമളമായിരുന്നു. തടഞ്ഞുനിറുത്താൻ നിർവ്വാഹമില്ലാത്ത ഒരു വികാരവീചിയിൽപെട്ടു് ചന്ദ്രശേഖരൻ മുന്നോട്ടാഞ്ഞു്, അവളുടെ തോളിൽ കൈവച്ചു. സഹസ്രകോടി വിദ്യുത് ശലാകകൾ ഏററതുപോലെ നിശ്ചേതനയായി അവൾ നിന്നുപോയി. താൻ എന്തുചെയ്യുന്നു എന്നു് നിശ്ചയമില്ലാതെ ആ യുവാവു് അവളുടെ മുഖപത്മം ഉന്നമിപ്പിച്ചു്, പൂംകവിളിൽ അതിഗാഢമായി ഒന്നു ചുംബിച്ചു. ഹാ! പുളകോൽഗമകരമായ ആ പ്രഥമചുംബനം!

## vii

ജീവിതം എത്ര സൗഭാഗ്യകരമായി ഓമനയ്ക്കു തോന്നി! അത്ര മഹത്തും അത്ഭുതാനന്ദങ്ങൾ നിറഞ്ഞതുമായിരുന്നു അവളുടെ പ്രണയം. ആ വാരാന്നിധിയിൽ മുങ്ങി മുത്തുവാരിയ ആ യുവതി ലാവണ്യപൂർണ്ണമായ ഒരു പുതിയ ലോകമാണു പെട്ടെന്നു ദർശിച്ചതു്. പ്രകൃതിദേവത തന്റെ ആഹ്ലാദത്തിൽ പങ്കുകൊണ്ടു് തന്നെ അനുമോദിക്കുന്നതായി അവൾ വിഭാവനചെയ്തു. സൂര്യരശ്മികൾ, "നീ ചന്ദ്രശേഖരനെ സ്നേഹിക്കുന്നല്ലൊ!" എന്നു് അവളോടു പറഞ്ഞു. ഇളംകാററു് ആ വിവരം വീണ്ടും വീണ്ടും മന്ത്രിച്ചു; വൃക്ഷശാഖകളുടെ മധുരമർമ്മരം ആ വാക്കുകൾ ആവർത്തിച്ചു; തരുവല്ലികൾ അതീവതയായി അവളെ കടാക്ഷിക്കുകയും കുസുമങ്ങൾ മന്ദഹസിക്കുകയും ചെയ്തു. "നീ ആ യുവാവിനെ സ്നേഹിക്കുന്നു" എന്നു് എവിടെനിന്നും കേൾക്കായ കളനാദം വികാരതരളമായ അവളുടെ ഹൃദയത്തിൽ അനുക്ഷണം പ്രതിധ്വനിച്ചു. തന്റെ പ്രാണൻതന്നെയും ആ യുവാവിനുള്ളതാണെന്നു് അവൾക്കു് അത്മാർത്ഥമായ വിശ്വാസം വന്നു.

മരണത്തിനുപോലും പൊട്ടിച്ചെറിയാൻ നിർവ്വാഹമില്ലാത്ത ഒരു കനകശൃംഖല ഓമനയുടെ ഹൃദയത്തെ ചന്ദ്രശേഖരന്റെ ഹൃദയവുമായി ബന്ധിച്ചു. ഉള്ളിൽ ഒതുങ്ങിനിൽക്കാ

ത്ത പ്രേമം ബഹിർഗമിക്കുവാനുള്ള ഉൽക്കടയത്നത്തിൽ അവളുടെ നയനദ്യുതിയും മുഖശോഭയും വർദ്ധിച്ചു. സൗഭാഗ്യലഹരിയിൽ അങ്ങനെ അവൾ ഒരു ദേവകന്യകയായി രൂപാന്തരപ്പെടുന്നതു ഒരു നിരീക്ഷണപടുവിനെപ്പോലെ ചന്ദ്രശേഖരൻ നോക്കിക്കണ്ടാനന്ദിച്ചു. അവളുടെ കബരീഭാരത്തിൽ പുഷ്പങ്ങൾ തിരുകിക്കൊടുക്കുന്നതിനും, അപ്പോൾ കുങ്കുമാഭമായിത്തീരുന്ന മുഖാംബുജത്തിൽ ഒരിക്കലും തൃപ്തിവരാത്തവണ്ണം വീണ്ടും വീണ്ടും ചുംബിക്കുന്നതിനും എത്ര മണിക്കൂറാണു് അയാൾ പൂന്തോട്ടത്തിൽ കാത്തുനിന്നിരുന്നതു്! വീണാരവംപോലെ സൂക്ഷ്മമായി, പ്രണയം ചിന്തിനിന്ന അവളുടെ മൃദുസ്വനം എപ്പോഴും അയാൾക്കു പുളകമുണ്ടാക്കിവന്നു. താൻ അവളുടെ ജീവിതസർവ്വസ്വവും ആരാധനാമൂർത്തിയും ആയിത്തീർന്നിരുന്നെന്നു് ബോദ്ധ്യമുണ്ടാവുകയാൽ അയാൾ സ്വയമഭിമാനകൃതാർത്ഥനാകാതെയും ഇരുന്നില്ല. സന്ധ്യാരാഗം കുസുമോജ്ജ്വലമായ ഉദ്യാനത്തെ സുരഭിലസുഷമയിൽ ആമജ്ജനം ചെയ്യുമ്പോൾ, അയാളുടെ കണ്ണുകളിൽ ഓമനയെപ്പോലെ പ്രേമപീയൂഷം ചൊരിയുവാൻ, മാലതിക്കാകട്ടെ മറ്റൊരു യുവതിക്കാകട്ടെ കഴിവുണ്ടായില്ലെന്നും അയാൾക്കറിയാമായിരുന്നു.

എങ്കിലും മാലതിയുടെ ഒരു വിവരവും ചന്ദ്രശേഖരൻ ഓമനയോടു പറയാൻ ധൈര്യപ്പെട്ടില്ല. ഒരുപക്ഷെ ഓമനയുമായുള്ള തന്റെ പെരുമാറ്റത്തിൽ ആക്ഷേപാർഹമായി യാതൊന്നും അയാൾ കണ്ടിരുന്നില്ലെന്നുവരാം; താൻ മാലതിയെ വിവാഹം ചെയ്യാനിരിക്കെ വേറൊരാളിൽ അനുരക്തനാവുക അയുക്തമാണെന്നും അയാൾ കരുതിയിരിക്കാം. അതുകൊണ്ടു്, അയാൾ സ്വയം സമ്മതിച്ചില്ല, തന്റെ ഹൃദയപൂർണ്ണമായ പ്രേമം ഓമന സമ്പാദിച്ചുകഴിഞ്ഞിരുന്നു എന്നു്. എന്നാൽ, ഓമനയെ കാണുമ്പോഴെല്ലാം തന്റെ കടക്കണ്ണുകളിൽനിന്നു പുറപ്പെട്ടതു് പ്രണയോഷ്ണരശ്മികൾ മാത്രമായിരുന്നു എന്നും, തന്റെ ചിന്താസരിത്തു് എപ്പോഴും കറങ്ങിത്തിരിഞ്ഞു് അവളുടെ ചുറ്റും മാത്രമേ ഒഴുകിയിരുന്നുള്ളു എന്നും, സുവർണ്ണപ്രഭമായ സൂര്യോദയത്തെ പക്ഷികൾ പ്രതീക്ഷിക്കുംപോലെ

താൻ അവളുടെ നൂപുരങ്ങളുടെ നികാണം അക്ഷമനായി പ്രതീക്ഷിച്ചുവന്നു എന്നും അയാൾക്കു സമ്മതിക്കാതെ നിർവ്വാഹമില്ലായിരുന്നു.

"ഹാ! ഞാൻ അദ്ദേഹത്തെ അളവററു സ്നേഹിക്കുന്നു!" ഓമന ആ വാചകം ആത്മശാന്തിക്കെന്നോണം ഉരുക്കഴിച്ചു.

ഹൃദയത്തിൻെറ അഗാധതലത്തിൽ അജ്ഞാതമായി സംഫുടിച്ചുവളൎന്ന ഒരു വികാരവല്ലരി അപ്രതീക്ഷിതമായി നിറയെ പൂത്തു് പ്രണയത്തിൻെറ പരിമളം നാലുപാടും പ്രസരിപ്പിച്ചു. ഒരു നെടുമോഹനിദ്രയിൽനിന്നു പെട്ടെന്നു് അവൾ ഉണർന്നു.

പ്രേമമെന്ന തേൻകനി എന്തെന്നുപോലും ഏതാനും ദിവസങ്ങൾക്കു മുമ്പു് അവൾ അറിഞ്ഞിരുന്നില്ല. ശബളാഭമായ ഒരു ശലഭം ആദ്യമായി അവളുടെ ഹൃദയകുസുമത്തിൽ പറന്നു പററിയതെപ്പോഴെന്നും അവൾക്കു നിശ്ചയമുണ്ടായില്ല. ഒരു പ്രഭാതത്തിൽ പൂന്തോട്ടത്തിൽ ഒരു പിച്ചിച്ചെടി ഏകയായി നനച്ചുകൊണ്ടു നില്ക്കുമ്പോഴാണു് ഒരു പ്രഭാപടലത്തിലെന്നവണ്ണം പെട്ടെന്നു് സകലതും അവൾ വ്യക്തമായി കണ്ടതു്.

പ്രണയബോധം ഉള്ളിലുദിച്ച ആദ്യത്തെ മണിക്കൂറിനെക്കാൾ മോഹനമായ ഒരു ഘട്ടം മനുഷ്യജീവിതത്തിൽ എപ്പോഴുമുണ്ടാവുക? ഓമന നിർവൃതികരമായ പരമാനന്ദത്തിൽ ലയിച്ചു്, ഒരേ നിലയിൽ നിന്നുപോയി. അനന്തമായ ആകാശമണ്ഡലവും, വൃക്ഷവല്ലരികളും, പൂക്കൾതോറും പറന്നുനടന്ന മധുപങ്ങളും ഒന്നുംതന്നെ അവളുടെ ദൃഷ്ടിക്കു് അപ്പോൾ വിഷയമായില്ല. അന്നത്തെപ്പോലെ പ്രസന്നമായി, ആഹ്ലാദഭരിതമായി, ഭൂമുഖം അതിനു മുമ്പൊരിക്കലും പ്രത്യക്ഷപ്പെട്ടിരുന്നില്ല എന്നു് അവൾക്കു തോന്നി. ആരെങ്കിലും തന്നെപ്പോലെ സൗഭഗം അനുഭവിച്ചിരുന്നോ?—ഏതൊരു യുവതിയുടെ ഹൃദയമെങ്കിലും തൻേറതുപോലെ അഗാധപ്രേമത്തിൻെറ പാവനസരസ്സായി തീർന്നിരുന്നിട്ടുണ്ടോ? ഹാ! ജീവിതനരകത്തിൽ പതുങ്ങിയ ഒരു പെൺകിടാവിൻെറ മോഹനസ്വപ്നങ്ങൾ!

പച്ചിലകളുടെ ഇടയിൽക്കൂടി ബാലാർക്കരശ്മികൾ ഓമനയെ സസ്മിതം നോക്കി. അവളുടെ ഹൃദയനായകൻ സമീപത്തുണ്ടോ എന്നു വല്ലീനികുഞ്ജങ്ങൾ മുഴുവനും അന്വേഷിച്ച ശേഷം, പ്രഭാതമാരുതൻ അവളുടെ അളകങ്ങളെ തലോടി ഒതുക്കുവാൻ ശ്രദ്ധമായി ശ്രമിച്ചു. അവൾ അടക്കിനിറുത്താൻ നിവൃത്തിയില്ലാത്ത ആഹ്ലാദത്താൽ, ഒരു പാട്ടിന്റെ പല്ലവി മൂളിമൂളി, ബാലവൃക്ഷങ്ങളേയും ചെടികളേയും ശകുന്തളയുടെ വാത്സല്യത്തെയും അതിശയിക്കുമാറു്, നനച്ചുതുടങ്ങി.

ഓമന സ്വന്തം ജീവനേക്കാൾ സ്നേഹിച്ചിരുന്ന ഒരു പനിനീർച്ചെമ്പകത്തിൽ ഒരു മനോഹരകുസുമം നവമായി വികസിച്ച മുത്തുമണികളാർന്നും പല്ലവപുടങ്ങൾക്കിടയിൽ ലജ്ജപൂണ്ടു് കുമ്പിട്ടും നിന്നിരുന്നു. അവൾ അടുത്തുചെന്നു് അതിന്റെ ശോഭ വളരെനേരം നോക്കിക്കണ്ടു. അതിന്റെ പരിമളം അവൾക്കു എന്തെന്നില്ലാത്ത ഒരു 'ആമോദഭ്രമോദയം' ഉളവാക്കി. ഒടുവിൽ, ആ മലർച്ചെടിക്കു് ഒരു വേദനയും തട്ടാത്ത മാതിരി, അവൾ ആ പൂവു് ഇറുത്തെടുത്തു. അവളുടെ വിശ്വാസം പ്രകൃതിയിലെ കോമളവസ്തുക്കളെല്ലാം ചന്ദ്രശേഖരനു് ചെല്ലേണ്ടതാണെന്നായിരുന്നു.

എന്നാ, അവൾ തിരിഞ്ഞു വീട്ടിലേക്കു നടന്നു. അപ്പോൾ "ഓമനേ!" എന്നു് പ്രേമപൂർവ്വം ആരോ വിളിക്കുന്നതു കേട്ടു് അവൾ തിരിഞ്ഞു നിന്നു. അവളുടെ ചിന്തകൾ നിശ്ചയമായും ചന്ദ്രശേഖരന്റെ ഹൃദയത്തിൽ ചെന്നു് അലച്ചിരുന്നിരിക്കണം; അല്ലെങ്കിൽ, ആ 'പ്രേമസ്വരൂപൻ' അവിടെ അപ്പോൾ പ്രത്യക്ഷപ്പെടുകയില്ലായിരുന്നു!

ചന്ദ്രശേഖരൻ അപ്പോൾ കണ്ട ഓമനയെ ജന്മാന്തരങ്ങളിൽപോലും വിസ്മരിക്കയില്ല, നിശ്ചയം. പ്രഭാതത്തിലെ അരുണകാന്തിയിൽ കുളിച്ചു്, അഴിഞ്ഞുലഞ്ഞ കാർകൂന്തൽ മുൻവശത്തു പിടിച്ചിട്ടു്, പ്രസന്നവദനയായി, ആ കൃശഗാത്രി അചുംബിതമായ ആ പുഷ്പത്തെ പ്രേമപൂർവം, സസ്മിതം അയാളുടെ നേർക്കു വച്ചുനീട്ടി.

"ഇതിനെക്കാൾ ശോഭയും മണവുമുള്ള ഒരു പൂവ് എൻെറ പൂന്തോട്ടത്തിലില്ല", എന്ന് ഓമന പറഞ്ഞു.

"എനിക്കായിട്ടാണോ ഇതു പറിച്ചെടുത്തതു്?" എന്നു ചോദിച്ചുകൊണ്ടു് അയാൾ കൈയ്നീട്ടി.

"അതെ, അങ്ങേയ്ക്കു പൂക്കൾ വളരെ പ്രിയമാണെന്നു് ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. ഈ മനോഹരസുമം ഞാൻ വളരെ ഓമനിച്ചു വളർത്തിയ പനിനീർച്ചെമ്പകത്തിൽ ആദ്യമായി വിടൎന്നതാണ്." ചന്ദ്രശേഖരനു രോമഹർഷണം ഉണ്ടാകുമാറു് അവൾ മന്ദഹസിച്ചു.

"എന്നാൽ, ഓമനേ, ഈ പുഷ്പത്തിൻെറ ഇതളുകൾ കൊഴിഞ്ഞു്, ഇതിൻെറ പരിമളം നിശ്ശേഷം നശിച്ചാലും, ആജീവനാന്തം ഞാൻ ഇതിനെ ഒരു പരിശുദ്ധവസ്തുവായി, ഒരു നിധിയായി, സൂക്ഷിച്ചുകൊള്ളാം."

എന്തോ വേദന പെട്ടെന്നുണ്ടായപോലെ ഓമന ഒന്നു ഞെട്ടി.

"കഷ്ടം, ചേതനാപൂൎണ്ണവും മനോഹരവുമായ ഈ പനിനീർസുമത്തിൻെറ സുരഭിലദളങ്ങൾ എന്നെങ്കിലും വാടിക്കരിഞ്ഞുപോകുമെന്ന വിചാരംതന്നെ നിർദ്ദയമാണ്," എന്നു് ആർദ്രചിത്തയായി അവൾ പറഞ്ഞു.

അപ്പോഴും ആ പുഷ്പം അവളുടെ കൈയിൽത്തന്നെ ഇരിക്കയായിരുന്നു. പെട്ടെന്നു്, പിന്നെയും വേദനയുണ്ടായപോലെ അവളുടെ വദനം ചുളിഞ്ഞു.

"എന്താണോമനേ?" എന്നു് ചന്ദ്രശേഖരൻ ഉൽക്കണ്ഠാപൂർവ്വം ചോദിച്ചു.

"കഷ്ടം, ഞാനതിൻെറ മുള്ളു കണ്ടില്ല" എന്നു പറഞ്ഞുകൊണ്ടു് അവൾ കൈയ് നീട്ടിക്കാണിച്ചു. ഒരു കൂൎത്ത മുള്ളു് അവളുടെ കരാംഗുലികളിലൊന്നിൽ തറച്ചിരിക്കുന്നതു് അയാൾ കണ്ടു.

ആ പുഷ്പം കൊടുത്തിട്ടു്, മുള്ളു സാവധാനത്തിൽ അവൾ വലിച്ചെടുത്തു. തൻെറ മുഖത്തേയ്ക്കു് അപ്പോൾ ഉന്നയി

ല്പിച്ച അവളുടെ പ്രേമപൂർണ്ണമായ മിഴികളും, അവളുടെ കരപല്ലവത്തിൽ തുളിച്ചുവന്ന രക്തബിന്ദുവും, അവളുടെ അപ്പോഴത്തെ നിലയും, ഒരിക്കലും മായാത്ത ചിത്രമായി മരണംവരെ ആ യുവാവിന്റെ ഹൃദയത്തിൽ ശേഷിച്ചിരുന്നു.

“വലിയ വേദനയുണ്ടോ?” എന്ന് അയാൾ സൗമ്യമായി ചോദിച്ചു.

“ഇല്ല, അല്പമൊരു വേദനയുണ്ട്; പക്ഷെ, ഈ വേദനയും സന്തോഷപ്രദംതന്നെ.” അവൾ മന്ദഹസിച്ചുകൊണ്ടു പറഞ്ഞു. “ഇത്ര ശോഭയുള്ള ഒരു പൂവ് അങ്ങേയ്ക്കു് കൊണ്ടുവന്നു തരാൻ ഇതിന്റെ നൂറിരട്ടി വേദന ഞാൻ സഹിക്കുമല്ലോ. ഒരു ‘സൗഗന്ധികപുഷ്പ’ത്തിന് പണ്ട് ആരോപെട്ട പാട്ടുകൾ കേട്ടിട്ടില്ലേ?”

ഹൃദയാവർജ്ജകമായി, പ്രസന്നമായ ഒരു ളുമന്ദഹാസം അവളുടെ മുഖകമലം മുഴുവനും പരന്നു.

“ഹാ! കപടമെന്നതെന്തെന്നറിയാത്ത ഈ സുകുമാരിയെ വഞ്ചിക്കാൻ ആർക്കുതോന്നും?” എന്നായിരുന്നു ചന്ദ്രശേഖരന് അപ്പോഴുണ്ടായ വിചാരം.

“എന്നും മുള്ള് എനിക്കും, പൂവ് അങ്ങേയ്ക്കും ആയിരുന്നെങ്കിൽ!” എന്ന് എവിടെയോ പെട്ടെന്ന് അലഞ്ഞുപോയ ചിന്തയോടെ ഓമന പറഞ്ഞു.

അവർ അപ്പോഴേയ്ക്കും സാവധാനത്തിൽ നടന്ന്, ആ പൂന്തോട്ടത്തിന്റെ ഒരററത്തായി, അനേകദശാബ്ദം പൂവണ്ണൂർ ഗ്രാമവാസികളുടെ ജീവിതചര്യങ്ങൾ കണ്ടുപഴകിയ ഒരു ഊക്കൻ നാട്ടുമാവിന്റെ ചുവട്ടിൽ എത്തിയിരുന്നു. ഒരു ദിവ്യദീപ്തി, ഒരു പരിവേഷം, അവളുടെ മുഖമണ്ഡലത്തിനു ചുററും പരക്കുംപോലെ അയാൾക്കു തോന്നി; അവൾ ഒരു ഗന്ധർവ്വകന്യകയല്ലേ എന്നുപോലും അയാൾ വിസ്മയിച്ചു.

“ഓമനേ, ഓമനേ!” അയാൾ എത്രയും മധുരമായി അവളെ വിളിച്ചു—“ഓമനേ, നിനക്കെന്തു സംഭവിച്ചു?”

അവളുടെ ദീർഘനയനങ്ങളിൽ എന്തുകൊണ്ടോ അശ്രുക്കൾ തുളുമ്പിനിന്നിരുന്നു. അവൾ സാവധാനത്തിൽ മുഖം

തിരിച്ചു് ആ യുവാവിന്റെ മുഖത്തു പ്രേമപാരവശ്യത്തോടെ കരുണാത്മകമായി ഒന്നു നോക്കി.

എങ്ങനെയെന്നു് രണ്ടുപേർക്കും നിശ്ചയമില്ല, ഉത്തരക്ഷണത്തിൽ അവൾ അയാളുടെ ഗാഢാശ്ലേഷത്തിൽ അമർന്നു്, അവളുടെ മുഖാരവിന്ദം അയ്യാളുടെ വിശാലവക്ഷസ്സിൽ ഒളിച്ചു;

“എന്റെ ഓമനേ! എന്റെ ജീവിതസർവ്വസ്വമേ! എന്റെ പ്രാണേശ്വരീ!” എന്നു കരുണയും, വാത്സല്യവും, പ്രേമവും നിറഞ്ഞ വാക്കുകളാൽ അവളെ സംബോധനചെയ്തുകൊണ്ടു്, ലജ്ജയാൽ നമ്രമായ അവളുടെ മുഖബിംബം സാവധാനത്തിൽ പിടിച്ചുയർത്തി, ആ പവിഴാധരങ്ങളിലും ദീപ്തനയനങ്ങളിലും തലമുടിച്ചുരുളുകളിലും വീണ്ടും വീണ്ടും ആ യുവാവു് ചുംബിച്ചു.

ഏതാനും നിമിഷം മാത്രമെ അയാളുടെ കരവല്ലരികൾക്കിടയിൽ ഓമന കേവലസുഖം അനുഭവിച്ചു നിന്നുള്ളൂ. എന്നാൽ ആ ചുരുങ്ങിയ നിമിഷങ്ങൾക്കുള്ളിൽ സഹസ്രവർഷത്തെ സൗഭാഗ്യം ഒന്നായി തിങ്ങിഞെരുങ്ങിനിന്നിരുന്നു. മരണത്തെ മധുരീകരിക്കാൻപോലും അവ ശക്തങ്ങളായിരുന്നു എന്നു് അവൾക്കു തോന്നി.

ഒരു പരമാർത്ഥം ചന്ദ്രശേഖരൻ സ്വയം സമ്മതിച്ചു. ഓമനയുടെ ഹൃദയസ്പന്ദനം അയാളുടേതുമായി സമ്മിളിതമായപ്പോൾ, അയാളുടെ ഹൃദയം നിറഞ്ഞുനിന്ന പ്രണയം അലപൊട്ടി പെട്ടെന്നു് പ്രവഹിക്കയും, അതിന്റെ അനർഗ്ഗളഗതിയിൽ നിരാലംബനായി അയാൾ കറങ്ങിത്തിരിയുകയും ചെയ്തു. ഓമനയെ അയാൾ ഗാഢമായി സ്നേഹിച്ചു. പ്രേമമെന്നോ, അനുരാഗമെന്നോ പറയുന്ന മൃദുലവും എന്നാൽ തീവ്രവുമായ വികാരം അതുവരെ അയാളുടെ ഹൃദയത്തെ തപ്തമാക്കിയിരുന്നില്ല എന്നായിരുന്നു അയാളുടെ വിശ്വാസം. എന്നാൽ ആ മനോഹരമായ പ്രഭാതത്തിൽ ഒരു കുസുമലതപോലെ ഓമന അയാളുടെ മാറോടു പറ്റിച്ചേർന്നു് നിന്ന

ച്ചോൾ തൻെറ ഹൃദയവും പ്രേമാഗ്നിയിൽ ദഗ്ദ്ധമായിരുന്നു എന്നു് അയാൾ സ്വയം സമ്മതിക്കേണ്ടിവന്നു.

അവളുടെമുഖകമലം പതുക്കെപിടിച്ചു പൊന്തിച്ചു് അയാൾ ചോദിച്ചു:—"ഓമനെ, നിനക്കെന്തു സംഭവിച്ചു? എന്താണതു്?"

അവൾ മന്ത്രിച്ചു:—"ഞാൻ ഒരു സത്യം കണ്ടുപിടിച്ചിരിക്കുന്നു."

അക്ഷമനായി, ഉൽക്കണ്ഠാകുലനായി, നിർന്നിമേഷം അയാൾ അവളെ നോക്കി.

"എന്താണോമനെ, അതു പറയരുതോ?"

"പറയാം; ഞാൻ ആദ്യമായി എൻെറ മുഖം ഒന്നൊളിച്ചുകൊള്ളട്ടെ."

അയാളുടെ വക്ഷസ്സടത്തിൽ അവൾ മുഖം ഒളിച്ചു അല്പനേരം മൗനമായി നിന്നു. അവളുടെ പൂവലംഗങ്ങൾ നെൻമുളയുന്നമാതിരി പുളകംപൂണ്ടിരുന്നു.

"ഞാൻ അങ്ങയെ എൻെറ ജീവേശ്വരനായി, എൻെറ പ്രാണനാഥനായി, എൻെറ വത്സലദേവതയായി ആരാധിക്കുന്നു:"—ബാഷ്പബിന്ദു സ്ഫുരിച്ചിരുന്ന നയനങ്ങൾ ഉയർത്തി അവൾ പറഞ്ഞു. അയാളെ അവൾ പൂർണ്ണമായി വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്തിരുന്നു എന്നു് ആ നിഷ്കപട നയനങ്ങൾ വെളിവാക്കി. വികാരജഡിലമായ ഒരു പുതിയ സ്വരത്തിൽ അവൾ പറഞ്ഞു:—

"നൂതനവും അത്ഭുതകരവുമായ എന്തൊ ഒരു പരിവർത്തനം എൻെറ ജീവിതഗതിക്കു സംഭവിച്ചിരിക്കുന്നു. അതിനു് ഹേതു അങ്ങയോടുള്ള ഈ പ്രേമം ഒന്നുമാത്രമാണു്."

എന്തു പറയണമെന്നറിയാതെ ചന്ദ്രശേഖരൻ കുഴങ്ങി നിന്നു. അയാൾ അവളെ അതിഗാഢമായി മാറോടണച്ചു് അവളുടെ അധരത്തിൽ ചുംബിച്ചു. പൂന്തിങ്കൾപോലെ ശോഭിച്ച ആ സാധ്വി യുവതിയെ ഉപേക്ഷിച്ചാൽ, എരിനരകാഗ്നി

യിൽ വീണടിയുകയല്ലാതെ ഗത്യന്തരമില്ലെന്നു് ഓൎമ്മിച്ചപ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞു.

“ജീവിതം സൌഭാഗ്യം നിറഞ്ഞതാണെന്നു് ഞാൻ അറിഞ്ഞു. ‘ലോകമേ നീതന്നെ സത്യമാണോ?’ എന്നു് ചോദിക്കത്തക്കവണ്ണം ഒരു മായാവിഭ്രമമല്ല എനിക്കുള്ളതെന്നു് നിൎച്ചയമാണു്. എൻെറ പ്രാണേശാ! ഞാൻ അങ്ങയെ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നു് എനിക്കുമാത്രമേ അറിയാൻ പാടുള്ളു.”

രണ്ടാത്മാക്കൾക്കു നിൎവൃതിയരുളിയ ആ സംഭാഷണത്തിനിടയിൽ മണിക്കൂർ ഒന്നു് ഇഴഞ്ഞു മുന്നോട്ടുപോയിരുന്നു. ഒടുവിൽ ഓമന അത്യാനന്ദപ്രദമായ ഒരു സ്വപ്നത്തിൽനിന്നുണൎന്നപോലെ മന്ദഹസിച്ചുകൊണ്ടു് മാറിനിന്നു. “എന്തൊരു സൌന്ദൎയ്യപ്രവാഹമാണു പ്രകൃതിയിൽ ആകെകാണുന്നതു്! സൂൎയ്യരശ്മികൾ എൻെറ ചുററും ആഹ്ലാദപൂൎവ്വം തുള്ളിക്കളിക്കുന്ന ചെറുദേവതകളാണെന്നു് എനിക്കു തോന്നിപ്പോകുന്നു. പൂമൊട്ടുകൾ ആ ചെറുദേവതകളുടെ കേളീസൌധങ്ങളാണെന്നും, പൂക്കളുടെ പരിമളം അവയുടെ ആനന്ദഗീതികളാണെന്നും എനിക്കു നിശ്ചയമുണ്ടു്........ഇനി ഞാൻ പോകുന്നു. എൻെറ പ്രാവുകൾക്കൊന്നിനും ഞാൻ തീററികൊടുത്തില്ല.”

“ഓമനേ, എന്തെന്നറിയാൻപാടില്ലാത്ത വികാരപരമ്പരകളാൽ എൻെറ ഹൃദയവും തരളമായിത്തീൎന്നിരിക്കുന്നു. നിന്നെക്കൂടാതെ ഞാൻ എങ്ങനെയാണു് കഴിഞ്ഞുകൂടുക? ഞാൻ ആ കുന്നിൻെറ ചരിവിൽ, ആ പുഴവക്കിൽ കൂടി ഒന്നു നടന്നിട്ടുവരാം.”

“എന്നെ പിരിഞ്ഞു് ഒരുകാലം അങ്ങേയ്ക്കു് കഴിഞ്ഞുകൂടേണ്ടിവരികയില്ല.”

എന്നാൽ വിധിയുടെ നിഗൂഢവ്യാപാരങ്ങൾ ആരു കണ്ടു?

പറന്നുപോകുന്ന ഒരു പുഷ്പംപോലെ, ഓമന ആ പൂന്തോട്ടത്തിൻെറ മറേറ അററത്തു ചെന്നു മറഞ്ഞു. ഭൂലോകം അപ്പോൾ അവൾക്കു സ്വർല്ലോകമായി രൂപാന്തരപ്പെട്ടിരുന്നു.

*　　*　　*　　*

അങ്ങനെ ദിവസങ്ങൾ കഴിഞ്ഞുവന്നു. പൂവണ്ണൂർഗ്രാമത്തിൽ ഒരു മനുഷ്യജീവിക്കുമാത്രമേ ഓമനയുടെ ഈ സൌഭാഗ്യത്തിൽ വ്യസനമുണ്ടായുള്ളൂ. അതു ഗംഗാധരനായിരുന്നു. അവൻെറ 'അന്തരംഗഹൃദയം' വല്ലാതെ ഉലഞ്ഞു്, തപിക്കുകയും പൂവള്ളിയിൽ അവൻ വരുന്നതുതന്നെയും ദുർലഭമായിത്തീരുകയും ചെയ്തു. അവൻെറ സൂക്ഷ്മദൃഷ്ടി ഓമനയുടേയും ചന്ദ്രശേഖരൻേറയും പ്രേമത്തിൻെറ വളർച്ച വ്യക്തമായി കണ്ടിരുന്നു. ഓമനയെ തനിയെ കാണുവാനുള്ള അവൻെറ ശ്രമം മിക്കവാറും നിഷ്ഫലമായിത്തീരുകയും, അങ്ങനെ കാണാൻ സൗകര്യം സിദ്ധിച്ചു എങ്കിൽതന്നെയും ഹൃദയത്തിൽ തിങ്ങിനിന്ന വിചാരങ്ങൾ ദൌർബ്ബല്യംമൂലം അവളോടു തുറന്നുപറയാൻ അവനു കഴിവില്ലാതെ പോകയും ചെയ്തുവന്നു.

അങ്ങനെ 'ശാശ്വതമായ ത്രികോണം' പൂർത്തിയായി.

## viii

ഓമന അപ്പോൾ ഉഷസ്സുപോലെ ശോഭിച്ചിരുന്നു. അവളുടെ ഹൃദയത്തിൽ ഒരു ദുഃഖചിന്തയ്ക്കും ഇടമുണ്ടായില്ല. 'പ്രേമമൂർത്തി'യെപ്പോലെ അവൾ വീട്ടിൻെറ പൂമുഖത്തു ചെന്നു കയറി.

മുൻവശത്തെ ഗ്രാമറോഡിൽ ഒരു കുതിരവണ്ടി അപ്പോൾ വന്നുനിന്നു. അതിലാരാണുള്ളതെന്നു് ഓമന ആശ്ചര്യപ്പെട്ടപ്പോൾ അകത്തുനിന്നു് ഒരു പ്രൗഢയും, അവരുടെ വാല്യക്കാരി ഒരു യുവതിയും ഇറങ്ങിവന്നു.

അവർ രണ്ടുപേരും ഓമനയെ കണ്ടു്, വിസ്മയപൂർവ്വം പരസ്പരം നോക്കി.

ഏതാണ്ടു് ഒരു അസുഖം തോന്നത്തക്കവണ്ണം വെളുകെ

ചിരിച്ചുകൊണ്ടു് ആ പ്രായംചെന്ന സ്ത്രീ ഓമനയോടു ചോദിച്ചു:—"ഇതുതന്നെയല്ലെ പൂവള്ളിവീടു്?"

ഓമന:—"അതെ."

അടുത്ത ചോദ്യം, "ചന്ദ്രശേഖരൻ ഇവിടെയല്ലെ താമസിക്കുന്നതു്?" എന്നായിരുന്നു.

ഓമനയുടെ കവിൾത്തടത്തിൽ അത്യാകർഷകമായ ഒരു വർണ്ണസങ്കലനമുണ്ടായി. അപരിചിതരായ ആ രണ്ടു സ്ത്രീകൾ മനോധർമ്മംപോലെ അതിനു വ്യാഖ്യാനമുണ്ടാക്കുകയും ചെയ്തു.

"അതെ", എന്നു് ഓമന വീണ്ടും മറുപടിപറഞ്ഞു. പക്ഷെ, ഈ സമയം അവളുടെ സ്വരം എന്തുകൊണ്ടോ പതറിയിരുന്നു. 'ഈ സ്ത്രീകൾക്കു് അദ്ദേഹവുമായി എന്തു കാര്യമാണുള്ളതു്?' എന്നായിരുന്നിരിക്കാം ഓമനയുടെ ചിന്ത.

"ചന്ദ്രശേഖരൻ എവിടെ? എനിക്കു കാണണം."

ഓമനയുടെ മനഃസാന്നിദ്ധ്യം അപ്പോഴേക്കും മടങ്ങിവന്നിരുന്നു.

"അദ്ദേഹം ഇപ്പോൾ ഇവിടെ ഇല്ല; നടക്കാൻ പോയിരിക്കയാണു്; വരണം, നമുക്കു് അകത്തേക്കു പോകാം," എന്നു് ഓമന അവരെ ക്ഷണിച്ചു.

ആ സ്ത്രീ ചന്ദ്രശേഖരന്റെ അപ്പച്ചി ആയിരുന്നു. പ്രായം നാല്പതിനോടടുത്തുവരുമെങ്കിലും യൗവനശ്രീക്കു് അപ്പോഴും ഒരു ലോപം വന്നിരുന്നില്ല. വെളുത്തുതടിച്ച ദീർഘകായയും, ആരെയും വശീകരിക്കുന്ന പുഞ്ചിരിയും, ഏതു പ്രതിയോഗിയെയും തോല്പിക്കാൻ സമർത്ഥമായ നാക്കും കാത്യായനിഅമ്മയുടെ വിശേഷലക്ഷണങ്ങളായിരുന്നു. മാലതിയുടെ വിവാഹകാര്യത്തിൽ ചരടുപിടിച്ചതു താനാണെന്നുള്ളതുതന്നെ ചന്ദ്രശേഖരനോടു് തനിക്കുണ്ടായിരുന്ന അളവററ വാത്സല്യത്തിന്റെ പ്രത്യക്ഷലക്ഷണങ്ങളിലൊന്നായി അവർ ഗണിച്ചുവന്നു. അയാൾ ശരീരസുഖത്തിനായി പൂവണ്ണൂർ പോയ ശേഷം, ആദ്യം ആഴ്ചയിൽ രണ്ടും മൂന്നും കത്തു വീട്ടിലേക്കയച്ചിരുന്നു. എന്നാൽ ആഴ്ചകൾ കഴിയുംതോറും കത്തുകൾ

കുറഞ്ഞു്, മാലതിക്കുപോലും ഇല്ലാതായിത്തീരുകയാൽ താൻതന്നെ നേരിട്ടുരൂപായി ഒന്നന്വേഷിച്ചുകളയാം എന്നുദ്ദേശിച്ചാണു കാത്യായനിഅമ്മ പൂവള്ളിയിൽ എത്തിയതു്. അതിസുന്ദരിയായ ഒരു പെൺകിടാവിനെ പൂമുഖത്തു കണ്ടപ്പോൾ കാര്യങ്ങളെല്ലാം അവതാളത്തിലായില്ലേ എന്നു് അവർ സംശയിക്കാതിരുന്നില്ല. ഒരു 'വിഹഗവീക്ഷണ'ത്തിൽതന്നെ സംശയഗ്രസ്തമായ ഹൃദയത്തോടുകൂടി അവർ ആ വീട്ടിനുള്ളിൽ പ്രവേശിച്ചു. ചന്ദ്രശേഖരനെ തനിയെ ഇങ്ങനെ വിട്ടുകളഞ്ഞതിൽ അവർ പശ്ചാത്തപിക്കുകയും, എന്നാൽ സമയം അതിക്രമിക്കുംമുമ്പുതന്നെ താൻ വന്നുചേർന്നല്ലോ എന്നു് സന്തോഷിക്കുകയും ചെയ്തു.

കാത്യായനിഅമ്മ ഓമന അകത്തെതളത്തിൽ വിനയാദരങ്ങളോടെ നീക്കിയിട്ട കസാലയിൽ ഇരിക്കാതെ, നേരെ അടുക്കളയിലേക്കും, അവിടെനിന്നു്, അറയും നിരയുമായി പണികഴിപ്പിച്ചിരുന്ന ആ വീട്ടിന്റെ ഒരു ഭാഗത്തു ചന്ദ്രശേഖരനായി ഒഴിഞ്ഞുകൊടുത്തിരുന്ന സാമാന്യം വിശാലമായ മുറിയിലേക്കും പോയി. ശുചിയായും ഭംഗിയായും ഇട്ടിരുന്ന ആ മുറിയിലെവിടെയും ഒരു യുവതിയുടെ പേലവമായ കരാംഗുലികൾ കാണാൻ കാത്യായനിഅമ്മയ്ക്കു് ഒരു പ്രയാസവുമുണ്ടായില്ല. അതിനതിനു്, അവരുടെ ഉള്ളിൽ ഒരു ചെന്തീജ്ജ്വാല ഉണ്ടായിക്കൊണ്ടിരിക്കയും ചെയ്തു. വൃക്ഷങ്ങളും ചെടികളും പൂക്കളും നിറഞ്ഞു നിബിഡച്ഛായമായി, പൂവണ്ണൂരേലായിൽനിന്നു് എപ്പോഴും വീശിയ മന്ദപവനനാൽ സുഖപ്രദമായി, മനോഹരമായ ഒരു തോപ്പിന്റെ മദ്ധ്യത്തായിരുന്നു ആ ഗൃഹം സ്ഥിതിചെയ്തിരുന്നതു്. ചന്ദ്രശേഖരൻ ഒരു കവിയാണെന്നറിയാമായിരുന്ന കാത്യായനിഅമ്മയ്ക്കു്, ഈ കാഴ്ചകളും ആ പെൺകിടാവിന്റെ ലാവണ്യവും അയാളുടെ ചിത്തവൃത്തിയെ ക്ഷണമാത്രംകൊണ്ടു് ഹരിക്കുമെന്നും അറിയാമായിരുന്നു.

ഓമനയുടെ അമ്മയും പുരുഷോത്തമനും അതിനിടയിൽ അവിടെ വന്നുചേർന്നു. അവർക്കു് അളവററ സന്തോഷം

തോന്നി? ചന്ദ്രശേഖരനെ വിളിച്ചുകൊണ്ടു് വരാൻ അവർ ഓമനയെ പറഞ്ഞയച്ചു.

ഓമന പൂവണ്ണൂർഏലായുടെ കരയ്ക്കു് എത്തിയപ്പോഴേക്കും ചന്ദ്രശേഖരൻ ആ പഴയ മാവിൻചുവട്ടിൽ ചിന്താഗ്രസ്തനായി നില്ക്കുന്നതു കണ്ടു. അവൾ വിവരമെല്ലാം പറഞ്ഞു കേൾപ്പിച്ചു. അപ്രതീക്ഷിതമായി ഒരു കാളിമ ആ യുവാവിൻെറ മുഖത്തു പ്രത്യക്ഷപ്പെട്ടു.

"എന്താണു് അങ്ങയുടെ അപ്പച്ചിയെ അങ്ങു സ്നേഹിക്കുന്നില്ലേ?" എന്നു് ഓമന ചോദിച്ചു. "അവർ വന്നതു അങ്ങേക്കു രസിച്ചില്ലെന്നു് തോന്നുന്നല്ലോ."

"അല്ല" എന്നു് അയാൾ മറുപടി പറഞ്ഞു. അപ്പോൾ അയാളുടെ ചിന്തകൾ കോളംബത്തേക്കു പറന്നുപോയിക്കഴിഞ്ഞിരുന്നു. ആ നഗരത്തിലെ ബഹളങ്ങളും കൃത്രിമജീവിതവും, അതിനിടയിൽ മാലതിയും അവളുടെ വിവാഹനിശ്ചയവും; എല്ലാം അയാളുടെ ചിന്താചക്രത്തിൽ ഒന്നൊന്നായി കറങ്ങിത്തിരിഞ്ഞുവന്നു. ഓമന അയാളെ അനുകമ്പാപൂർവം, പ്രേമപൂർണ്ണമായ മിഴികളോടെ നോക്കിനിന്നിരുന്ന എന്ന വിവരംതന്നെയും അയാൾ വിസ്മരിച്ചു, അപ്പോഴത്തെ സൗഭാഗ്യകരവും പരമാനന്ദപരിപൂർണ്ണവുമായ ജീവിതത്തിൽനിന്നു്, തന്നെ വീണ്ടും ആ നഗരത്തിലെ കൃത്രിമജീവിതത്തിലേക്കു ക്ഷണിക്കുവാനാണു് തൻെറ പിതൃഷ്വസാവു വന്നിരിക്കുന്നതെന്നു് അയാൾക്കു നിശ്ചയമുണ്ടായിരുന്നു.

"ഇന്നു് അവർ വരേണ്ടിയില്ലായിരുന്നു," എന്നു് ഓമന, 'ഇന്നു്' എന്ന പദം ശക്തിപ്പെടുത്തി, പറഞ്ഞു.

ആ യുവാവു് ഒരക്ഷരം മറുപടിപറയാതെ വീട്ടിലേക്കു നടന്നു. ആ ഏതാനും നിമിഷങ്ങൾക്കുള്ളിലായിരുന്നു, മാലതിയെ അയാൾ ഒരിക്കലും ഗാഢമായി സ്നേഹിച്ചിരുന്നില്ലെന്നും ഈ ജീവിതത്തിൽ ഓമനയെ അല്ലാതെ മററാരെയും സ്നേഹി-

ക്കവാൻ തനിക്ക കഴിയുന്നതല്ലെന്നും അയാൾക്ക പൂൎണ്ണ ബോധ്യം വന്നതു്.

കാത്യായനിഅമ്മയുടെ നിശിതദൃഷ്ടികൾ തൻെറ മേൽ പതിഞ്ഞപ്പോൾ ചന്ദ്രശേഖരൻ വിളറി വല്ലാതെ വിഷമിച്ചു.

"എന്താണു് ചന്ദ്രാ, നിനക്ക ഇനിയും പൂൎണ്ണസുഖമായില്ലേ? എന്താണു് നിൻെറ കത്തുകൾ ഒന്നും കാണാത്തതു്? വെറുതെ ഞങ്ങളെ എല്ലാം വിഷമിപ്പിക്കാനോ?," എന്നു് അവർ ചോദിച്ചു.

ചന്ദ്രശേഖരൻ 'സുഖക്കേടു ഒന്നുമില്ല' എന്നോ മററോ എന്താണ്ടു് മന്ത്രിച്ചു.

കാത്യാ:—"നീ ഇവിടെ വന്നിട്ടു മൂന്നുമാസം കഴിഞ്ഞല്ലോ. എന്നിട്ടു് ഒരു വ്യത്യാസവും ഞാൻ കാണുന്നില്ല........ അല്ല, വ്യത്യാസം വളരെ വന്നിട്ടുണ്ടു്. ഇനി ഒരു നിമിഷവും ഈ കുഗ്രാമത്തിൽ താമസിക്കാൻ ഞാൻനിന്നെ അനുവദിക്കയില്ല. ഇന്നുതന്നെ നമുക്ക പോകണം."

ചന്ദ്ര:—"എനിക്ക ഒരു സുഖക്കേടും ഇപ്പോൾ ഇല്ല. ഇവിടത്തെ പ്രശാന്തരമണീയമായ ജീവിതം എനിക്ക വളരെ സന്തോഷപ്രദമായിട്ടാണു തോന്നുന്നതു്. കുറഞ്ഞതു് ഒരു മാസംകൂടി കഴിഞ്ഞു മാത്രമേ ജോലിക്കപോകുവാൻ ഞാൻ വിചാരിക്കുന്നുള്ളു."

കാത്യായനിഅമ്മയുടെ നെററിത്തടം ചുളിഞ്ഞു.

"അതേ, നിനക്ക അഫീസ്സിൽ പോകുന്നതുപോലും ഇപ്പോൾ രസമല്ലാതായിത്തീൎന്നിരിക്കുന്നു. നിൻെറ ഈ വിശ്രമം നിനക്ക ഹാനിയെ ചെയ്യൂ എന്നാണു് എനിക്ക തോന്നുന്നതു്. നിനക്കു് ഈ അലസജീവിതം ചേൎന്നതല്ല, എന്തൊരു രസമാണു് നീ ഈ ഗ്രാമജീവിതത്തിൽ അനുഭവിക്കുന്നതു്?"

'രസമോ?' ഈശ്വരാ! ചന്ദ്രശേഖരൻെറ മുഖം അപ്പോൾ കാണേണ്ടതുതന്നെയായിരുന്നു. പൂവള്ളിയിൽ വന്നശേഷമുള്ള ഒരുനിമിഷംപോലും അത്യാനന്ദപ്രദമായിട്ടല്ലാതെ അയാൾക്കു്

തോന്നിയിരുന്നില്ല. അയാളുടെ ഹൃദയത്തിന്റെ ആഴവും, അടിയൊഴുക്കുകളും അളന്നുനോക്കുന്ന ഒരു നോട്ടത്തോടുകൂടി അയാളുടെ അപ്പച്ചി പറഞ്ഞു:—

"ഒരു മുനിയെപ്പോലെ ഇങ്ങനെ കഴിഞ്ഞുകൂടിയാൽ നിന്റെ ജീവിതം പാഴായിപ്പോകും. ഇന്നുതന്നെ നമുക്കു പോകണം."

"അതെങ്ങനെയാണു്?" എന്നു ചന്ദ്രശേഖരൻ പതറിയ സ്വരത്തിൽ ചോദിച്ചു.

"എന്താണു് അതിനു നിനക്കുള്ള വൈഷമ്യം?............ ആ പെൺകുട്ടി ആരാണു്?"

ഓമന ചന്ദ്രശേഖരനു് ആരെന്നോ! അവൾ തന്റെ ജീവനും ജീവനാണെന്നും അവളെ, പിരിഞ്ഞിരിക്കുവാൻ തനിക്കു കഴിവില്ലെന്നും എന്തുകൊണ്ടു് തന്റെ അപ്പച്ചിയോടു തുറന്നുപറഞ്ഞുകൂട എന്നു് ആലോചിച്ചുകൊണ്ടും, കാത്യായനിഅമ്മയുടെ ഒടുവിലത്തെ ചോദ്യത്തിൽ തെളിഞ്ഞുനിന്ന പുച്ഛരസത്തെ പ്രതിഷേധിക്കുംപോലെയും അയാൾ മറുപടി പറഞ്ഞു:—"അവൾ ഒരു കൃഷീവലകന്യകയാണു്. എന്നെ ശുശ്രൂഷിച്ച ഈ വീട്ടുകാരുടെ ഏകപുത്രി."

കാത്യായനിഅമ്മ ചന്ദ്രശേഖരനെ ദഹിപ്പിക്കുമാറു് ആപാദചൂഡം ഒന്നു നോക്കി. "അവൾ ആരോ ആയിരുന്നു കൊള്ളട്ടെ. നമുക്കു ഇന്നുതന്നെ പോകണം."

ചന്ദ്രു:—"ഇന്നു് എന്തായാലും സാദ്ധ്യമല്ല. നിങ്ങൾക്കു നിർബന്ധമാണെങ്കിൽ നാളെ പോകാം."

കാത്യാ:—"ഇന്നു് ഇവിടെ താമസിക്കണമെന്നോ? കാററു കടക്കുന്ന ഒരു മുറിപോലും ഞാൻ കാണുന്നില്ലല്ലോ?"

ചന്ദ്രശേഖരൻ അസ്വാസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും നടന്നു. ഓമന പൂക്കളും ചിത്രങ്ങളും കൊണ്ടു് അലങ്കരിച്ചു്, അയാളുടെ സകല സുഖസൗകര്യങ്ങൾക്കും യോജിച്ച വിധത്തിൽ സജ്ജമാക്കിയിരുന്ന ആ ചെറിയ മുറിയുടെ ചുററുപാടും

അയാൾ നോക്കി. ഓമനയുടെ സാന്നിദ്ധ്യത്തിൽ, ഒരു മുത്തിനു് ഇരിക്കാനുള്ള ചിപ്പി എന്നു് അയാൾ സങ്കല്പിച്ചിരുന്ന ആ മുറി എന്നേക്കും ഉപേക്ഷിച്ചു പോകണമല്ലോ എന്ന സങ്കടം അയാളുടെ മുഖത്തു ദൃശ്യമായിരുന്നു. അയാളുടെ അപ്പച്ചിയുമായി സംസാരിക്കുമ്പോൾ, ഓമന ആ മുറിയുടെ വാതുക്കൽക്കൂടി കടന്നുപോയിരുന്നു. അപ്പോഴെല്ലാം അയാളുടെ ചിന്ത ഓമനയ്ക്കും മാലതിക്കുംമദ്ധ്യേ ശാഖാചംക്രമണം ചെയ്തിരുന്നു. അയാൾ എന്താണു് ചെയ്യുക? അപ്പച്ചിയുടെ സാന്നിദ്ധ്യംതന്നെ അയാൾ വിസ്മരിച്ചു. ഒരിക്കലും അഴിവില്ലാത്ത ഒരു ചങ്ങല അയാളെ മാലതിയുമായി വളരെ മുമ്പുതന്നെ ബന്ധിച്ചിരുന്നു. പക്ഷെ, അതു പൊട്ടിച്ചെറിയാതെ, അപ്പോഴത്തെ സ്ഥിതിക്കു് അയാൾക്കു് എന്താണു് നിവാഹം? തീർത്ഥവാരിപോലെ പരിശുദ്ധമായി, അഗാധമായ പ്രണയം. ഓമന അയാളുടെ ഹൃദയത്തിൽ നിറച്ചുനിറുത്തിയിരുന്നു. അയാളുടെ ഓമന! 'പ്രേമസർവ്വസ്വ'മായ ആ പരിശുദ്ധകന്യയെ അയാൾ തന്റെ അഭിമാനത്തെ സംരക്ഷിക്കുവാൻമാത്രം ബലികഴിക്കുകയൊ? അതല്ല, അന്തരാത്മാവിന്റെ സൂക്ഷ്മനിനദത്തിനു വിധേയനായി അവളെ വിവാഹം കഴിച്ചു് ഈ നാടുവിട്ടു വല്ലദിക്കിലും പോവുകയൊ? പ്രശാന്തരമണീയമായി പ്രവഹിച്ചിരുന്ന തന്റെ ജീവിതനദി ഇത്തരം ഒരു പാറയിൽ ചെന്നുമുട്ടി, ഇങ്ങനെ അപ്രതീക്ഷിതമായി നിരോധിക്കപ്പെടുമെന്നു് അയാൾ ഒരു കാലത്തും കരുതിയിരുന്നില്ല. പ്രേമത്തിന്റെ ക്രൂരനാരാചങ്ങൾ തന്റെ ഹൃദയരക്തം ചിന്തുമെന്നും അയാൾക്കു വിചാരമില്ലായിരുന്നു. ഒരു ആശ്വാസത്തു മാത്രമേ അയാൾക്കു് ഉണ്ടായിരുന്നുള്ളു. ഓമനയുടെ പ്രേമം സമ്പാദിക്കുന്നതിനു് അയാൾ മനഃപൂർവ്വം ശ്രമിച്ചിരുന്നില്ല. മനുഷ്യബുദ്ധിക്കു് അപ്രമേയമായ ഒരു ദിവ്യഹസ്യം ആ രണ്ടു ഹൃദയങ്ങളെ കൂട്ടി ഉരുക്കി ഒന്നാക്കുകയാണു് ചെയ്തിരുന്നതു്.

ചന്ദ്രശേഖരന്റെ സന്തപ്തഹൃദയത്തിൽനിന്നു് ഒരു നെടുവീർപ്പു നിർഗ്ഗമിച്ചു. അന്നു പ്രഭാതത്തിൽ പരമാഹ്ലാദപ്രദ

മായി അയാൾക്കു തോന്നിയിരുന്ന സാജീവിതം അത്യന്തം നിന്ദ്യമായി, നികൃഷ്ടമായിത്തീർന്നുപോയിരുന്നു! എന്നാൽ ബാഹ്യപ്രപഞ്ചം ഒരു വ്യത്യാസവും കൂടാതെതന്നെ അപ്പോഴും ശോഭിച്ചിരുന്നു. സൂര്യരശ്മികൾ ദീപ്തിമത്തുകളും, പൂവണ്ണൂർ ഷലായിൽനിന്നു വീശിയ ശ്രമഹരമായ മന്ദപവനൻ സുരഭിലവുമായിരുന്നു.

മൂകനായി നിന്ന ആ യുവാവിനെ അയാളുടെ അപ്പച്ചിയുടെ സൂക്ഷ്മനയനങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഒരു ശക്തിക്കും നിയന്ത്രിച്ചു നിറുത്തുവാൻ നിവ്വാഹമില്ലാത്തവിധം ചന്ദ്രശേഖരൻെറ ഹൃദയം പല കുമാർഗ്ഗങ്ങളിൽ കൂടിയും സഞ്ചരിച്ചുകഴിഞ്ഞിരിക്കുന്നു എന്നു് അവർ തീർച്ചപ്പെടുത്തി. ഓമനയോടും ആ വീട്ടുകാരോടും അകാരണമായി കലശലായ ഒരു വിപ്രിയം അതോടെ ആ സ്ത്രീക്കു് ഉളവാകുകയും ചെയ്തു.

ചന്ദ്രശേഖരൻെറ മുഖത്തു ദൃഷ്ടികൾ ഉറപ്പിച്ചു, കാത്യായനിഅമ്മ പറഞ്ഞു:—"ആ പെൺകുട്ടിക്കു വേണ്ടിടത്തോളം സൗന്ദര്യം ഉണ്ടു്; അല്ലേ, ചന്ദ്രാ?"

ചന്ദ്ര:—"അതെ; ഇങ്ങനെ എത്ര വനകുസുമങ്ങൾ ആരും കാണാതെ വിടർന്നു നശിക്കുന്നു!"

കാത്യാ:—"അതെ, അവൾ ഒരു വനകുസുമം തന്നെയാണു്. എന്തോ എനിക്കു ഒരു പ്രത്യേക പ്രതിപത്തി—അല്ല, അനുകമ്പ—അവളുടെ നേരെ തോന്നുന്നു."

ചന്ദ്രശേഖരൻ പെട്ടെന്നു വിഷമിച്ചു വിയത്തുപോകത്തക്കവണ്ണമായിരുന്നു അയാളുടെ അപ്പച്ചി അങ്ങനെ പറഞ്ഞതു്.

"അവൾക്കു് പാട്ടു് അറിയാമോ?"

ചന്ദ്രൻ:—"അതെ".

ആ സമയം, ഓമന ഒരു പാൽപ്പാത്രവും പലഹാരവുമായി ആ മുറിക്കകത്തേക്കു വന്നു. ആ യുവതീയുവാക്കന്മാരെ കാത്യായനിഅമ്മ മാറിമാറി നോക്കി. മൂന്നുപേരുടെയും

മുഖം വിഭിന്നവികാരങ്ങളാൽ വിവൎണ്ണമായി. ഓമനയുടെ അപ്പോഴത്തെ അധീരനോട്ടവും, നീലോല്പലനിഭമായ നയനങ്ങളിൽ തെളിഞ്ഞുകണ്ട നിഷ്കപടതയും, പൂക്കൾ അണിഞ്ഞ കുന്തളഭാരവും, എല്ലാംകൂടി അവളെ സൗന്ദൎയ്യദേവതയായി രൂപാന്തരപ്പെടുത്തിയിരുന്നു. അപ്പോൾ അവൾ അവളുടെ ഹൃദയംഹരിച്ച യുവാവിനെആകട്ടെ അയാളുടെ ഇളയമ്മയെ ആകട്ടെ കണ്ടിരുന്നില്ല. അകാരണമായി അവളുടെ ഹൃദയം പിടഞ്ഞു. പരീക്ഷയ്ക്കു നിറുത്തിയ കുട്ടിയെപ്പോലെ അവൾ വിഷമിച്ചു. "കുട്ടീ, നീ എന്താണു പരിഭ്രമിക്കുന്നതു്?," എന്നു പറഞ്ഞു ചിരിച്ചുകൊണ്ടു് കാത്യായനിഅമ്മ ചോദിച്ചു. ഓമന പെട്ടെന്നു ചന്ദ്രശേഖരൻെറ മുഖത്തേക്കു ഒന്നു നോക്കിപ്പോയി. അനന്തരം ആരുടെ ഹൃദയവും ഹരിക്കുന്ന ഒരു മന്ദഹാസത്തോടെ അവൾ കാത്യായനിഅമ്മയുടെ നേരെ തിരിഞ്ഞു. അവളുടെ അപ്പോഴത്തെ ലജ്ജയും മൂകതയും വിനയാന്വിതമായ നോട്ടവും അവളുടെ സൗന്ദൎയ്യത്തെ ശതഗുണീഭവിപ്പിച്ചു. എന്തു പറയണമെന്നറിയാതെ ഓമന കുഴങ്ങി.

ചന്ദ്രൻ:—"ഓമന വല്ലാതെപരിഭ്രമിച്ചുപോയെന്നുതോന്നുന്നു."

കാത്യായനിഅമ്മ:—"എന്തു്: ഓമനയോ? ആരുടെ ഓമന?"

ചന്ദ്രൻ:—(ചിരിച്ചുകൊണ്ടു്) "സകലരുടേയും ഓമന."

കാത്യാ:—"ഓ, അതു പേരാണു്, അല്ലേ? ഞാൻ അറിഞ്ഞില്ല."

"ഓമന പ്രാവുകൾക്കു തീററി കൊടുക്കുന്നതു ഞാൻ ഈ ജനാലയിൽക്കൂടി നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു. അവ വളരെ ഇണക്കമുള്ള പക്ഷികൾ ആണെന്നു് തോന്നുന്നല്ലോ," എന്നു കാത്യായനിഅമ്മ പറഞ്ഞു.

ഓമന:—"അവയ്ക്കെല്ലാം എന്നെ നല്ലപോലെ അറിയാം."

കാത്യാ:—"ഈ പ്രദേശം മുഴുവനും എത്ര മനോഹരമായിരി

ക്കുന്നു! ഇങ്ങനെ വൃക്ഷങ്ങളും ചെടികളും നിറഞ്ഞ ഒരു ദിക്കും ഞാൻ കണ്ടിട്ടില്ല. ഇവിടംവിട്ടു പട്ടണങ്ങളിൽ എവിടെയെങ്കിലും പോയി താമസിക്കുന്നതു് ഓമനയ്ക്കു് ഇഷ്ടമായിരിക്കുമൊ?"

ഓമന:—"ഇല്ല. ഒരിക്കലും ഇല്ല."

കാത്യാ:—ചന്ദ്രൻെറ ശുശ്രൂഷമുഴുവനും ഓമനയ്ക്കായിരുന്നു, അല്ലേ? അതിനു ഞാൻ കൃതജ്ഞത പറയുന്നു "

"കൃതജ്ഞത!" എന്തു്, ചന്ദ്രശേഖരനെ ശുശ്രൂഷിച്ചതു കൃതജ്ഞതയെ കരുതിയാണൊ? ലോകത്തു തനിക്കൊഴിച്ചു മററാർക്കാണു് അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിനും ആരാധിക്കുന്നതിനും അവകാശം? അതിൽപ്പരം ഒരു പരമാനന്ദം തൻെറ ജീവിതത്തിൽ അതിനുമുൻപു് ഒരിക്കലും ഉണ്ടായിട്ടില്ല. ഹൃദയത്തിൽക്കൂടി അനുക്രമം കടന്നുപോയ ഈ ചിന്തകളാൽ ഓമന മന്ദഹസിച്ചു "എനിക്കു വളരെ സന്തോഷകരമായ ഒരു കൃത്യമായിരുന്നു അതു്".

കാത്യാ:—"ഓ, അങ്ങനെയൊ? ഓമന കോളംബത്തു്എപ്പോഴെങ്കിലും വന്നിട്ടുണ്ടോ?"

ഓമന:—"ഇല്ല. ഞാൻ ഈ ദിക്കുവിട്ടു് എങ്ങും സഞ്ചരിച്ചിട്ടില്ല."

കാത്യാ:—എന്തു്? ഈ പൂവന്നൂർ ഗ്രാമത്തിനപ്പുറമൊ?"

ഓമന:—അതെ. എനിക്കു് അതിനു വല്ലതായ ആഗ്രഹവും തോന്നിയിട്ടില്ല."

ഓമന മന്ദഹാസപൂർവ്വം ചന്ദ്രശേഖരൻെറ മുഖത്തേക്കു നോക്കി. അവരുടെ പരസ്പരപ്രേമം മുഖത്തു വ്യക്തമായി നിഴലിച്ചിരുന്നു. അതുകണ്ടു് ഒരു അമ്പരപ്പോടുകൂടി കാത്യായനിഅമ്മ വിചാരിച്ചതു് അന്നെങ്കിലും താൻ വന്നുചേർന്നതു എന്തുകാര്യമായി എന്നായിരുന്നു. ഏതൊരാളെയും വശീകരി

കുവാൻ പര്യാപ്തമായ എന്തോ ഒന്നു് ആ യുവതിയുടെ അംഗലാവണ്യത്തിൽ ഒളിഞ്ഞുകിടപ്പുണ്ടെന്നും, അതിനു താൻതന്നെയും വിധേയനായിത്തീർന്നുപോയി എന്നും അവർ സ്വയം സമ്മതിക്കേണ്ടിവന്നു. ചിത്രമെഴുത്തുകോയിത്തമ്പുരാൻെറ കലാനൈപുണിക്കുപോലും ഓമനയുടെ സൗകുമാര്യം പകർത്തിയെടുക്കാൻ കഴിവുണ്ടാകയില്ലെന്നും അവർക്കു തോന്നി. നാഗരികത എന്തെന്നു് അറിഞ്ഞിട്ടില്ലാത്ത ഒരു ഗ്രാമത്തിൽ, വിദ്യാസമ്പന്നനായ ഒരു യുവാവു്, സുന്ദരിയായ ഒരു പെൺകിടാവുമായി പരിചയപ്പെടാൻ ഇടയായാൽ, അതിൻെറ ഫലം എന്തായിരിക്കുമെന്നു് കാത്യായനിഅമ്മയ്ക്കു ഊഹിക്കുവാൻ കഴിയുമായിരുന്നു.

ചന്ദ്രശേഖരൻെറ വിവാഹനിശ്ചയം കഴിഞ്ഞിരുന്നു എന്നുള്ള വിവരം ഓമനയെ അറിയിക്കേണ്ടതു് അത്യാവശ്യമാണെന്നും, അങ്ങനെ ആ അസ്ഥാനപ്രണയത്തിനു് പൂർണ്ണവിരാമം ഇടേണ്ടതാണെന്നും അവർ തീർച്ചപ്പെടുത്തി.

## ix

അന്നത്തെ സായാഹ്നം അതിമനോഹരമായിരുന്നു. വിസ്തൃതമായ പൂവന്തൂരേലായുടെ പശ്ചിമഭാഗത്തു അതിദൂരം നിബിഡമായി വളർന്നിരുന്ന വൃക്ഷസംഹതികൾക്കിടയിൽ സൂര്യബിംബം താണുതുടങ്ങി. പാടത്തിൽ വേലചെയ്തിരുന്ന ചെറുമർ ‘കോളയും കലപ്പ’യുമായി കരയ്ക്കുകയറി. ആ പ്രദേശം മുഴുവനും അപ്പോൾ അനന്യാദൃശമായ ഒരു സുഷമയിലും നിശ്ശബ്ദതയിലും മുങ്ങിയിരുന്നു.

ഓമന പൂക്കൾ ഇറുത്തുകൊണ്ടും, ചെടികൾക്കു വെള്ളം കോരിക്കൊണ്ടും പൂന്തോട്ടത്തിൽ നിന്നിരുന്നു. അന്നു് അകപ്പാടെ ഒരു വൈക്ലബ്യം അവളെ ബാധിച്ചിരുന്നു. ചന്ദ്രശേഖരനുമായുള്ള വിയോഗം അത്യാസന്നമായിരിക്കുന്നു എന്നൊരു ‘ഭൂതോദയം’ അവളുടെ ഹൃദയത്തെ വല്ലാതെ മഥിച്ചു. അതേസമയം ഏതുകാലത്തും ഭിന്നിക്കാതുള്ള പ്രണ

യം ആ യുവാവിനു് തന്നോടുണ്ടെന്നുള്ള പൂർണ്ണബോദ്ധ്യം അവൾക്കു തെല്ലൊരാശ്വാസഹേതു ആകാതെയും ഇരുന്നില്ല.

തന്റെ പ്രേമം മാംസനിബദ്ധമല്ലെന്നു് അവൾ അനുക്ഷണം സ്വന്തം ആത്മാവിനോടു് ആമന്ത്രണംചെയ്തിരുന്നെങ്കിലും, ചന്ദ്രശേഖരൻ 'അപര'യെ നാരിയായി ഓർത്തിരുന്നു എന്നു് ആരെങ്കിലും തന്നോടു പറഞ്ഞാൽ, അവളുടെ ജീവിതം അതോടെ ശകലിതമാകുമായിരുന്നു. അന്ധകാരാവൃതമായ ഒരു ഭയങ്കരഗത്തത്തിന്റെ ആഴം നോക്കിക്കൊണ്ടു് അതിന്റെ വിളുമ്പിൽ ഭീതയായി നില്ക്കുകയാണു് അവൾ ചെയ്തതു്.

ആരോ ഒരാൾ സമീപം നില്പുണ്ടെന്നു് തോന്നുകയാൽ, അവൾ തിരിഞ്ഞുനോക്കി. അതു ചന്ദ്രശേഖരന്റെ അപ്പച്ചിയായിരുന്നു. അവർ അവിടെ വന്നിട്ടു് അല്പനേരം കഴിഞ്ഞിരുന്നു. വിഷാദമഗ്നയായി ഏകയായി നിന്ന ഓമനയുടെ മുഖപത്മത്തെ അസ്തമയസൂര്യന്റെ ചെങ്കതിരുകളിലൊന്നു് അപ്പോൾ തലോടുന്നുണ്ടായിരുന്നു. അതു് അത്ഭുതപൂർവ്വമായ ഒരു ശോഭ അവൾക്കുണ്ടാക്കിത്തീർത്തു. നോക്കി ആശ്ചര്യംപൂണ്ടും, ഈ പൈങ്കിളിയുടെ ഹൃദയം പിളർക്കാനുള്ള ക്രൂരദൗത്യമായിട്ടാണു് താൻ അവിടെ എത്തിയതെന്നോർമ്മിച്ചു് ഏതാണ്ടു് ദുഃഖിച്ചും കാത്യായനീഅമ്മ സ്തബ്ധയായി നിന്നുപോയി.

അവർ മന്ദഹസിച്ചുകൊണ്ടടുത്തുചെന്നു് ഓമനയുടെ തോളിൽ കൈവെച്ചു: "എന്തൊരു മനോഹരമായ പൂന്തോട്ടം! ഓമനതന്നെ നട്ടുണ്ടാക്കിയതായിരിക്കും, അല്ലേ? പട്ടണങ്ങളിൽപോലും ഇത്തരം പൂന്തോട്ടങ്ങൾ കാണുകയില്ല! അതാ, ആ ജവന്തിയും ഈ റോസയും കോളംബത്തുതന്നെ ദുർല്ലഭമാണു്." തന്റെ ഉള്ളിൽ അപ്പോൾ തിളച്ചുപൊങ്ങിയ വിചാരങ്ങളെ പെട്ടെന്നു് ഗോപനം ചെയ്യുന്നതിനു് അവർ അങ്ങനെ സംഭാഷണം ആരംഭിച്ചു.

"വരൂ, നമുക്കു് ആ വൃക്ഷച്ചുവട്ടിൽ ചെന്നിരിക്കാം. എനിക്കു് ഓമനയോടു പല കാര്യവും പറയാനുണ്ടു്."

ആദ്യം അവർ പൂവണ്ണൂർ ഗ്രാമത്തെയും അവിടത്തെ

പാടങ്ങളേയും ചിറയേയും പററിയും, ഓമനയുടെ വളത്തു പക്ഷികളെപ്പററിയും സംസാരിച്ചു. ഓമനയുടെ ശബ്ദമാധുയ്യവും, അനന്യാദൃശമായ ലാവണ്യധോരണിയും, ശുദ്ധബുദ്ധിയും കാത്യായനി അമ്മയുടെ ഹൃദയത്തെ നിശ്ശേഷം വശീകരിച്ചു എന്നുള്ളതിനു സംശയമില്ല. വീട്ടുകായ്യങ്ങളേയും, നാട്ടുകായ്യങ്ങളേയും, ചന്ദ്രശേഖരൻെറ താമസത്തേയും കുറിച്ചു് അവർ ചോദിച്ചു. പാവം ഓമന! അമ്പേററ പക്ഷിയെപ്പോലെ അവളുടെ ഹൃദയം പിടഞ്ഞു. കാത്യായനിഅമ്മ തന്നെ കുരുക്കുവാൻ വിചിത്രമായ ഒരു പട്ടുവല നിമ്മിക്കുകയാണു് ചെയ്യുന്നതെന്നു് ഓമനയ്ക്കു് അറിവില്ലായിരുന്നു. കഷ്ടം! പ്രണയപരവശയായ ആ പെൺകുട്ടിക്കു് ഒരു വികാരങ്ങളേയും അതിസമത്ഥയായ കാത്യായനിഅമ്മയിൽ നിന്നു് ഒളിച്ചുവയ്ക്കാൻ കഴിവുണ്ടായില്ല. ഹൃദയം നിറഞ്ഞു നിന്ന പ്രണയം, ചന്ദ്രശേഖരൻെറ പേരുകേട്ടപ്പോൾ കുങ്കുമരേഖമായിത്തീന്നു അവളുടെ പൂങ്കവിൾ പ്രത്യക്ഷമാക്കി.

"ചന്ദ്രനെപ്പോലെ വിദ്യാസമ്പന്നരായ യുവാക്കന്മാർ ഈ നാട്ടിൽ ഇല്ല, അല്ലേ?" എന്നു് കാത്യായനിഅമ്മ ചോദിച്ചു.

അദ്ദേഹത്തോടു താരതമ്യപ്പെടുത്തുവാൻ തക്ക യോഗ്യതയുള്ള ഒരാളേയും താൻ കണ്ടിട്ടില്ലെന്നു് ശുദ്ധശീലയായ ഓമന പറഞ്ഞു.

"ചന്ദ്രനു പൂക്കളോടു വലിയ പ്രതിപത്തിയായിരുന്നു. പൂന്തോട്ടങ്ങൾ അവൻെറ ജീവനുമായിരുന്നു. ഇവിടെ ചില പുതിയ പൂച്ചെടികളും മററും കാണുന്നതു് ചന്ദ്രൻ വരുത്തി തന്നതായിരിക്കും. അവൻ ഓമനയെ സഹായിക്കാറുണ്ടായിരുന്നോ?"

ഓമന സകലതും തുറന്നുപറഞ്ഞു. ചന്ദ്രശേഖരൻ മിക്കവാറും സമയം തന്നോടൊന്നിച്ചു് ആ പൂന്തോട്ടത്തിൽ കഴിച്ചുകൂട്ടിയിരുന്നു എന്നും, അദ്ദേഹത്തിനും തനിക്കും അല്ലാതെ

പൂക്കളെ ഇങ്ങനെ സ്നേഹിക്കാൻ കഴിയുന്നതല്ലെന്നു് താൻ വിശ്വസിക്കുന്നു എന്നും ഓമന സമ്മതിച്ചു.

കാത്യായനിഅമ്മ അർത്ഥവത്തായി മന്ദഹസിച്ചു. അവരുടെ സംശയങ്ങൾ അടിസ്ഥാനരഹിതങ്ങളല്ലായിരുന്നു. ഓമനയുടെ ഓരോ വാക്കും, മുഖത്തിന്റെ ഓരോ ഭാവഭേദവും, അവളുടെ മൃദുസ്വരത്തിൽ അനുക്ഷണമുണ്ടായ മാററവും, നയനതാരകളിൽ പരിസ്ഫുരിച്ച കാന്തിപൂരവും ഒരേ കഥയുടെ ആവർത്തനമായി കാത്യായനിഅമ്മയ്ക്കു ബോധപ്പെട്ടു. ഓമന ചന്ദ്രശേഖരനെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു!

അല്പനേരം രണ്ടുപേരും മൂകരായി ഇരുന്നു. പെട്ടെന്നു് കാത്യായനിഅമ്മ തിരിഞ്ഞു്, ഓമനയെ ശ്രദ്ധാപൂർവ്വം നോക്കിക്കൊണ്ടു് ഇങ്ങനെപറഞ്ഞു:—"ചന്ദ്രൻ അതിസമർത്ഥനാണു്. അവന്റെ സാഹചര്യം ഓമനയ്ക്കു് എന്തെങ്കിലും ഗുണം ചെയ്തിട്ടുണ്ടോ? ഓമന ബുദ്ധിയുള്ള കൂട്ടത്തിലാണെന്നു് എനിക്കറിയാം. നിങ്ങളുടെ ഈ പരിചയംമൂലം ഓമനയ്ക്കു് ഇപ്പോഴത്തെ ജീവിതരീതിയിൽ എന്തെങ്കിലും അസംതൃപ്തി തോന്നിയിട്ടുണ്ടോ?"

അതിനു് ഉത്തരമായി ഓമന പുഞ്ചിരി തൂകിയതേയുള്ളു. അപ്പോഴേക്കും സന്ധ്യാരാഗം നിശ്ശേഷം മങ്ങി, ചന്ദ്രന്റെ അപൂർണ്ണരശ്മികൾ ആ പൂന്തോട്ടത്തെ ചുംബിക്കുവാൻ ആരംഭിക്കുകയായിരുന്നു. വൃക്ഷച്ചുവട്ടിൽ നീലപ്പുൽത്തറയിൽ ഇട്ടിരുന്ന ഒരു ചെറിയ ചാരുബെഞ്ചിൽ അവർ രണ്ടുപേരും അപ്പോൾ ഇരിക്കുകയായിരുന്നു. ഓമന പെട്ടെന്നു് ഓർമ്മിച്ചു, ആ ബെഞ്ചു് ഗംഗാധരൻ ഒരു കൊല്ലത്തിനു മുൻപു് അവൾക്കു സംഭാവന ചെയ്തതായിരുന്നു എന്നു്. 'സമയമായി' എന്നു് കാത്യായനി അമ്മയ്ക്കു തോന്നി. ഒരു അദൃശ്യഖഡ്ഗം ഓമനയുടെ ഹൃദയം പിളർക്കുവാൻ തന്റെ കൈയിൽ ഇരുന്നു തിളങ്ങുന്നുണ്ടെന്നു് ആ സ്ത്രീക്കു് അറിയാമായിരുന്നു. ഓമനയുടെ നിഷ്കപടവും സ്നേഹാർദ്രവുമായ വിശാലനയനങ്ങൾ കാത്യായനി അമ്മയുടെ ഹൃദയത്തിൽ എന്തെന്നില്ലാത്ത ഒരു വ്യസ

നം ഉളവാക്കി. അവർ ഇങ്ങനെ തുടങ്ങി:—"ചന്ദ്രനു് ഇവിടത്തെ താമസം സന്തോഷപ്രദമായിരുന്നു എന്നു പറഞ്ഞു."

ഓമ:—"ഞങ്ങൾ അറിഞ്ഞുകൊണ്ടു ഒരു അസുഖവും അദ്ദേഹത്തിനു വരുത്തിയിട്ടില്ല."

കാത്യാ:—"ഓമനേ, നിന്നോടൊരു കാര്യം പറയാം. നിനക്കുതന്നെ ഒരു പക്ഷെ അറിയാം, നിന്റേയും ചന്ദ്രന്റേയും ജീവിതരീതികൾക്കു വലുതായ അന്തരമുണ്ടെന്നു്. ഇന്നു നിന്നെ കാണുകയും, എന്നോടുതന്നെയുള്ള സ്നേഹപൂർവ്വമായ പെരുമാററം അറിയുകയും ചെയ്തശേഷം, നിന്നോടു് എനിക്കു അളവററ വാത്സല്യം തോന്നിയിട്ടുണ്ടു്. കുഞ്ഞേ, നീ ഇനിയും ലോകം കണ്ടിട്ടില്ല."

ഓമന ആ വാക്കുകളുടെ അർത്ഥം മനസ്സിലാകാത്തവിധം കാത്യായനിഅമ്മയുടെ മുഖത്തു നോക്കിക്കൊണ്ടിരുന്നു. പാടത്തിൽനിന്നു ഊതിയ അന്തിക്കാററു് ലോകത്തു ദുഃഖമൊന്നേ സത്യമായിട്ടുള്ളു എന്നു് അവളോടു മന്ത്രിക്കുംപോലെ തോന്നി. കാത്യായനിഅമ്മ തുടർന്നു പറഞ്ഞു:—"ഓമനേ, കുടിലതയും ദുഷ്ടതയും അറിയാത്ത ഒരു പാവപ്പെട്ട പെൺകുട്ടിയാണു് നീ. സത്യംപറയൂ, നീ ചന്ദ്രശേഖരനെ സ്നേഹിക്കുന്നില്ലേ?"

ഓമന കാത്യായനിഅമ്മയുടെ മുഖത്തു കരുണാർദ്രമായ വിധംനോക്കി. ആ സ്ത്രീ തന്നെവഞ്ചിക്കുമോ? അവരോടു തന്റെ പ്രേമം മുഴുവനും തുറന്നുപറയുന്നതു് അപത്താണോ? എന്നെല്ലാം അവൾ ഒരു നിമിഷത്തിനുള്ളിൽ ആലോചിച്ചു. ഒരു മറുപടിയും പറയാൻ നിർവ്വാഹമില്ലാത്തവണ്ണം കുഴങ്ങി, അവൾ കുമ്പിട്ടിരുന്നു. അശ്രുകണം അവളുടെ കണ്ണിൽ അപ്പോൾ പൊടിച്ചു. ഇതെല്ലാം ശ്രദ്ധിച്ചിരുന്ന കാത്യായനിഅമ്മയ്ക്കു മററു തെളിവുകൾ ആവശ്യമുണ്ടെന്നു തോന്നിയില്ല. അവർ പറഞ്ഞു:—"നിന്റെ മൗനം മതിയായ മറുപടിയാണു്. ചന്ദ്രനെ നീ പൂർണ്ണമായും അറിഞ്ഞിട്ടില്ല. മററു യുവാക്കന്മാരെപ്പോലെതന്നെ ചിന്താശൂന്യനാണു് അവനും; അല്ലെങ്കിൽ,

അവൻ നിന്നെ ഇങ്ങനെ ചതിക്കാൻ മുതിരുകയില്ലായിരുന്നു."

ഓമന പെട്ടെന്നു് മുഖമുയർത്തി ഉദ്വേഗത്തോടെ പറഞ്ഞു:—"എന്തു്? അദ്ദേഹം എന്നെ ചതിക്കാൻ മുതിർന്നു എന്നോ? ഇല്ല, ഒരിക്കലുമില്ല. ഞാൻ സ്വയം അറിയാതെ അദ്ദേഹത്തെ സ്നേഹിച്ചുപോയി. അദ്ദേഹത്തിൻെറ ഹൃദയത്തിൽ ഒരു സ്ഥാനം ഞാൻ അപഹരിച്ചെടുക്കയാണു ചെയ്തതു്."

കാർത്ത്യായനിഅമ്മ ചിരിച്ചു: "ഓമന അപഹരിച്ചതിനെ, ഓമനയുടെ സൗന്ദര്യത്താൽ വശീകൃതനായ ആ ചെറുപ്പക്കാരൻ സ്നേഹപൂർവ്വം ഒടുവിൽ ഒരു സംഭാവനയെന്നോണം മടക്കിത്തന്നു, അല്ലെ?"

ഓമന വിഷണ്ണയായി, ആകാശവിവിക്തതയിലേക്കു നോക്കി.

കാർത്ത്യാ:—"അതെന്തും ആയിരുന്നുകൊള്ളട്ടെ. കുട്ടി, നീ ഒന്നാലോചിച്ചുനോക്കിയോ? കവിതയിലും നാടകത്തിലുമല്ലാതെ മററവിടെയെങ്കിലും സ്ഥിരപ്രേമം എന്നൊന്നു് നീ കണ്ടിട്ടുണ്ടോ? ചന്ദ്രൻെറ ഹൃദയം സ്വതന്ത്രമാണോ എന്നു് നീ അന്വേഷിച്ചോ? അവൻ മററാരിലെങ്കിലും അനുരക്തനാണോ എന്നു് നീ തിരക്കിയോ? ഇല്ല, അന്വേഷിച്ചിരിക്കയില്ല. എനിക്കറിയാം. കുഞ്ഞേ, നിൻെറ ചിന്താശൂന്യമായ ഈ പ്രണയത്തിൻെറ അന്ത്യഫലം ദുഃഖവും നിരാശയുമാണു്. നിന്നോടു് അതുകൊണ്ടു് ഒരു കാര്യം ഞാൻ പറയാം. ഇപ്പോൾ നിൻെറ നെടുവീർപ്പുകൾക്കിടയിൽ ഒരു പരമാനന്ദം ഒളിച്ചുകിടപ്പുണ്ടു്. എന്നാൽ, അതിവേഗംതന്നെ അവ നിൻെറ കരളറുത്തുതുടങ്ങും. പ്രേമലത ഹൃദയത്തിൽ ഇപ്പോൾ വേരോടിയിട്ടേയുള്ളു. ഒരു കാലത്തു്, ശോഭയും സൗരഭ്യവുമുള്ള പുഷ്പങ്ങൾ അതിൽ വിടരുമെന്നാണു് ഓമനയുടെ വിശ്വാസം. ശോഭയുള്ള പുഷ്പങ്ങളായിരിക്കാം; പക്ഷെ, മുള്ളുകൾക്കുള്ളിലെ വിഷപുഷ്പങ്ങൾ മാത്രമായിരിക്കും അവ."

ഓമനയ്ക്കു് ഒന്നും മനസ്സിലായില്ല. ലോകസാധാരണമായ പ്രേമം തന്റേതിൽനിന്നു് എത്രയോ വിഭിന്നമെന്നായിരുന്നു അവളുടെ വിശ്വാസം. അവൾ ഒരു പാവയെപ്പോലെ എല്ലാം കേട്ടുകൊണ്ടിരുന്നു.

"ഓമനേ, നിന്നിൽനിന്നു് അക്കാര്യം അല്ലെങ്കിൽ എന്തിനു ഞാനൊളിക്കുന്നു? ആറേഴ മാസമായി ചന്ദ്രശേഖരന്റെ വിവാഹനിശ്ചയം കഴിഞ്ഞിട്ടു്. ഇക്കൊല്ലം മദ്ധ്യവേനൽ ഒഴിവിനു് വിവാഹം നടക്കുന്നതാണു്. മാലതിക്കു്—എന്നാണവളുടെ പേരു്—സൗന്ദര്യം നിന്നെക്കാൾ ഒട്ടും കുറവല്ല; ബി. എ. ക്ലാസ്സിൽ വായിക്കുന്നു. ഒട്ടുവളരെ സ്വത്തും ഉണ്ടു്. രണ്ടുപേർക്കും പരസ്പരാനുരാഗവും വിവാഹകാര്യത്തിൽ പൂർണ്ണസമ്മതവുമാണുള്ളതു്. ചന്ദ്രൻ ഇതൊന്നും ഓമനയോടു പറഞ്ഞിരിക്കയില്ല; നിശ്ചയം."

കാത്യായനിഅമ്മയുടെ ആ വാക്കുകൾ ഓമനയ്ക്കു് ഒരു അശനിപാതം തന്നെയായിരുന്നു. അവളുടെ ഹൃദയമാകുന്ന പളുങ്കുപാത്രം അതോടെ തകർന്നു. ഒരു നിശ്ശബ്ദത സർവ്വത്ര വ്യാപിച്ചു. കാലചക്രഭ്രമണം പെട്ടെന്നു നിലച്ചുപോയപോലെ അവൾക്കു തോന്നി. മൂകമായ ഒരു വേദന താങ്ങുവാൻ കഴിവില്ലാതെ, അന്തരീക്ഷം അതിസൂക്ഷ്മമായി ചലിച്ചു. കാത്യായനിഅമ്മയ്ക്കുതന്നെ അതു് അറിയാമായിരുന്നു. ആ നിശ്ശബ്ദതയെ ഭഞ്ജിക്കുവാൻ എന്തെങ്കിലും പറയേണ്ടതു് അത്യാവശ്യമായിത്തീർന്നതിനാൽ അവർ വീണ്ടും പറഞ്ഞു:—

"വിവാഹം എത്രയോ മുമ്പെ നടക്കേണ്ടതായിരുന്നു; അതിനുവേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുതുടങ്ങിയപ്പോഴാണു് ചന്ദ്രൻ രോഗശയ്യയെ പ്രാപിച്ചതു്."

ഓമന അതൊന്നും കേട്ടില്ല. ചന്ദ്രശേഖരൻ മാലതിയെക്കുറിച്ചു് ഒരക്ഷരംപോലും തന്നോടു പറഞ്ഞിരുന്നില്ലെന്നുള്ളതു് അവൾക്കു് അതിദുസ്സഹമായിരുന്നു. പരമാർത്ഥം മുഴുവനും മുമ്പിനാലെ അറിഞ്ഞിരുന്നെങ്കിൽ ഹൃദയത്തിന്റെ അനിയന്ത്രിതവ്യാപാരങ്ങളെ വല്ലവിധേനയും നിരോധിച്ചുനിറുത്താൻ അവൾക്കു സാധിക്കുമായിരുന്നു എന്നു തീർച്ചയാണു്.

അവളുടെ മുഖം വല്ലാതെ വാടി വിളറി; അധരം വിറച്ചു; നയനങ്ങൾ നിഷ്പ്രഭങ്ങളായി. അവർണ്ണനീയമായ ഉൽക്കടദുഃഖത്തോടെ അവൾ ശൂന്യതയിലേയ്ക്കുനോക്കി. ഹൃദയം ഉരുകി ബഹിർഗ്ഗമിക്കുംപോലെ അവൾ ദീർഘമായി നിശ്വസിച്ചു. കാത്യായനിഅമ്മയ്ക്കു് ഓമനയുടെ അപ്പോഴത്തെ പാരവശ്യം നല്ലപോലെ മനസ്സിലാക്കാൻ കഴിയുമായിരുന്നു.

"ഇതാണു കുട്ടി, വിചാരശൂന്യമായ പ്രവൃത്തിയുടെ ഫലം. തനിപ്പൊന്നു് ഈ ലോകത്തു കാണാൻ വിഷമമാണു്. ചന്ദ്രൻ കേവലം വിനോദത്തിന്നായി നിന്റെ ഹൃദയത്തെ വേട്ടയാടിപ്പിടിച്ചതാണു്. ഈ സംഭവങ്ങളെല്ലാം മറന്നുകളഞ്ഞു്, ഒരു നല്ല ജീവിതം വിവേകപൂർവം നയിക്കാൻ മേലാലെങ്കിലും നോക്കുക.......നാളെ ഞങ്ങൾ ഇവിടെനിന്നു പോകുന്നു."

അപ്പോഴത്തെ സ്ഥിതിക്കു് ഏകാന്തതയേക്കാൾ ആശ്വാസപ്രദമായി ഓമനയ്ക്കു മറെറാന്നും ഉണ്ടാവുകയില്ലെന്നറിഞ്ഞു്, കാത്യായനിഅമ്മ എണീററു. അതും അവരുടെ പുഞ്ചിരിയും ഒന്നും ഓമന അറിഞ്ഞതില്ല.

ഹാ! ഓമനയും അവളുടെ ഹൃദയരോദനവുംമാത്രം അവശേഷിച്ചു. ആദ്യം ഒന്നും വിശ്വാസംവരാതെ അവൾ തേങ്ങിക്കരഞ്ഞു; അവളുടെ ചന്ദ്രൻ അവളുടേതും അവളുടേതുമാത്രവുമാണെന്നു് അവൾ പിന്നെയും പിന്നെയും സ്വന്തം ആത്മാവിനോടു് ഉറപ്പിച്ചുപറഞ്ഞു. അദ്ദേഹം തന്നെയല്ലാതെ മററാരേയെങ്കിലും സ്നേഹിച്ചിട്ടുണ്ടെന്നോ, സ്നേഹിക്കുന്നുണ്ടെന്നോ, സ്നേഹിക്കുമെന്നോ അവൾക്കു വിശ്വാസമുണ്ടായില്ല. അന്നു് പ്രഭാതത്തിൽ അദ്ദേഹം തന്നെ ചുംബിച്ചതിന്റെ ഊഷ്മളതയും, മാധുര്യവും അപ്പോഴും അവൾ അനുഭവിച്ചിരുന്നു. ആ സംഭവം അവളുടെ ഹൃദയത്തെ അദ്ദേഹത്തിന്റേതുമായി എത്രമാത്രം അടുപ്പിച്ചിരുന്നു! മാലതിയെ വിവാഹം ചെയ്യുമെന്നോ? ആ യുവതി ഏതൊരു ഗന്ധർവ്വകന്യകയായിരുന്നാലും, ചന്ദ്രനെ താൻ സ്നേഹിക്കുംപോലെ ഒരു കാലം സ്നേഹിക്കയില്ലെന്നു് അവൾക്കു് അറിയാമായിരുന്നു. അദ്ദേഹത്തിന്റെ അപ്പച്ചി കരുതിക്കൂട്ടി ഇതെല്ലാം പറഞ്ഞതായിരിക്കു

മോ? ആയിരിക്കാൻ ഇടയില്ല. യുവജനഹൃദയം കാമ്യപരിഗ്രഹേച്ഛയിൽ സ്വാതന്ത്ര്യമാകയാൽ, ചന്ദ്രശേഖരൻ സ്വാശ്രയശക്തി ധാരാളമുള്ള ആളാകയാൽ, പരപ്രേരണയ്ക്കു് ഒരു കാര്യത്തിലും വശംവദനായി എന്നു് വരുന്നതല്ല. എങ്കിലും ഓമനയുടെ ഹൃദയനാളത്തിൽക്കൂടി വല്ലാത്ത ഒരു തീ എരിഞ്ഞുകയറി. അവൾ ചൈതന്യരഹിതയായി ബെഞ്ചിന്റെ ഒരുവശത്തേയ്ക്കു് ചരിഞ്ഞു. എത്ര സമയം അങ്ങനെ കഴിഞ്ഞു എന്നു് അവൾക്കു് ഓർമ്മയുണ്ടായില്ല.

ഹാ! മദ്ധ്യവേനൽ ഒഴിവിനു മാലതി എന്ന ഭാഗ്യവതിയെ ചന്ദ്രൻ വിവാഹം കഴിക്കുമെന്നോ? എന്തുകൊണ്ടു് അന്നു പ്രഭാതത്തിൽ അദ്ദേഹത്തിന്റെ ഗാഢാലിംഗനത്തിൽ ബദ്ധയായി നിന്നപ്പോൾ താൻ പരലോകം പൂകിയില്ല?

ലോകം മുഴുവൻ പൂനിലാവിൽ മുഴുകിയെങ്കിലും ഓമന അതു് അറിഞ്ഞില്ല. അവളുടെ ഹൃദയത്തെ നിർദ്ദയം മഥിച്ച "ദുഃഖസത്യ"ത്തെപ്പററി മാത്രമേ അവൾക്കു് എന്തെങ്കിലും ഒരു ബോധം ഉണ്ടായിരുന്നുള്ളു. അമ്മ അന്വേഷിക്കുന്നുണ്ടാകുമെന്നു് കരുതി, ഒടുവിൽ അവിടെനിന്നും പോകാൻ അവൾ ഭാവിച്ചു. എന്നാൽ അവൾക്കു് ആ ബെഞ്ചിൽ നിന്നെണീക്കാൻ ശക്തിയുണ്ടായില്ല, ഹൃദയസ്പന്ദനമുള്ള ഒരു മാർബിൾ പ്രതിമമാത്രമായിരുന്നു അവൾ. അലകളലറി വീഴുന്നമാതിരി ഒരു ശബ്ദം അവളുടെ കർണ്ണരന്ധ്രങ്ങളിൽ മുഴങ്ങി; അവളുടെ ജീവിതനഭസ്സിൽ കാർമേഘപടലം വന്നുനിറഞ്ഞു.

അടുത്ത മദ്ധ്യവേനൽ ഒഴിവു്! മരണമണിയുടെ നാദമായി ആ വാക്കുകൾ ഓമനയുടെ ഉള്ളിൽ അനുസ്യൂതം പ്രതിധ്വനിച്ചുകൊണ്ടേ ഇരുന്നു. തന്റെ ജീവിതവസന്തം അവസാനിച്ചതായി ആ യുവതി കണ്ടു. അവൾ എങ്ങനെയോ പിടഞ്ഞെഴുന്നേററു. ഒരു ആഗ്രഹം മാത്രമേ അപ്പോൾ അവൾക്കുണ്ടായിരുന്നുള്ളു. മേലാൽ അവൾ ചന്ദ്രനെ കാണുകയില്ല!

വാതുക്കൽ ഓമനയുടെ അമ്മ നിന്നിരുന്നു. ഓമനയുടെ മുഖം വല്ലാതെ വിളറി പരവശമായിരിക്കുന്നതുകണ്ട് അമ്മ ചോദിച്ചു:—"എന്താണു കുട്ടീ, നിനക്കു സുഖമില്ലേ?"

ഓമന അമ്മയുടെ മുഖത്തു നിർവ്വികാരമായി നോക്കിയതല്ലാതെ മറുപടി ഒന്നും പറഞ്ഞില്ല.

"എന്താണു കുഞ്ഞേ, നിനക്കു സുഖമില്ലേ?" എന്നു കല്യാണിഅമ്മ ഉൽക്കണ്ഠാകുലയായി ഒന്നുകൂടി ചോദിച്ചു.

ഓമന:—"അമ്മേ, എനിക്കു വലിയ തലവേദനയാണു്."

കല്യാ:—"ഞാനൊന്നു നോക്കട്ടെ. നീ എന്നെ വല്ലാതെ പരിഭ്രമിപ്പിച്ചുവല്ലോ."

മകളുടെ നെററിയും കൈയും പിടിച്ചു നോക്കിയ ശേഷം, അവർ തുടർന്നു:—"എന്തിനാണു, ഈ തണുപ്പിൽ നീ അവിടെ ഇരുന്നുകളഞ്ഞതു്? കുറച്ചു കട്ടംകാപ്പി കുടിച്ചാൽ മതി. പോയിക്കിടന്നുറങ്ങു. ഇന്നു് ഒന്നും കഴിക്കേണ്ട."

ഓമന വീട്ടിനുള്ളിൽ കടന്നു. അവളുടെ ശ്രദ്ധയിൽ അപ്പോൾ ആദ്യം പതിഞ്ഞ സംഗതി ചന്ദ്രശേഖരൻെറ മുറിയിൽ നിന്നു് അയാളുടെ അപ്പച്ചിയുടെ ചിരി പുറപ്പെട്ടതായിരുന്നു. ഹാ! ആരറിഞ്ഞു ആ ചിരിയും ഓമനയുടെ ഹൃദയഭാരത്തെ വർദ്ധിപ്പിച്ചിരുന്നു എന്നു്! ചന്ദ്രശേഖരനും അടുത്ത ദിവസം അതിരാവിലെ അവിടെനിന്നു പോകുന്നുണ്ടെന്ന വിവരം ഓമനയോടു പറയണമെന്നു് അവളുടെ അമ്മ കരുതി. എന്നാൽ ആ വിവരം അവൾ അറിയാതിരിക്കാൻ ഇടയില്ലെന്നു് വിചാരിച്ചിട്ടോ, ഒരു പക്ഷെ അതു് അറിഞ്ഞതായിരിക്കാം ഓമനയ്ക്കു പെട്ടെന്നുണ്ടായ ഈ അസ്വാസ്ഥ്യത്തിനു ഹേതുവെന്നു് ഒരു അവ്യക്തബോധം ഉണ്ടായിട്ടോ എന്തോ അവർ ഒന്നും പറഞ്ഞില്ല.

ഓമന കിടക്കയിൽ ചെന്നു വീണു. പൂർണ്ണവിശ്രമമാണു് തലവേദനയ്ക്കു കൈകണ്ട ഔഷധമെന്നു്, അമ്മ മകളെ വാത്സല്യപൂർവ്വം ഒന്നുകൂടി ഉണർത്തിച്ചു.

വിശ്രമമോ? ജഗദീശാ, ആ വാക്കുതന്നെയും അവളെ പരിഹസിക്കുന്നതായി തോന്നി. കഠിനദുഃഖം അവളെ കാർന്നുമുറിക്കുമ്പോൾ എങ്ങനെയാണ് അവൾ സകലതും വിസ്മരിച്ച്, സുഷുപ്തിയിൽ ലയിക്കുക? ഹാ! അന്നത്തെ പ്രഭാതവും അന്നത്തെ സായാഹ്നവും എന്തൊരന്തരം അവളുടെ ജീവിതഗതിയിൽ വരുത്തിയിരുന്നു!

ഇതിനിടയിൽ ചന്ദ്രശേഖരൻ എവിടെയായിരുന്നു? അസ്വസ്ഥചിത്തനായിത്തീർന്ന ആ യുവാവ് ഓമന എവിടെ എന്ന് അന്നു സായാഹ്നത്തിനുശേഷം പലതവണ അന്വേഷിച്ചു. അപ്പച്ചിയുമൊന്നിച്ചു അവൾ പൂന്തോട്ടത്തിലുണ്ടെന്നറിഞ്ഞ് അങ്ങോട്ടു പോകാൻ അയാൾ ഭാവിച്ചെങ്കിലും, അനന്തരചിന്തയിൽ അതു വേണ്ടെന്നുവച്ചു. തന്നെയും ഓമനയെയും ഒരുമിച്ചുകണ്ടാൽ ആപത്താണെന്ന് അയാൾക്കറിയാമായിരുന്നു.

പതിവുപോലെ അയാൾ പാടത്തിലെ ‘എകന്ന്’ വരമ്പിൽക്കൂടിയും പുഴവക്കത്തുകൂടിയും നടന്ന്, ഭാവികാര്യപരിപാടി രൂപവൽക്കരിച്ചു മടങ്ങിവന്നപ്പോൾ അയാളുടെ അപ്പച്ചി അക്ഷമയായി കാത്തിരിപ്പുണ്ടായിരുന്നു. അതിരാവിലെ പുറപ്പെടണമെന്ന അവരുടെ നിർബന്ധത്തിനു കീഴടങ്ങാതെ ചന്ദ്രനു നിവൃത്തിയുണ്ടായില്ല.

ഒടുവിൽ കല്യാണിഅമ്മയെ കണ്ടശേഷം മാത്രമേ ഓമന തലവേദനയായി കിടപ്പാണെന്ന് അയാൾ അറിഞ്ഞുള്ളു. രാത്രി അപ്പോഴേക്കും വളരെ ഇരുട്ടിയിരുന്നതിനാൽ, ഓമനയെ വിളിച്ചുണർത്താൻ അയാൾ ആഗ്രഹിച്ചില്ല. എങ്കിലും അയാൾ പറഞ്ഞു:—“ഞാൻ അതിരാവിലെ പോകയാണെന്ന് ഓമന അറിഞ്ഞു കാണുകയില്ല. ഓമനയോടു യാത്രപറയാതെ ഞാൻ എങ്ങനെയാണ് പോകുന്നത്? വെള്ളി ഉദിക്കുംമുമ്പെ പോകണമെന്നാണ് അപ്പച്ചി പറയുന്നത്; ഈ നാട്ടിൽ മണിയും മണിക്കൂറുമൊന്നുമില്ലെന്നു പറഞ്ഞ് അവർ ചിരിച്ചു. കാലത്ത് കോളംബത്തേക്കുള്ള തീവണ്ടി രാമപുരത്തുനിന്ന് ആറു മണിക്കാണത്രെ തിരിക്കുന്നത്. ഓമനക്കു തീരെ സുഖമില്ലേ?”

കല്യാ:—"ഇല്ലെന്നാണു് തോന്നുന്നതു്. നിങ്ങൾ രാവിലെ പോകുന്നുണ്ടെന്നു് അവൾ അറിഞ്ഞു."

ഓമനയോടു് ഒരു പക്ഷെ ഒരു വാക്കുപോലും പറയാൻ സാദ്ധ്യമാകാതെ താൻ പൂവള്ളൂർ നിന്നു പോകേണ്ടിവരുമല്ലൊ എന്ന വിചാരം അയാളെ വല്ലാതെ പീഡിപ്പിച്ചു.

"ഓമനയെ ഒന്നു വിളിച്ചുണർത്തിക്കൂടെ? അല്ലെങ്കിൽ വേണ്ട. അതിരാവിലെ ഞാൻ കണ്ടുകൊള്ളാം. വല്ല കാരണവശാലും ഇനി എനിക്കു് ഓമനയെ കാണാൻ കഴിവില്ലാതെ പോകയാണെങ്കിൽ, ഞാൻ തിരിച്ചുവരുമെന്നും, ഇങ്ങനെ പെട്ടെന്നു പോകേണ്ടിവന്നതിൽ വളരെ വ്യസനിക്കുന്നു എന്നും പറഞ്ഞേക്കണം."

നിദ്രാവിഹീനയായ ഓമന ഈ സംഭാഷണം മുഴുവനും ശ്രദ്ധിച്ചുകൊണ്ടു് കിടക്കയായിരുന്നു. അവളുടെ കണ്ണീരിൽ കിടക്കമുഴുവനും മുങ്ങി. അവൾക്കു ചന്ദ്രശേഖരനെ ഒരിക്കൽ കൂടി ഒന്നു കാണാൻ അത്യുൽക്കണ്ഠ ഉണ്ടായിരുന്നു. എന്നാൽ, അതിനു് അവൾക്കു ധൈര്യം വന്നില്ല.

* * * *

വളരെ നേരം ഉറങ്ങാതെ കിടന്ന ചന്ദ്രശേഖരൻ ,വെള്ളി, ഉദിക്കുന്നതിനു് അല്പം മുമ്പു മാത്രമാണു് ഒന്നു മയങ്ങിയതു്. ആ മയക്കത്തിൽ തന്നെയും, ഓമനയുമായുണ്ടായ അത്യാനന്ദപ്രദങ്ങളായ പല സമാഗമങ്ങളും, ചലനചിത്രത്തിലെന്നപോലെയും, എന്നാൽ അപ്പോൾ ശോകാത്മകമായും, അയാൾ സ്വപ്നം കണ്ടു. പതിവുപോലെ ഓമന വാതുക്കൽ വന്നു വിളിക്കുന്നു എന്ന ബോധത്തോടുകൂടിയാണു് അയാൾ ഞെട്ടിയുണർന്നതു്. എന്നാൽ ഓമനയ്ക്കു പകരം അവിടെ കണ്ടതു യാത്രയ്ക്കു സന്നദ്ധയായി നിന്ന അപ്പച്ചിയെ ആയിരുന്നു.

അപ്പോൾ പൂവള്ളിയിൽ വലിയ തിരക്കായിരുന്നു. പുരുഷോത്തമനും ഭാൎയ്യയും മററും വളരെ നേരത്തെ ഉണർന്നു ചന്ദ്രശേഖരന്റെ യാത്രയ്ക്കു വേണ്ടതെല്ലാം ശട്ടംകെട്ടി. ആ വീട്ടുകാരുടെയും സമീപസ്ഥരുടേയും സ്നേഹബഹുമാന

ങ്ങൾക്കു് ആ യുവാവു പാത്രമായിത്തീർന്നിരുന്നതിനാൽ എല്ലാവരും അപ്പോൾ സന്നിഹിതരായിരുന്നു. പക്ഷെ, ചന്ദ്രശേഖരൻ ആ കൂട്ടത്തിൽ ഓമനയെ മാത്രമെ അന്വേഷിച്ചിരുന്നുള്ളു.

"ഞാൻ ഒരു മുന്നറിവും ആർക്കും കൊടുക്കാത്തവണ്ണമാണു് ഈ ദിക്കിനോടു യാത്ര പറയുന്നതു്. പക്ഷെ ഏതാനും ദിവസത്തിനകം ഞാൻ ഒന്നുകൂടി ഇങ്ങോട്ടു വരുന്നുണ്ടു്" എന്നു് അയാൾ ഓമനയുടെ അമ്മയോടായി പറഞ്ഞു.

ആ സ്ത്രീയുടെ കണ്ണുകൾ അപ്പോൾ നിറഞ്ഞു നില്ക്കുന്നതു് ചന്ദ്രശേഖരൻ കണ്ടു. "ഓമന എവിടെ?" എന്നു് അയാൾ ചോദിച്ചു.

"ഓമന വാതൽ കൊട്ടിഅടച്ചു കിടക്കയാണു്. തീരെ സുഖമില്ലെന്നു് പറഞ്ഞു."

അതിനുശേഷം ചന്ദ്രശേഖരൻ ഓമനയെപ്പററി അന്വേഷണം നടത്തിയില്ല. അവൾ മനഃപൂർവ്വം അങ്ങനെ ചെയ്തതാണെന്നു് അയാൾക്കു നിശ്ചയമുണ്ടായിരുന്നു. ഒരു പക്ഷെ, അതു നന്നായി എന്നായിരിക്കാം അയാൾ വിചാരിച്ചതു്.

വണ്ടി തീവണ്ടിസ്റ്റേഷനിലേക്കു്. അതിവേഗം പൊയ്ക്കൊണ്ടിരിക്കുമ്പോൾ ഓമനയെപ്പററിയുള്ള ചിന്തകൾ മാത്രമെ ചന്ദ്രശേഖരനുണ്ടായിരുന്നുള്ളു. ഏതാനും ദിവസത്തിനകം ഓമനയോടു യാത്ര ചോദിക്കാനെങ്കിലും പൂവണ്ണൂർ മടങ്ങിവരണമെന്നു് അയാൾ നിശ്ചയിച്ചുറച്ചു. ഓമനയെ ഒന്നു കാണാൻ കഴിഞ്ഞിരുന്നെങ്കിൽ, ഈ വിയോഗം അയാളെ ഇത്ര നിശിതമായി തപിപ്പിക്കുകയില്ലായിരുന്നു. ഒരു വാക്കുപോലും രണ്ടുപേർക്കും പറയാൻ സന്ദർഭം കിട്ടിയില്ലല്ലോ എന്നുള്ളതു വിധിയുടെ ഒരു ക്രൂരവിനോദമായി അയാൾക്കു തോന്നി.

അന്നു് ഉച്ചയ്ക്കുമുമ്പായി അവർ കോളംബത്തെത്തി. പക്ഷെ, ജനനിബിഡമായ ആ നഗരവും, തന്റെ അതിമനോഹരമായ ബംഗ്ലാവും, എല്ലാം ചന്ദ്രശേഖരനു ശൂന്യമായിതീ-

ന്നിരുന്നു. തൊഴുത്തും കളപ്പുരയുമായി, പൂവണ്ണൂരേലാസ്സ്' അഭിമുഖമായിനിന്ന പൂവള്ളിയും, അതിലെ മണിവിളക്കായ ഓമനയും മാത്രമേ ഏതു നിമിഷവും അയാളുടെ ചേതസ്സ്' വിഷയമായിരുന്നുള്ളു. 'ദേഹക്ലമം' തീരാൻ പലവിധ വിഭവങ്ങൾ കൊണ്ടുവന്ന്' അയാളുടെ അപ്പച്ചി വിളമ്പിയെങ്കിലും അതൊന്നും ഓമനയുടെ മാമ്പഴത്തേയും പാലിനേയുംകാൾ ആസ്വാദ്യകരമായി അയാൾ കരുതിയില്ല. ലോകത്തിനാകപ്പാടെ അയാളെ സംബന്ധിച്ചിടത്തോളം ഒരു പരിവൎത്തനം സംഭവിച്ചുപോയിരുന്നു. ഹാ! താൻ ഒരിക്കലും ഓമനയെ കണ്ടിരുന്നില്ലെങ്കിൽ! എന്നാൽ പിന്നെ 'പ്രേമം' എന്നതെന്തെന്ന്' അയാൾ അറിയുമായിരുന്നോ? ആ അനൎഘസമ്പത്തൊഴിച്ചു മറ്റൊന്നുംതന്നെ അയാൾക്ക്' മനുഷ്യജീവിതത്തിൽ കാമ്യമായിരുന്നില്ല. അയാളുടെ മനസ്സിന്' അല്പമെങ്കിലും ആശ്വാസം തോന്നിയത്' ഒന്നു രണ്ടാഴ്ചയ്ക്കുള്ളിൽ ഓമനയെ പോയി കാണണമെന്നു വിചാരിച്ചപ്പോൾ മാത്രമായിരുന്നു.

അടുത്ത ദിവസം മനോഹരമായ ഒരു മുത്തുമാല വാങ്ങി, അതും തന്റെ ഒരു ഛായാപടവും അയാൾ ഓമനയ്ക്കയച്ചുകൊടുത്തു. അതോടൊന്നിച്ചയച്ച കത്തിലെ 'മധുര'തരമായ മധുരാക്ഷരങ്ങളിലോരോന്നും പ്രണയമുദ്രിതമായിരുന്നു.

## X

ദൈവസങ്കല്പംപോലെ മാത്രമേ ഈ ലോകത്തു എന്തും നടക്കയുള്ളു എന്ന്' മനസ്സിലാക്കാൻ ചന്ദ്രശേഖരൻ വളരെക്കാലം കാത്തിരിക്കേണ്ടിവന്നില്ല. അയാൾ മൂകനായി, നിരുത്സാഹനായി, ചിന്താപരതന്ത്രനായി പലപ്പോഴും ഇരുന്നുപോകുന്നതു കാത്യായനിഅമ്മയുടെ ഗൃദ്ധ്രദൃഷ്ടികൾക്ക പുതുമയല്ലായിരുന്നു. അവർ അതെല്ലാം പ്രതീക്ഷിച്ചുകൊണ്ടുതന്നെയാണ പൂവള്ളിയിൽനിന്നു പുറപ്പെട്ടത്'; എന്നാൽ ചന്ദ്രശേഖരന്റെ ശ്രദ്ധയെ പൂൎണ്ണമായും ആകർഷിക്കത്തക്ക സംഭവങ്ങൾ കോളംബത്തു ധാരാളമുണ്ടായിരുന്നതിനാൽ, വേഗംതന്നെ അയാൾ പൂവണ്ണൂരും അവിടത്തെ ബുദ്ധിശൂന്യമായ ജീവിതവും വിസ്മരിച്ചുകൊള്ളുമെന്നായിരുന്നു അവരുടെ വിശ്വാസം.

ആദ്യമൊന്നും വീട്ടുവിട്ടു വെളിയിലിറങ്ങുകപോലും ചന്ദ്രശേഖരൻ ചെയ്തില്ല. എന്നാൽ ലോകവ്യവഹാരങ്ങളിൽ നല്ല പരിചയം സിദ്ധിച്ചിരുന്ന കാത്യായനിഅമ്മ അയാളെ ഒരു നേരം സ്വസ്ഥനായിരിക്കാൻ സമ്മതിച്ചില്ല. ഇനിയും തനിക്കു പൂർണ്ണസുഖമായിട്ടില്ലെന്നുള്ള ഒഴികഴിവുകൊണ്ടു പലപ്പോഴും അയാൾ രക്ഷപ്പെടാൻ നോക്കി. കോടതിയെന്നു് കേൾക്കുന്നതുതന്നെയും അയാൾക്കു് അസഹ്യമായി തോന്നി. എങ്കിലും, ഒടുവിൽ മാലതിയുടെ വീട്ടിൽ പോകാമെന്നു് അയാൾ സമ്മതിച്ചു. അതു തനിക്കു സിദ്ധിച്ച ഒരു വലിയ വിജയമായി കാത്യായനിഅമ്മ കരുതുകയും ചെയ്തു.

“കഷ്ടം! ആ സാധുപെൺകുട്ടിക്കു നീ എന്തൊരു വേദനയാണുണ്ടാക്കുന്നതു്? നിന്റെ വിവരമൊന്നും അറിയാതെയും നിന്റെ ഒരു കത്തും കാണാതെയും അവൾ എന്തുമാത്രം വ്യസനിച്ചു? നീ അവളെ ഇങ്ങനെ വിഗണിക്കത്തക്കവണ്ണം അവൾ എന്തപരാധംചെയ്തു? കൊള്ളാം, ഇതൊക്കെയാണോ ഇന്നത്തെ ചെറുപ്പക്കാരുടെ മര്യാദ?” എന്നിങ്ങനെ കാത്യായനിഅമ്മയുടെ വാക്‌ശരങ്ങൾ ചന്ദ്രശേഖരന്റെ മേൽവന്നു തറച്ചു.

അയാൾ മൂകനായി, നിരർത്ഥകമായി മന്ദഹസിച്ചുകൊണ്ടിരുന്നു. അയാൾക്കു് ഒരു സമാധാനവും പറയാനുണ്ടായില്ല. എന്തുകൊണ്ടു് സമസ്താപരാധങ്ങളും മാലതിയോടു തുറന്നുപറഞ്ഞു ക്ഷമായാചനം ചെയ്തുകൂടാ എന്നു് അയാൾ ആലോചിച്ചു. പക്ഷെ, അയാൾക്കു് അതിനു ധൈര്യം ഇല്ലായിരുന്നു. അപ്പോൾ മാത്രമാണു് തന്റെ ഭാവിയെപ്പററി ഒരു രൂപവും തനിക്കില്ലെന്നു് അയാൾ സ്വയം സമ്മതിക്കേണ്ടിവന്നതു്; താനെന്താണുവേണ്ടതു്? പ്രേമത്തിനുവേണ്ടി ഉൽക്കർഷേച്ഛയെ ബലികഴിക്കുകയോ? മാലതിയെ വഞ്ചിക്കുകയോ? ഓമനയെ എന്നേക്കും പരിത്യജിക്കയോ?

അയാളുടെ ഹൃദയവും ബുദ്ധിയും തമ്മിൽ ഒരു വലിയ

സമരം നടക്കുകയായിരുന്നു. ഹൃദയം, പ്രേമം മൂർത്തീകരിച്ച ഓമനയുടെ പക്ഷം ചേർന്നു; അമൂല്യസൌഭാഗ്യത്തിന്റെ രത്നാകരം അതായിരുന്നത്രെ! ബുദ്ധി, സുശീലയായ മാലതിയുടെ പക്ഷം ചേർന്നു; പൂക്കൾ വിതറിയ ഒരു രാജപാത ചന്ദ്രശേഖരനു വ്യക്തമായി കാണിച്ചുകൊടുത്തു; ജീവിതസോപാനത്തിൽ എവിടെവരെ ഉയർന്നുപോകുന്നതിനുമുള്ള സുഗമമാർഗ്ഗം ആ സുകുമാരിയുടെ പാണിപീഡനം ആയിരുന്നത്രെ! അതെ, മനുഷ്യപ്രകൃതിയിൽ എന്നും ആവർത്തിച്ചുകാണുന്ന ആ പഴയകഥ—പ്രേമവും ഉൽക്കർഷേച്ഛയും തമ്മിലുള്ള സംഘട്ടനം—മാത്രമായിരുന്നു അതു്. എന്തായാലും ഏതാനും ദിവസം കഴിഞ്ഞശേഷം മാത്രം പൂവണ്ണൂർ പോകുന്നതാണു നല്ലതെന്നു അയാൾക്കു തോന്നി; അതുകൊണ്ടു് ഒരു ദോഷവും വരാനില്ലായിരുന്നു; ശാന്തമായി ആലോചിച്ചു സകലം തീരുമാനിക്കുന്നതിനുള്ള സമയം അതിനിടയിൽ അയാൾക്കു ലഭിച്ചുകഴിയും. പോരെങ്കിൽ ആ വിലകൂടിയ സമ്മാനവും പടവും കത്തും ഓമനയ്ക്കു് അത്രയുംകാലം ആശ്വാസത്തിനു മതിയാവുകയും ചെയ്യുമായിരുന്നു.

ഒന്നൊന്നായി, പല കാര്യങ്ങൾ അയാളുടെ ശ്രദ്ധയെ മറുവഴിക്കു തിരിച്ചു. അങ്ങനെ ദിവസങ്ങൾ ആഴ്ചകളായി, അതിവേഗം മുന്നോട്ടു കടന്നുപോയി. എന്നിട്ടും അയാളുടെ ചിത്തവൃത്തി ഡോലായമാനമായിത്തന്നെ ഇരുന്നു. അത്യന്തം ഗൌരവമായ ഒരു പ്രശ്നമായിരുന്നു അയാളെ അഭിമുഖീകരിച്ചിരുന്നതു്. അതിനു എന്തെങ്കിലും ഒരു തീർപ്പു കല്പിക്കാൻ അയാൾ അസമർത്ഥനായും ഭവിച്ചു. ഇതിനുള്ളിൽ ഒരുകാര്യം അയാൾക്കു ഹൃദയശല്യമായിത്തീർന്നിരുന്നു. തന്റെ കത്തിനു് ഓമനയുടെ മറുപടി കിട്ടിയിരുന്നില്ല; ഒരു പക്ഷെ, അശ്രദ്ധമൂലമോ മറ്റോ അവളുടെ തലവേദന ജ്വരമായി, അവൾക്കു കിടക്കവിട്ടെണീക്കാൻ കഴിവില്ലാതെ വന്നിരിക്കാം; അതിനെപ്പററി ചിന്തിച്ചു മനസ്സു പുണ്ണാക്കുന്നതു വെറുതെയാണെന്നും അയാൾ കരുതി.

വലിയ സംഭവങ്ങളല്ല, നിസ്സാരസംഭവങ്ങളാണു നമ്മുടെ ജീവിതഗതിയെ നിയന്ത്രിക്കുന്നതു്. ഓമനയുടെ ഒരു കത്തെങ്കിലും ചന്ദ്രശേഖരനു കിട്ടിയിരുന്നെങ്കിൽ, പിന്നെ ഒരു നിമിഷംപോലും അയാൾ കോളംബത്തു സ്വസ്ഥനായിരിക്കയില്ലായിരുന്നു; എന്തുകൊണ്ടെന്നാൽ, പൂവള്ളിയിൽ ഇതിനിടയിൽ ദുഃഖപൂർണ്ണമായ ഒരു നാടകത്തിന്റെ നാന്ദി കഴിഞ്ഞിരുന്നു.

ചന്ദ്രശേഖരൻ പൂവള്ളിയിൽനിന്നു പുറപ്പെട്ടപ്പോൾ, നക്ഷത്രങ്ങളുടെ പ്രകാശം മങ്ങി പൂർവ്വദിക്കിൽ വെള്ളവീശി കഴിഞ്ഞിരുന്നു. അല്പനേരം കഴിഞ്ഞു്, കല്യാണിഅമ്മ ഓമനയുടെ മുറിക്കകത്തു കടന്നുചെന്നു. ഓമന കമിഴ്ന്നുകിടന്നു തേങ്ങിക്കരയുന്നതാണു് അവർ കണ്ടതു്.

“ഓമനേ, എന്താണു നീ കരയുന്നതു്? നിനക്കു തീരെ സുഖമില്ലേ?” എന്നു് വാത്സല്യപൂർവ്വം ചോദിച്ചുകൊണ്ടു് അവർ അടുത്തിരുന്നു.

ഓമന:—“ഇല്ല; അമ്മേ അവർ പോയോ?”

കല്യാ:—“അതേ, അവർ പോയി. എന്റെ കുട്ടീ—ആ സ്ത്രീ നിന്നെ വല്ലാതെ പരിഭ്രമിപ്പിച്ചപോലെ തോന്നുന്നല്ലോ. അവർ ആരായാലും അദ്ദേഹത്തിന്റെ അപ്പച്ചിഅല്ലേ? മകളേ, എന്താണു നീ കരയുന്നതു്?”

ഓമന അവളുടെ പ്രണയകഥ സ്വമാതാവിനോടു തുറന്നുപറഞ്ഞു്, ഹൃദയഭാരം ലഘൂകരിക്കാൻ നോക്കിയാലെന്താണെന്നു് ആലോചിച്ചു; ഒരുപക്ഷെ, അവർക്കു് അതു് ഏതാണ്ടെല്ലാം അനുമാനിക്കാൻ കഴിഞ്ഞിരിക്കണം എന്നു കരുതിയിട്ടോ എന്തോ അവൾ ഇങ്ങനെ മറുപടി പറഞ്ഞു:—“ഒന്നുമില്ലമ്മേ, എനിക്കു വലുതായ വേദന തലയ്ക്കു—തോന്നി. അതേയുള്ളു.”

ഹാ! എന്തുകൊണ്ടു് അവൾ ചന്ദ്രശേഖരനോടു സകല വിവരവും ചോദിക്കയും പറകയും ചെയ്തില്ല? അദ്ദേഹം മാലതിയെ വിവാഹം ചെയ്വാൻ നിശ്ചയിച്ചതു വാസ്തവമാ

ണെങ്കിൽ, ഏതാനും മതിയായ ഹേതുക്കൾ ഉണ്ടായിരുന്നിരിക്കണം: ഒന്നും അദ്ദേഹം അവളിൽനിന്നു് ഒളിച്ചുവയ്ക്കുകയില്ലായിരുന്നു. നേരെമറിച്ചു് അവാസ്തവമാണെങ്കിൽ അദ്ദേഹം അവളെ ഗാഢമായ ഒരു ചുംബനംകൊണ്ടു് തൃപ്തിപ്പെടുത്തുമായിരുന്നു. അവൾക്കു് ഓർമ്മിക്കാൻ കഴിഞ്ഞില്ല, എന്തെങ്കിലും അദ്ദേഹം മാലതിയെക്കുറിച്ചു എന്നെങ്കിലും ഒന്നു സൂചിപ്പിക്കതന്നെ ചെയ്തിരുന്നോ എന്നു്! പെട്ടെന്നു് ഒരു ചെറിയ വാചകം അവളുടെ ഓർമ്മയിലെത്തി. "ഇതു മാലതി തന്നെല്ലോ." താൻ ആദ്യമായി അദ്ദേഹത്തെ കണ്ടു്, പരിഭ്രമിച്ചുനിന്നപ്പോൾ കേട്ട വാചകം അതായിരുന്നു! അദ്ദേഹം മാലതിയെ വിവാഹം ചെയ്യാൻ ഉറച്ചുകഴിഞ്ഞിരുന്നെങ്കിൽ പിന്നെന്തിനാണു് ഒരു പ്രേമസാഗരം തൻെറ ഹൃദയത്തിലേക്കു തുറന്നുവിട്ടതു്? അതു് കേവലം അഭിനയം മാത്രമായിരുന്നോ?

ഒന്നൊന്നായി ഈ ചിന്തകളിൽ മുഴുകിയ ഓമന, അമ്മ അടുത്തിരുന്നു തന്നെ വാത്സല്യപൂർവ്വം തലോടിയ കഥ കേവലം വിസ്മരിച്ചു.

"അമ്മേ, അദ്ദേഹം എവിടെ?" എന്നു് അവൾ പെട്ടെന്നു് ചോദിച്ചു.

"എന്തു്? ഓമനേ, നീ അറിഞ്ഞില്ലേ അദ്ദേഹം പോയവിവരം?"

ഹാ! അദ്ദേഹം പോയിക്കഴിഞ്ഞു!

പിന്നെ ഓമന ഒന്നും പറഞ്ഞില്ല. തൻെറ ജീവിതം അതോടെ അവസാനിച്ചു എന്നു് അവൾക്കു തോന്നി. അവൾ നിശ്ചേഷ്ടയായി, ഹൃദയത്തിൽ ഒരു കഠാരം കുത്തിയിറക്കിയ വേദനയോടെ കിടന്നു? അവളുടെ ശാന്തവും സ്നേഹപൂർണ്ണവുമായ നയനങ്ങളിൽനിന്നു മുത്തുമണികൾപോലെ അശ്രുകണങ്ങൾ പൊഴിഞ്ഞു തലയിണയിൽ വീണുകൊണ്ടിരുന്നു.

"മകളേ, അദ്ദേഹം നിന്നെ കണ്ടു യാത്രപറയാൻ സാധിക്കാത്തതിൽ വളരെ വളരെ വ്യസനിച്ചു. നിന്നെ അദ്ദേഹം ഒരിക്കലും മറക്കയില്ലെന്നും, വേഗംതന്നെ അദ്ദേഹം ഇ

ങ്ങോട്ടു വരുമെന്നും പറയണമെന്നു് എന്നെ ശട്ടംകെട്ടി," എന്നു് ഓമനയുടെ അമ്മ പറഞ്ഞു.

അത്യുൽക്കടമായ ഒരു വേദന ഓമനയുടെ ഉള്ളിൽ ഉണ്ടായി. അവൾ എഴുന്നേൽക്കാൻ ഭാവിച്ചു; തന്നെ ഒന്നു താങ്ങിക്കൊള്ളാൻ അവൾ അമ്മയോടുപറഞ്ഞു. പെട്ടെന്നു് ഓമന വാടിക്കുഴഞ്ഞ മുല്ലവള്ളിപോലെ അവളുടെ അമ്മയുടെ മാറിൽ, ബോധരഹിതയായി പതിച്ചു; അവളുടെ മുഖം വെള്ളിലപോലെ വിളറി; ആ മൃദുമെയ്യു് പുഷ്പഹാരം പോലെ തണുത്തു; മൂക്കിൽനിന്നും വായിൽനിന്നും ചുടുചോര ഒഴുകി. ദീനദീനമായി 'അയ്യോ, മകളേ' എന്നു് കല്യാണി അമ്മ നിലവിളിച്ചു.

നൊടിയിടയിൽ പുരുഷോത്തമൻ ആ നാട്ടിലെ ഏററവും പ്രസിദ്ധനായ വൈദ്യനുമായി എത്തി. ഉണ്ടായ സംഭവമെല്ലാം വഴിക്കുവച്ചുതന്നെ വൈദ്യനോടു പറഞ്ഞു കേൾപ്പിച്ചു. ആ 'ധന്വന്തരി' എല്ലാം ശ്രദ്ധാപൂർവ്വം കേട്ടശേഷം ഇങ്ങനെ ചോദിക്കയുണ്ടായി:—"കുട്ടിക്കു് എന്തെങ്കിലും വല്ലതായ ഹൃദയക്ഷോഭം ഉണ്ടായോ?" താനറികെ ഒന്നുമുണ്ടായിട്ടില്ലെന്നും, ഓമന ദുഃഖമെന്നതെന്തെന്നു് ആ നിമിഷം വരെ അറിഞ്ഞിട്ടില്ലെന്നും, ലോകത്തു് അവളെപ്പോലെ എപ്പോഴും പ്രസന്നവദനയായി സൗഭാഗ്യവതിയായ ഒരു പെൺകിടാവിനെ കാണുകയില്ലെന്നും പുരുഷോത്തമൻ പറഞ്ഞു. കല്യാണിഅമ്മയും അങ്ങനെതന്നെയാണു പറഞ്ഞതു്. പക്ഷെ, വൈദ്യൻ സംശയഭാവത്തിൽ തലകുലുക്കുകമാത്രമേ ചെയ്തുള്ളു.

എനിക്കു് തോന്നുന്നു കുട്ടിയുടെ മനസ്സിനു് അതിഭയങ്കരമായ ഒരു ക്ഷോഭം പെട്ടെന്നുണ്ടായിട്ടുണ്ടെന്നു്. അതിനെ അമർത്തിവയ്ക്കാനുള്ള സാഹസം, കുട്ടിയുടെ ശക്തിയെ കവിഞ്ഞതിനാൽ, ഹൃദയത്തിനടുത്തുള്ള ഒരു ചെറിയ സിരപൊട്ടിയതാണു്; വളരെ സൂക്ഷിക്കണം; ക്ഷോഭവും വിഷമവുമൊന്നും ഉണ്ടാകരുതു്." എന്നു് ചില ചികിത്സകളും നിശ്ചയിച്ചു് വൈദ്യൻ മടങ്ങി. എന്നാൽ, പുരുഷോത്തമനാകട്ടെ, ഭാര്യ

ക്കാകട്ടെ വൈദ്യന്റെ വാക്കിൽ വലിയ വിശ്വാസം ജനിച്ചിരുന്നില്ല. തങ്ങളുടെ ഓമനപ്പുത്രിക്കു് എന്തൊരു ഹേതുവാണു് ആത്മക്ഷോഭത്തിനുള്ളതു്? തങ്ങൾക്കു് അടിക്കടിഉണ്ടായ കൃഷിപ്പിഴകൾപോലും അവളിൽനിന്നു മറച്ചു വയ്ക്കയാണല്ലോ ചെയ്തിരുന്നതു്! എങ്കിലും അവർ വൈദ്യന്റെ നിർദ്ദേശം അനുസരിച്ചു് വളരെ ശ്രദ്ധയോടെ ഓമനയെ സൂക്ഷിച്ചു.

ഒരു സംഭവം വൈദ്യന്റെ ഔഷധങ്ങളേയും മാതാപിതാക്കന്മാരുടെ വാത്സല്യമസൃണമായ പരിചരണത്തേയും അതിശയിക്കുന്ന ഫലംചെയ്തു. മൂന്നാംദിവസം ഓമനയുടെ മേൽവിലാസത്തിൽ ഒരു പാഴ്സലും കത്തും വന്നു. രണ്ടുമായി കല്യാണീഅമ്മ ചെന്നപ്പോൾ, ഓമന വാതായനത്തിൽക്കൂടി വെളിയിലേക്കു നോക്കി, നിർവ്വികാരയെന്നോണം കിടക്കുന്നതുകണ്ടു.

“ഓമനേ, ഇതുരണ്ടും നിനക്കാണു്; അദ്ദേഹം അയച്ചതാണെന്നു് തോന്നുന്നു. അനങ്ങാതെ കിടക്കു. ഞാൻ പൊട്ടിക്കാം,” എന്നു് ഒരു പുഞ്ചിരിയോടുകൂടി കല്യാണിഅമ്മ പറഞ്ഞു.

‘അദ്ദേഹം’ ആരെന്നു പറയേണ്ടിവന്നില്ല. ആ മുത്തുമാലയും ആ പടവും ആ പ്രണയലേഖനവും അവൾക്കു സിദ്ധൗഷധങ്ങളായിരുന്നു. അതിനുശേഷം എങ്ങനെയാണു് അവളുടെ ‘ഹൃദ്രോഗം’ ഭേദമാകാതിരിക്കുക? ചന്ദ്രശേഖരന്റെ പ്രണയം ചിന്തുന്ന കണ്ണുകൾ അവളെനോക്കി മന്ദഹാസം തൂവുകയും, കാലകല്ലോലത്തിൽ മുങ്ങിപ്പോകുന്ന ഒന്നല്ല അനുരാഗമെന്നു പ്രസംഗിക്കുകയും അല്ലേ അവ ചെയ്തിരുന്നതു്? അദ്ദേഹം വരുമെന്നു പ്രതിജ്ഞചെയ്തിരിക്കുന്നു; അപ്പോൾ അദ്ദേഹത്തിന്റെ അപ്പച്ചി അവാസ്തവമാണോ പറഞ്ഞതു്?

എന്തു്? പെട്ടെന്നു് ഒരു ആശാങ്കുരം അവളുടെ ഹൃദയത്തിൽ സ്ഫുടിച്ചു. അദ്ദേഹം തന്നെ ഗാഢമായി സ്നേഹിച്ചിരുന്നു എന്നു് മനസ്സിലാക്കി, തങ്ങളെ വേർപെടുത്താൻ കാത്യായനിഅമ്മ ഇതെല്ലാം കരുതിക്കൂട്ടി പറഞ്ഞതായി

രിക്കാം! തന്റെ സംശയം അടിസ്ഥാനരഹിതമല്ലെന്നുള്ളതിനു പല തെളിവുകളും അവൾ ഉത്സാഹപൂർവ്വം കണ്ടുപിടിച്ചു. ആ പൂന്തോട്ടത്തിൽവച്ചു് എത്ര കൗശലത്തോടുകൂടിയാണു് അദ്ദേഹത്തിന്റെ പ്രണയവൃത്താന്തവും വിവാഹനിശ്ചയവും തന്നോടു പറഞ്ഞിരുന്നതു്! എല്ലാം അവൾക്കു വ്യക്തമായപോലെ തോന്നി.

അവൾ മറുപടി എഴുതാൻ വളരെവളരെ ആഗ്രഹിച്ചു. എന്നാൽ എന്തുചെയ്യട്ടെ, അമ്മയാകട്ടെ അച്ഛനാകട്ടെ ഒരു പേനപോലും തൊടുന്നതിനു് അവളെ അനുവദിച്ചില്ല.

അതിവേഗത്തിൽ പൂർണ്ണസുഖം പ്രാപിക്കണമെന്ന അത്യാകാംക്ഷയാൽ, അവൾ വൈദ്യന്റെ ഉപദേശത്തിൽനിന്നു കടുകിടപോലും മാറിയില്ല; ചന്ദ്രൻ മടങ്ങിവരുമ്പോൾ, പഴയപോലെ ആഹ്ലാദകരമായ പൊട്ടിച്ചിരിഅല്ലെ തന്നിൽനിന്നു പ്രതീക്ഷിക്കുക? ആ രോഗശയ്യയിൽ അല്പമൊന്നു വിളറി, മെലിഞ്ഞ ആ അവസ്ഥയിലും ഓമന അതിമനോഹരിയായിരുന്നു.

ഓമനയ്ക്കു് അവളുടെമുറി ഒന്നു മാറിയാൽ കൊള്ളാമെന്നു തോന്നി. പക്ഷികളുടെ കളഗാനം കുറെക്കൂടി വ്യക്തമായി കേൾക്കുന്നതിനും, പ്രാക്കൾ അങ്ങിങ്ങായി പറന്നു നടക്കുന്നതു കാണുന്നതിനും അവൾ ആശിച്ചു. അതിൻവണ്ണം, ചന്ദ്രശേഖരനായി ഒഴിഞ്ഞുകൊടുത്തിരുന്നമുറിയിലേക്കു് അവളെമാറ്റി. മുൻവശത്തെ ഗ്രാമറോഡും പുറകുവശത്തെ പൂന്തോട്ടവും അവൾക്കു കാണാമായിരുന്നു. ചന്ദ്രശേഖരന്റെ വരവു പ്രതീക്ഷിച്ചു്, ഉൽക്കണ്ഠാപൂർവ്വവും പ്രേമാർദ്രവുമായ മിഴികളാൽ മുൻവശത്തെ റോഡിൽ ദൂരെദൂരെ നോക്കിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹം വരുന്നതു കാണാറാകും! വരുമെന്നുള്ളതിൽ ദൈവകാരുണ്യത്തിലെന്നപോലെ അവൾക്കു ദൃഢവിശ്വാസമുണ്ടായിരുന്നു! ആനന്ദംകൊണ്ടു് മരിക്കരുതേ എന്നുമാത്രമായിരുന്നു അവളുടെ അപ്പോഴത്തെ പ്രാർത്ഥന!

അങ്ങനെ, ഇരുവശവും തളിർത്തുതഴച്ച വേലികളോടുകൂടിയ ആ ഗ്രാമറോഡിൽ നോക്കിനോക്കി അവളുടെ കണ്ണുകൾ

വിശാലതരവും അത്യന്തം തേജോമയങ്ങളുമായിത്തീർന്നു. ക്രമേണ അവളുടെ വിളർച്ചമാറി, മുഖത്തു രക്തരേഖകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി.

അന്നെല്ലാം ഗംഗാധരൻ പഴയപോലെ വരികയും പോകയും ചെയ്തിരുന്നു. എന്നും രാവിലെ പൂക്കളും പഴങ്ങളുമായി അവൻ വരും. അല്പനേരമെങ്കിലും അവളെ ശുശ്രൂഷിക്കുന്നതിനു സൗകര്യം കിട്ടുകയോ, ഒരിക്കലെങ്കിലും അവൾതന്നെ നോക്കി ഒന്നു മന്ദഹസിക്കുകയോ, എപ്പോഴെങ്കിലും തന്നോടു വല്ലതും പറയുകയോ ചെയ്താൽ അപ്പോഴെല്ലാം പരമാനന്ദസരിത്തിൽ മുങ്ങിക്കുളിച്ച്, അവൻ തന്റെ പ്രേമസമ്പത്ത് അവൾക്കായി കാത്തുവെച്ചുമായിരുന്നു.

ഗംഗാധരൻ ചന്ദ്രശേഖരന്റെ കഥകളൊന്നുംതന്നെ അവളോടു ചോദിച്ചിരുന്നില്ല; ചോദിക്കുന്നതു യുക്തമല്ലെന്നും, ചോദിച്ചാൽ തന്നെയും ഒരു പക്ഷേ അവൾ യാതൊന്നും പറയാതിരുന്നേക്കുമെന്നും അവനു തോന്നി. എങ്കിലും ചന്ദ്രശേഖരനും ഓമനയും തമ്മിലുള്ള ബന്ധത്തിന്റെ സൂക്ഷ്മസ്വഭാവം അറിയുന്നതിനു പലപ്രകാരത്തിലും അവൻ പണിപ്പെട്ടിരുന്നു. ഓമനയ്ക്കു പെട്ടെന്നുണ്ടായ സുഖക്കേടും ചന്ദ്രശേഖരന്റെ പെട്ടെന്നുണ്ടായ വേർപാടും ഗംഗാധരനു പല പ്രാവശ്യം ചിന്താവിഷയമായിരുന്നിട്ടുണ്ട്. ചന്ദ്രശേഖരൻ ഓമനയെ അതിക്രൂരമാംവണ്ണം വഞ്ചിച്ചിരുന്നോ? വഞ്ചിച്ചിരുന്നെങ്കിൽ, എന്നെങ്കിലും അതു കണ്ടുപിടിക്കാൻ തനിക്കു കഴിയുമെങ്കിൽ, അയാൾ സൂക്ഷിച്ചുകൊള്ളട്ടെ!

ഒരു ദിവസം ആകസ്മികമായിട്ടാണ് അയാൾ ചന്ദ്രശേഖരന്റെ ഒരു ഫോട്ടോ ഓമന നോക്കി രസിച്ചുകൊണ്ടിരിക്കുന്നതു കണ്ടത്. ആ ഫോട്ടോ അവൾ തലയണയ്ക്കു താഴെ എപ്പോഴും ഭദ്രമായി സൂക്ഷിച്ചുവന്നു. അന്നു മാത്രമാണ് ആ മുത്തുമാലയുടെ വിവരവും ഗംഗാധരൻ അറിഞ്ഞത്.

ഹാ! ഓമന നിധിപോലെ സൂക്ഷിച്ച രഹസ്യം അതോടെ ഗംഗാധരൻ ഗ്രഹിച്ചു. അവന്റെ പ്രേമവും, ആശ

കളും, അഭീഷ്ടങ്ങളും എല്ലാം എന്നേ വെണ്ണീറായിപ്പോയി എന്നു് അപ്പോൾ അവനു പൂർണ്ണമായും മനസ്സിലായി; അവൻ ഓമനയെ ഒന്നു നോക്കുകയും അവൾ മറുപടി പറകയും ചെയ്തപ്പോൾതന്നെ അവൾക്കു വല്ലാത്തൊരു ഭാവചാപല്യം സംഭവിച്ചിരുന്നു. "ഹാ! ഓമന ആ മനുഷ്യനെ ആത്മനിർവ്വിശേഷം സ്നേഹിച്ചുകഴിഞ്ഞിരിക്കുന്നു", എന്നു് അയാൾ പ്രേമനൈരാശ്യത്തിൽ ആത്മഗതംചെയ്തു.

ഓമനയുടെ സമീപംചെന്നു് ഗംഗാധരൻ പതുക്കെ ചോദിച്ചു:—"ഓമന അദ്ദേഹത്തെ സ്നേഹിക്കുന്നു, അല്ലേ!"

"അതേ."

വളരെ പതിഞ്ഞസ്വരത്തിൽ വീണ്ടും അവൻ ചോദിച്ചു:—"ആത്മനിർവ്വിശേഷം?"

"അതേ."

ആ യുവാവു നിശ്ശബ്ദനായി അല്പനേരം അവിടെ ഇരുന്നു; അനന്തരം ഒരക്ഷരം പറയാതെ എണീററു് അവിടെനിന്നും പോയി. അയാളുടെ ജീവിതവിപഞ്ചിക തകർന്നു.

ചന്ദ്രശേഖരൻ ഏതു ഭാവേനയായാലും, ഓമനയുടെ നിഷ്കളങ്കപ്രേമം കപടമായി കരസ്ഥമാക്കി, അവളെ കരുതിക്കു ഉഴിയാനാണു കരുതിയിട്ടുള്ളതെങ്കിൽ ആ കരുതിക്കളത്തിൽ അയാളെ താനും ബലികഴിക്കുന്നുണ്ടെന്നു് ദുഃഖത്തിന്റെ തീവ്രത ഒട്ടൊന്നു ശമിച്ചപ്പോൾ ഗംഗാധരൻ ഉഗ്രമായ ഒരു ആത്മപ്രതിജ്ഞചെയ്തു.

ചന്ദ്രശേഖരൻ മടങ്ങി വരുമോ? ഗംഗാധരനു് അക്കാര്യത്തിൽ വലിയ സംശയം ഉണ്ടായിരുന്നു. മാസ്ം ഏകദേശം ഒന്നു കഴിഞ്ഞിട്ടും, ചന്ദ്രശേഖരൻ വരുന്ന ഒരു ലക്ഷണവും കണ്ടില്ല. എങ്കിലും ഓമനയുടെ സുഖകേടു സാവധാനത്തിൽ ഭേദപ്പെട്ടുതന്നെ വന്നു. എന്നും പ്രഭാതത്തിൽ, സൂര്യോദയം ഉണ്ടാകുമ്പോൾ, "ഇന്നു് അദ്ദേഹം വരാതിരിക്കയില്ല," എന്നു് അവൾ സ്വയം പറയുമായിരുന്നു. സൂര്യാസ്തമയവേളയിൽ, "നാളെ നിശ്ചയമായും വരും," എന്നു് ഉറപ്പു വരുത്തും;

ഒരു മുടിഞ്ഞ സായാഹ്നത്തിൽ എന്തെങ്കിലും വായിച്ചാൽ കൊള്ളാമെന്ന ആഗ്രഹം അവൾക്കുണ്ടായി. ഗംഗാധരൻ അപ്പോൾ അടുത്തുണ്ടായിരുന്നു. "എന്താണ് ഈ വിവരം മുമ്പെ ഓമന എന്നോടു പറയാതിരുന്നതു്? എനിക്കു് ചില പത്രങ്ങളും മാസികകളും വരുന്ന വിവരം ഓമനക്കറിയാമല്ലൊ," എന്നു പറഞ്ഞുകൊണ്ടു് അയാൾ വീട്ടിൽ ചെന്നു ചില പുസ്തകങ്ങളും ചിത്രവാരികകളും കൊണ്ടുവന്നു.

ഓമന വളരെ സന്തോഷപൂർവ്വം അവ എല്ലാംവാങ്ങി അടുത്തുവച്ചു. അവളുടെ അപ്പോഴത്തെ മനോഹരമായ മന്ദഹാസംതന്നെ തനിക്കു വേണ്ടിടത്തോളം പ്രതിഫലമായി എന്നു് ഗംഗാധരൻ സന്തോഷിച്ചു; അമ്പിളിക്കലയെപോലും അവൾക്കുവേണ്ടി പിടിച്ചുകൊണ്ടുവരാൻ, അവൾ പറയുമെങ്കിൽ ആ ചെറുപ്പക്കാരൻ സന്നദ്ധനാകുമായിരുന്നു. എന്നാൽ അയാൾ കൊണ്ടുവന്ന ആ ചിത്രവാരികകളിലൊന്നു് ഓമനയുടെ ശവകുടീരം ഗോപനം ചെയ്തിരുന്നു എന്നു് അയാൾ അറിഞ്ഞില്ല.

"ഇതാ, ഇന്നത്തെ ചിത്രവാരിക നോക്കു. എത്ര മനോഹരമായിരിക്കുന്നു! ഞാൻതന്നെ മുഴുവനും വായിച്ചില്ല. വേണമെങ്കിൽഇതിലെ ഈ ചെറുകഥഞാൻവായിച്ചുകേൾപ്പിക്കാം."

ഓമന:—വേണ്ട, ഞാൻ തന്നെ എല്ലാം വായിച്ചുകൊള്ളാം. എനിക്കു് നല്ലസുഖം തോന്നുന്നു,"

പെട്ടെന്നു് ഓമനയുടെ അമ്മ വെളിക്കെവിടെയോനിന്നു "ഗംഗാ, ഇങ്ങോട്ടൊന്നു വരണെ; ഈ പശുക്കുട്ടി ഓമനയുടെ പൂന്തോട്ടം നശിപ്പിക്കുന്നു." എന്നു് വിളിച്ചുപറഞ്ഞു. അതുകേട്ടു അയാൾപോയി.

ഓമന അയാൾ പോകുന്നതുനോക്കി വിഷാദിച്ചു. ജഗദീശാ, ആബാല്യം തന്നെ സ്നേഹിച്ച ആ യുവാവിനെതാൻ വഞ്ചിക്കയാണല്ലൊ ചെയ്തതെന്ന പശ്ചാത്താപം അവൾക്കുണ്ടായി; ചന്ദ്രശേഖരൻ നിമിത്തം പലപ്പോഴും പലകൊള്ളിവാക്കുകളും അവൾ ഗംഗാധരനോടു പറഞ്ഞിരുന്നു: അതിനെല്ലാം അവൾ അപ്പോൾ മനസ്സുകൊണ്ടു് അയാളോടു ക്ഷമായാചനം ഉചെയ്തു.

അനന്തരം അവൾ അന്നത്തെ ചിത്രവാരിക എടുത്തു. അതിലെ ഒരു ലേഖനം അവളെ വളരെ രസിപ്പിച്ചു; ചെറുകഥ കരുണരസപ്രധാനമായിരുന്നു. കഥാനായികയായ യുവതിയുടെ അകാലമൃത്യുവിൽ മാമനയുടെ കണ്ണുകൾ നനഞ്ഞു; ചിത്രങ്ങൾ നോക്കിയും പുറങ്ങൾ മറിച്ചു മറിച്ചും പോകുമ്പോൾ 'വാരവൃത്താന്തങ്ങൾ' എന്നു കണ്ടു. ഹാ അതിനിടയിൽ രണ്ടു ചിത്രങ്ങൾ! ഒന്നു ചന്ദ്രശേഖരന്റേതും മറ്റൊന്നു അതിസുന്ദരിയായ ഒരു യുവതിയുടേതും! ആ ചിത്രങ്ങൾക്കിടയിൽ ഇങ്ങനെ ഒരു കുറിപ്പു കണ്ടു. "വക്കീൽ ശ്രീ ചന്ദ്രശേഖരൻ അടുത്തമാസം മുതൽ വീണ്ടും കോടതിയിൽ ഹാജരായിത്തുടങ്ങുന്നതാണ്. ശ്രീമതി മാലതി ഇക്കഴിഞ്ഞ ബി. ഏ. പരീക്ഷയിൽ ഇംഗ്ലീഷു സാഹിത്യത്തിൽ പ്രസിഡൻസിയിൽ ഒന്നാമതായി വിജയം പ്രാപിച്ചിരിക്കുന്നു. ഇവർ തമ്മിലുള്ള വിവാഹം ഈ മദ്ധ്യവേനൽ ഒഴിവിൽ നടക്കുന്നതാണ്. ആ മംഗളകർമ്മം മി. ചന്ദ്രശേഖരൻ രോഗശയ്യയെ പ്രാപിച്ചിരുന്നില്ലെങ്കിൽ മുമ്പെതന്നെ നടക്കേണ്ടതായിരുന്നു. രണ്ടുപേർക്കും സകലൈശ്വര്യങ്ങളുമുണ്ടാകട്ടെ." ഹാ! എന്തൊരു രൂക്ഷാക്ഷരങ്ങൾ! ആ കുറിപ്പ് അവൾ വീണ്ടും വീണ്ടും വായിച്ചു. അവളുടെ അഗാധത്തെ നെഞ്ചിടി അവൾക്കുതന്നെ വ്യക്തമായി കേൾക്കാമായിരുന്നു. അതു കേവലം ഒരു 'അവാസ്തവപ്രസ്താവന' ആയിക്കൂടെയോ എന്നു വിദൂരസംശയംപോലും അവൾക്കുണ്ടായില്ല. അവളുടെ ആശകളെല്ലാം അററു. അടുത്ത മദ്ധ്യവേനലൊഴിവ്! വെറും ഒരു പൊളിമാത്രമായിരുന്നു! അദ്ദേഹം ഒരിക്കലും പൂവണ്ണൂർ വരികയില്ല. അദ്ദേഹം തന്നെവഞ്ചിക്കയായിരുന്നു— അല്ല—തന്റെ ഹൃദയനാളം മുറിച്ച് വിനോദിക്കുകയായിരുന്നു!

ഹൃദയം പൊട്ടിച്ചിതറുംപോലെ അവൾക്കു തോന്നി. ഹാ! പിന്നെയും ആ ദുസ്സഹവേദന അവൾക്കുണ്ടായി. അതാ, ആ വിളറിയ ചുണ്ടുകൾക്കിടയിൽ നിന്നു രക്തം ചാടുന്നു!

ആ ചിത്രവാരിക അവളുടെ കൈയിൽനിന്നു നിലത്തു വീണു. എന്താണ് തനിക്കു സംഭവിച്ചതെന്ന് ഇത്തവണ

അവൾക്കറിവുണ്ടായിരുന്നു. ക്ഷീണിച്ച നിഷ്പ്രഭങ്ങളായിത്തീൎന്ന നയനങ്ങൾ ഒരിക്കൽക്കൂടി ആ പെരുവഴിയിലേക്കു അവൾ തിരിച്ചു. ഹാ! അദ്ദേഹം ഒരിക്കലും അതിലെ വരില്ലെന്നു് അവൾക്കു നിശ്ചയംവന്നു! അവളുടെ കണ്ണുകൾ ചൈതന്യരഹിതങ്ങളായി അടഞ്ഞു.

ഓമനയുടെ അമ്മയും ഗംഗാധരനും മടങ്ങിവന്നപ്പോൾ ഓമന രജതപാത്രംപോലെ തണുത്തു് ഈ സ്ഥിതിയിൽ കിടക്കുന്നതാണു കണ്ടതു്. പിന്നെ ആരുംതന്നെ അവളെ ആശ്വസിപ്പിക്കേണ്ടതായി വന്നില്ല.

ചിത്രവാരികയുടെ പത്രാധിപൎക്കു് ആ ചിത്രങ്ങൾ എവിടെനിന്നു കിട്ടിയെന്നും, ആ കുറിപ്പു് ആരെഴുതി അയച്ചെന്നോ ഉള്ളതു് എന്നും അജ്ഞാതമായിത്തന്നെയിരിക്കും. ചന്ദ്രശേഖരനും മാലതിയുമല്ല, നിശ്ചയം ആരോ ആയിരുന്നുകൊള്ളട്ടെ. അതിൽ കാൎയ്യമില്ല. വികടനായ വിധി ആ ചിത്രങ്ങളും കുറിപ്പും ആ ലക്കത്തിൽ വരണമെന്നും, അതു സന്ധ്യവായ ഒരു ഗ്രാമീണകന്യക കാണണമെന്നും നിശ്ചയിച്ചിരുന്നു എന്നുതന്നെ ഇരിക്കട്ടെ.

## xi

ചന്ദ്രശേഖരൻ കോളംബത്തു് വന്നിട്ടു് മാസം മൂന്നു നാലു കഴിഞ്ഞു, സകല കാൎയ്യങ്ങളും ഗാഢമായി ചിന്തിച്ചു നോക്കുന്നതിനു് അതിനിടയിൽ അയാൾക്കു അവസരം സിദ്ധിച്ചുകഴിഞ്ഞിരുന്നു. സ്വന്തം ഹൃദയത്തിന്റെ വികാരതരളമായ സ്പന്ദനത്തെ അയാൾ അവഗണിച്ചു; ഓമന ഒന്നും ഒരു നിശ്ചയമില്ലാതെ വലയുന്നുണ്ടാകുമെന്നും കഠിനമായി സങ്കടപ്പെടുന്നുണ്ടാകുമെന്നുള്ള സംഗതി അയാൾ കാൎയ്യമായി കരുതിയില്ല; എന്തുകൊണ്ടെന്നാൽ, അയാൾ അനുരാഗത്തെയും ലോകജീവിതത്തിലെ ഉൽക്കൎഷത്തെയും ത്രാസിലിട്ടു തൂക്കി നോക്കുകയാണു ചെയ്തതു്; ആ പരിശോധനയിൽ ആദ്യത്തേതിന്റെ ഗരിമാവും രണ്ടാമത്തേതിന്റെ ലഘുതയും അയാൾക്കു പൂൎണ്ണമായി ബോധ്യപ്പെട്ടു.

ദിവസങ്ങൾ ഒന്നിനും കാത്തുനില്ക്കാതെ കടന്നുപോകുംതോറും, ഓമന മാത്രമേ തൻെറ ജീവിതത്തിൽ എപ്പോഴെങ്കിലും തേന്മഴ ചൊരിയിരുന്നുള്ളു എന്നു് ചന്ദ്രശേഖരൻ സ്പഷ്ടമായി മനസ്സിലാക്കി. അയാൾക്കു് അവളുടെ അസന്നിധാനം അതിദുസ്സഹമായിത്തീർന്നു. എന്നാണു് ഇനി അയാൾ പാടലകോമളമായ ആ മുഖാരവിന്ദം കാണുകയും, ആ നയനങ്ങളുടെ കാന്തിപ്രസരണത്തിൽ ആമഗ്നനാവുകയും ചെയ്യുക? കോളേജിലെ തൻെറ ജീവിതത്തിൽ പ്രേമമെന്ന വിശേഷാന്തര വികാരത്തിന്നു് ഒരു സ്ഥാനവും സിദ്ധിച്ചിരുന്നില്ല. ഒരിക്കൽ അതിൻെറ മധുരിമ ആസ്വാദിച്ച സ്ഥിതിക്കു് അതു കൂടാതെ ജീവിക്കുക വിഷമമാണെന്നു് അയാൾക്കു തോന്നി. ധനത്തെയും, പ്രതാപത്തെയും, ഉദ്യോഗവലിപ്പത്തെയും എല്ലാററിനേയുംകാൾ ഉപരിയായി, ജീവിതത്തിൽ സർവ്വപ്രധാനമായി, അന്ധകാരത്തിലെ അതിതേജോമയമായ വെള്ളിനക്ഷത്രമായി, ഹൃദയഖനിയിലെ അനർഘരത്നമായി, അഗാധവും നിർമ്മലവുമായ അനുരാഗം അയാൾക്കു് അനുഭവമായിത്തീർന്നിരുന്നു.

മായാവിഭ്രമമൊന്നും അയാൾക്കുണ്ടായില്ല. ഒരു വിധത്തിൽ, അല്ലെങ്കിൽ മറെറാരുവിധത്തിൽ, അതിമഹത്തായ ഒരാത്മബലി അയാൾ നടത്തണമെന്നുള്ളതു് നിശ്ചയമായിരുന്നു. ഒന്നുകിൽ അനുരാഗം, അല്ലെങ്കിൽ ജീവിതവിജയം, രണ്ടിലൊന്നു അയാൾ തിരഞ്ഞെടുക്കേണ്ടിയിരുന്നു. മാലതിയുടെ കരം പരിത്യജിക്കുകയാണെങ്കിൽ ജീവിതസമരത്തിൽ അയാൾക്കു് ഉപകരിക്കുമായിരുന്ന നിശിതായുധങ്ങളിൽ പലതും, തൻെറ അമ്മാവൻെറ ആനുകൂല്യവും, അയാൾ ഉപേക്ഷിക്കേണ്ടിവരുമായിരുന്നു. ഓമനയെ പരിഗ്രഹിക്കുകയെന്നുവച്ചാൽ തൻെറ തൽക്കാലസ്ഥിതിയിൽ വളരെനാൾ കഴിഞ്ഞുകൂട്ടുകയും, തൻെറ ഉത്തമസ്നേഹിതന്മാരുടെ ദൃഷ്ടിയിൽ താൻ സ്വന്ത വാളാൽ സ്വയം വെട്ടി നശിച്ചു എന്ന അപഖ്യാതി സമ്പാദിക്കുകയും മാത്രമെ ചെയ്യുമായിരുന്നുള്ളു. എ

ന്നാൽ—ഒളിയമ്പുകൊണ്ടു് മരിക്കുകയെക്കാൾ ഭേദം സ്വന്തവാൾ കൊണ്ടു് സ്വയം മരിക്കുകയാണെന്നു് അയാൾക്കു് ഇതിനിടയിൽ ബോധ്യം വന്നിരുന്നു. ഓമന തന്നെ സ്നേഹിക്കുന്നുണ്ടെന്നുള്ള ഒററ വിചാരം, എന്നേക്കും അവൾ തന്റേതാണെന്നുള്ള വിശ്വാസം, അവളുടെ ഗാഢമായ ഒരു ചുംബനം, ഇവമാത്രം ജീവിതരംഗത്തിൽ അഭിമാനപൂർവം വിജയം നേടുന്നതിനു് അയാൾക്കു മതിയാകുമായിരുന്നു.

തന്റെ ഈ ദൃഢനിശ്ചയത്തെയും അഗാധപ്രണയത്തെയും പററി നിശ്ചയമില്ലാതെ ഓമനയുടെ ഹൃദയം തകരുന്നുണ്ടാകും എന്നുള്ള ചിന്ത ഇതിനിടയിൽ ചന്ദ്രശേഖരനു് ഉണ്ടായതേയില്ല. ബുദ്ധിപൂർവം ആലോചിച്ചു് ശരിയെന്നു് തോന്നിയ ഒരു തീരുമാനമാണു് അയാൾ ചെയ്തതു്. ഹൃദയത്തിനു ബുദ്ധിയുടെമേൽ സിദ്ധിച്ച ഒരു വിജയമായി അയാൾ അതിനെ പരിഗണിച്ചു. ജീവിതാശകളും ഉൽകർഷേച്ഛയും പ്രേമത്തിനുവേണ്ടി ബലികഴിക്കുവാൻ തന്നെപ്പോലെ സന്നദ്ധരാകുന്ന യുവജനങ്ങൾ വളരെയൊന്നും കാണുകയില്ലെന്നു് അയാൾ അഹങ്കരിച്ചു.

അത്യന്തം വൈഷമ്യമുള്ള ഒരു പ്രശ്നമാണു് അയാളെ അപ്പോൾ അഭിമുഖീകരിച്ചതു്. ഇതെല്ലാം മാലതിയോടു പറയേണ്ടിയിരുന്നു. തന്റെ നേരെ ഒരു അപരാധവും പ്രവർത്തിച്ചിട്ടില്ലായിരുന്ന ആ യുവതിക്കു തന്മൂലം എന്തെങ്കിലുംദുഃഖം ഉണ്ടാകുമോ എന്നുള്ള കാര്യംതന്നെ അയാൾ ചിന്തിച്ചില്ല. തന്നെക്കാൾ യോഗ്യരായ അനവധി യുവാക്കന്മാർ അവളുടെ പ്രണയം പ്രാർത്ഥിച്ചു; അവൾക്കു ചുററും മുരണ്ടുനടന്നിരുന്നു. അവളുടെ വിദ്യാഭ്യാസസ്ഥിതിയും ധനത്തിന്റെ പ്രാബല്യവും മാത്രമായിരുന്നു മററു ചിന്തകളെക്കാൾ അവരുടെ വിവാഹനിശ്ചയത്തിനു് പ്രധാന ഘടകങ്ങളായിരുന്നതു്. ഉദാരമതിയും, സുശീലയും, സംസ്കൃതചിത്തയും ആയ ആ യുവതി സത്യം മുഴുവനും അറിഞ്ഞാൽ അയാളെ സ്വതന്ത്രനാക്കാതിരിക്കയില്ലെന്നു് അയാൾ വിശ്വസിച്ചു, വിവാഹനിശ്ചയത്തിൽനിന്നുതന്നെ വിമുക്ത

നാക്കാൻ അവൾ വിസമ്മതിച്ചാലോ? ഹാ! എന്നാൽ വിധിക്കു കീഴടങ്ങി, തന്റെ ജീവിതഭാരം മുന്നോട്ടു വലിച്ചിഴച്ചുകൊണ്ടു പോകുകയല്ലാതെ അയാൾക്കു് ഗത്യന്തരമില്ലായിരുന്നു! പക്ഷെ, അതു് കേവലം അസംഭാവ്യമായിരുന്നു.

ചന്ദ്രശേഖരൻ ഇങ്ങനെ നിശ്ചയിച്ചുറച്ചതിനുശേഷം, സർവ്വാനന്ദജനകമായ പൂനിലാവു ഭൂമുഖത്തിനു് ഒരു അലങ്കാരസുഷമ ഉളവാക്കിയ ഒരു രാത്രിയിൽ ഏകനായി മാലതിയെ പോയി സന്ദർശിച്ചു. അയാൾ അവളെ കൂടക്കൂടെ കാണാൻ ചെല്ലാതിരുന്നതിനു അയാളുടെ അപ്പച്ചിയോടു് അവൾ പരിഭവം പറഞ്ഞയയ്ക്കുക പതിവായിത്തീർന്നിരുന്നു. അന്നു് അപ്രതീക്ഷിതമായി തന്റെ പ്രാണാധിനായകനായ യുവാവിനെക്കണ്ടപ്പോൾ എന്തെന്നില്ലാത്ത ഒരാനന്ദാംബുധിയിൽ അവൾ മുങ്ങിക്കുളിച്ചു. എന്നാൽ തന്റെ മന്ദഹാസം തദനുരൂപമായ ഒരു ഭാവവ്യത്യാസവും ആ യുവാവിന്റെ മുഖമണ്ഡലത്തിൽ ഉളവാക്കിയില്ലെന്നു് കണ്ടപ്പോൾ അവളുടെ പ്രസന്നത നിശ്ശേഷം നിലച്ചു.

അയാൾ ആ യുവതിയോടു സകലതും തുറന്നുപറഞ്ഞു. ക്ഷമാപണത്തിനു അയാൾ ഇരന്നില്ല. ജീവിതകാലം മുഴുവനും പ്രേമമെന്ന മൃദുലവും അതിനാൽ അതിദുർബ്ബലവും ആയ വികാരത്തിനു് വിധേയരാകുന്ന യുവസുഹൃത്തന്മാരെ പരിഹസിച്ചുവന്ന താൻ ഒരിക്കലും അതിന്റെ ശക്തിമത്തുക്കളായ അലകളിൽപ്പെട്ടു് കുഴങ്ങാൻ ഇടവരികയില്ലെന്നാണു് വിശ്വസിച്ചിരുന്നതെന്നും, ഓമനയെക്കാണുംവരെ അതിനെപ്പററി ഒരു ബോധവും തനിക്കുണ്ടായിരുന്നില്ലെന്നും അയാൾ ഏററുപറഞ്ഞു. തന്റെ മനഃഖഗത്തിനു ഓമനയെക്കാൾ ഉയർന്നു പൊങ്ങുവാൻ കഴിവില്ലാതെ പോയതിനാലായിരിക്കാം, ഒരു പക്ഷെ മാലതിയിൽ തനിക്കു് യഥാർത്ഥപ്രേമം അങ്കുരിക്കാതിരുന്നതെന്നു് അയാൾ സ്വയം സമ്മതിച്ചു.

മാലതി ആ സന്ദർഭത്തിൽ അനുഭവിച്ച വേദന എത്ര തീവ്രമായിരുന്നു എന്നു് ചന്ദ്രശേഖരൻ അറിഞ്ഞില്ല. ആ വേദ-

നയുടെ അസ്വസ്ഥലക്ഷണംപോലും മുഖത്തു പ്രദർശിപ്പിക്കാതെ, എല്ലാം മൂകയായി കേട്ടുകൊണ്ടു നിൽക്കുകയാണു് അവൾ ചെയ്തതു്. ശാന്തവും നിർവികാരവുമായ സ്വരത്തിൽ അവൾ ചോദിച്ചു:—"അങ്ങു് അത്രമാത്രം ആ യുവതിയെ സ്നേഹിക്കുന്നുണ്ടോ? ഓമനയെ കൂടാതെ ജീവിതം ശൂന്യമെന്നു് തോന്നത്തക്കവണ്ണം അങ്ങയുടെ അനുരാഗം അത്ര അഗാധമായിത്തീർന്നുപോയോ?"

"അതെ," എന്നു് അയാൾ ഉത്തരം പറഞ്ഞു:

"ഹാ! അങ്ങയുടെ അപ്പച്ചി ഇതെല്ലാം സംശയിച്ചിരുന്നു."

"അച്ഛനെയോ?" ചന്ദ്രശേഖരൻ ഒന്നു് ഞെട്ടി. ഒരു മിന്നൽപ്പിണർ ജീവതന്തുക്കളിൽ എല്ലാംകൂടി പാഞ്ഞുപോകുംപോലെ അയാൾക്കു തോന്നി.

"അതെ; അതുകൊണ്ടുതന്നെയാണു് അവർ അങ്ങയെ അവിടെനിന്നു് ബലാൽ പിടിച്ചുകൊണ്ടുപോന്നതു്. അങ്ങയുടെ അവിടത്തെ താമസം വല്ലാത്ത കുഴപ്പങ്ങൾക്കിടവരുത്തുമെന്നു് അവർക്കു തോന്നി....കവികൾ വർണ്ണിക്കുന്ന പ്രേമത്തെപ്പററി—ആ 'നിശ്ശബ്ദാനുകമ്പ'യെപ്പററി—അവർക്കു് ഒരു പക്ഷെ വിവരമില്ലായിരിക്കാം."

ചന്ദ്രശേഖരന്റെ മുഖം അപ്പോൾ വിവിധവികാരങ്ങളുടെ വിഹാരരംഗമായിരുന്നു: അയാൾ ഗാഢാലോചനയിൽ മുഴുകി നമ്രശീരസ്സനായി ഇരുന്നു. കഷ്ടം! ബുദ്ധിമാനും സമർത്ഥനും ആയ ആ യുവാവിന്നു്, ആ നിമിഷംവരെ, തന്നെ മനസ്സിലാക്കുവാൻ കഴിഞ്ഞില്ലല്ലോ എന്നു മാലതി സങ്കടപ്പെട്ടു. ഹൃദയം എന്നൊന്നു് തനിക്കും ഉണ്ടെന്നു് കരുതാതിരുന്നതിൽമാത്രമേ അവൾക്കു് ചന്ദ്രശേഖരനോടു് പരിഭവം തോന്നിയിരുന്നുള്ളൂ.

ആരുടെ ഹൃദയത്തെയും അലിയിക്കത്തക്കവണ്ണം ദീനമായി അയാൾ പറഞ്ഞു:—"മാലതീ, ഞാൻ ഭവതിയോടു സത്യം മുഴുവൻ പറഞ്ഞു. ഭവതിയുടെ സൌശീല്യാദി സൽഗുണങ്ങൾ

എന്നെപ്പോലെ അറിഞ്ഞിട്ടുള്ളവർ ആരുമില്ല. ഭവതിയെ ഞാൻ അതിഗാഢമായി സ്നേഹിച്ചു. എന്നാൽ അതു് ദർശനമാത്രത്തിൽത്തന്നെ വൈദ്യുതിപ്രവാഹം കൊണ്ടെന്നപോലെ സപ്തധാതുക്കളെയും സജീവമാക്കി ആനന്ദപുളകം കൊള്ളിക്കുന്ന അനുരാഗം അല്ലായിരുന്നു. ഞാൻ അറിയാതെ ഭവതിയെ വഞ്ചിക്കയായിരിക്കാം ചെയ്തതു്. പ്രേമത്തിനു് സ്ഥാനം സിദ്ധിച്ചിട്ടില്ലാത്ത ഒരു വൈവാഹികജീവിതം കുലീനയും സംസ്കൃതിമാനസയുമായ ഭവതി ഒരു കാലം അഭിലഷിക്കുന്ന ഒന്നല്ലെന്നെനിക്കറിയാം. എനിക്കു മാപ്പുതരിക. ഇതുകൊണ്ടൊന്നും ഭവതിയുടെ നിശ്ചയത്തിനു് ഇളക്കം തട്ടുന്നില്ലെങ്കിൽ നമ്മുടെ വിവാഹം നടക്കട്ടെ. ഭവതിയുടെ ജീവിതം സൌഭാഗ്യകരമാക്കി തീർക്കുന്നതിനു എന്റെ കഴിവുപോലെ ഞാൻ ശ്രമിച്ചുകൊള്ളാം. അതല്ല, എന്നെ സ്വതന്ത്രനാക്കുകയാണെങ്കിൽ എന്റെ ജീവിതസൌഭാഗ്യത്തിനു് മൂലഹേതു ഭവതിയാണെന്നു് ഞാൻ മരണംവരെ കൃതജ്ഞതാപുരസ്സരം സ്മരിക്കുന്നതാണു്."

ഒരു അശ്രുബിന്ദു മാലതിയുടെ കണ്ണിൽനിന്നു് അവളുടെ സാരിയിൽ ഉരുണ്ടുവീണു; അവൾക്കു് ഗദ്ഗദം ഉണ്ടായില്ല; ഒരു ഭാവഭേദവും വന്നതായി തോന്നിയതുമില്ല. പതറാത്ത സ്വരത്തിൽ സ്ഫുടമായി അവൾ പറഞ്ഞു:—"അങ്ങയെ ഞാൻ സ്വതന്ത്രനാക്കുന്നു. നിങ്ങൾക്കു സകല മംഗളങ്ങളും ഞാൻ ആശംസിക്കയും ചെയ്യുന്നു."

ചന്ദ്രു:—"മാലതി, ഭവതിയുടെ ഔദാര്യം എന്നെ ലജ്ജിപ്പിക്കുന്നു. ഭവതിയുടെ ഹൃദയത്തോടുള്ള എന്റെ പ്രാർത്ഥന നിഷ്ഫലമാകയില്ലെന്നു് എനിക്കു നിശ്ചയമുണ്ടായിരുന്നു."

മാലതി:—"എന്റെ ഹൃദയമല്ല എന്റെ കേവലബുദ്ധിയാണു് ഈ തീരുമാനത്തിനു് എന്നെ പ്രേരിപ്പിച്ചതു്. എന്നെ സ്നേഹിക്കാത്ത, എന്നെ മനസ്സിലാക്കാൻ കഴിയാത്ത ഒരാളിനെ ഞാൻ വിവാഹം ചെയ്യുകയില്ല. എന്നാൽ........

എന്നാൽ........ചന്ദ്രാ, ഒരു കാര്യം ഞാൻ പറഞ്ഞുകൊള്ളട്ടെ. സ്ത്രീഹൃദയം തളിരിനെക്കാൾ മാർദ്ദവം ഏറിയതാണു്. മേലാലെങ്കിലും ഒരു സ്ത്രീഹൃദയവും അങ്ങു് നിമിത്തം വ്യസനിക്കാൻ ഇടയാകാതിരിക്കട്ടെ."

ചന്ദ്രശേഖരൻ നിശ്ശബ്ദനായി ഇരുന്നു. മാലതി ഇത്ര ഉദാരമായി തന്നോടു പെരുമാറുമെന്നു് അയാൾ കരുതിയിരുന്നില്ല. അയാൾ സ്വപ്നത്തിൽനിന്നുണർന്നതുപോലെ പറഞ്ഞു:—"ഞാൻ ഇന്നുതന്നെ പൂവണ്ണൂരേക്കു പോവുകയാണു്."

മാലതിയുടെ ഭ്രൂകുടി അല്പം ഒന്നു വളഞ്ഞു:—"എന്താണു് അങ്ങു് എന്നോടു പറയുന്നതു്?" ഏതാണ്ടു് നിരാശയുടെയും വ്യസനത്തിൻെറയും ഒരു അവ്യക്തമായ പ്രതിബിംബം ആ ചോദ്യത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു എന്നു് തോന്നി അയാൾ പറഞ്ഞു:—"മാലതീ, ആജീവനാന്തം നമുക്കു ഉത്തമസുഹൃത്തുക്കളായി കഴിഞ്ഞുകൂടാം. ഭവതിക്കതിനു് വിസമ്മതമില്ലല്ലൊ."

ഒരു ദീർഘനിശ്വാസം അവളുടെ ഹൃദയത്തിൽനിന്നു് നിർഗ്ഗമിക്കുവാൻ സാഹസപ്പെടുന്നുണ്ടായിരുന്നു. "എന്താണു് അങ്ങു് അങ്ങനെ സംശയിക്കുന്നതു്? എനിക്കറിയാം. സാധാരണപുരുഷന്മാരാരുംതന്നെ അങ്ങയെപ്പോലെ ഈ സംഗതിയിൽ പ്രവൎത്തിക്കയില്ലെന്നു്. അങ്ങു് ഇതിനെക്കാൾ ശ്രേഷ്ഠമായി പ്രവൎത്തിക്കാനില്ല. അങ്ങയുടെ മേൽ ഞാൻ യാതൊരു കുററവും ആരോപിക്കുന്നില്ല. എൻെറ ഉത്തമസഹോദരനെപ്പോലെ മേലാൽ ഞാൻ അങ്ങയെ പരിഗണിച്ചുകൊള്ളും."

രണ്ടുപേരുടെയും കണ്ണുകൾ നിറഞ്ഞു. ഒടുവിൽ ഗദ്ഗദസ്വരത്തിൽ അയാൾ പറഞ്ഞു:—"മാലതീ, ഭവതി ഒരു കുബേരകന്യകയാണു്. സമുദായത്തിൽ ഭവതിക്കു ഒരു ഉൽകൃഷ്ടസ്ഥാനവും ഉണ്ടു്. ഞാൻ സ്നേഹിക്കുന്ന ആ കൃഷീവലപുത്രിയെ ഭവതിയുടെ സമീപം കൊണ്ടുവരികയാണെങ്കിൽ ഭവതി അവളെ സോദരീനിർവിശേഷം സ്നേഹിക്കുമോ?"

മാലതി മുഖംതിരിച്ചുകളഞ്ഞു? അവളുടെ മാർവിടം വികാരസ്തോമത്താൽ ഉയരുകയും താഴുകയും ചെയ്യുന്നതു് ചന്ദ്ര

ശേഖരൻ കണ്ടു. സാരിത്തുമ്പുകൊണ്ടു് മുഖം തുടച്ചിട്ടു് അവൾ പറഞ്ഞു:—"അതേ, ആജീവാനന്തം; ആത്മാർത്ഥമായി, സോദരീനിർവ്വിശേഷം ഞാൻ ഓമനയെ സ്നേഹിച്ചുകൊള്ളാം." ചന്ദ്രശേഖരൻ, ബുദ്ധിക്കു കൂടുതൽ വെളിച്ചവും വിശാലതയും സിദ്ധിച്ചവനെപ്പോലെ അവിടെനിന്നു് ഇറങ്ങിപ്പോയി.

*　　*　　*　　*

വസന്താരംഭത്തിലെ അതിമനോഹരമായ ഒരു പ്രഭാതം; പൂക്കളും തളിരുകളുമാകുന്ന ഉടയാടയണിഞ്ഞു്, പ്രകൃതീദേവി പ്രശോഭിച്ചു. ഒരു ആഹ്ലാദം, ഒരു ഉത്സാഹം, സർവ്വത്രദൃശ്യമായിരുന്നു.

ഓമനയെക്കാണ്മാൻ ചന്ദ്രശേഖരൻ തികച്ചും അക്ഷമനായിത്തീർന്നിരുന്നു. ഈ കാലം മുഴുവനും അവളെ സംബന്ധിച്ചു താൻ എന്താണു് ഇത്ര ഉദാസീനനായി വർത്തിച്ചതെന്നു് അയാൾ സ്വയം അത്ഭുതപ്പെട്ടു. തന്റെ സ്നേഹിതന്മാരായ നിയമശാസ്ത്രപട്ടക്കളും, പ്രേരണാശക്തിയുള്ള ബന്ധുജനങ്ങളുമെല്ലാം അയാൾക്കു് അപ്രധാനരും, ഓമനമാത്രം സർവ്വസ്വവും ആയിത്തോന്നി. രാമപുരം സ്റ്റേഷനിൽനിന്നു് പൂവണ്ണൂരേക്കു വണ്ടികളൊന്നും കിട്ടാതെവന്നപ്പോൾതന്നെ അയാളുടെ ക്ഷമ നിശ്ശേഷം വാർന്നൊഴുകി. മൂന്നു നാലു മൈൽ നടന്നുതന്നെ പൊയ്ക്കളയാമെന്നു് അയാൾ തീരുമാനിച്ചു.

പ്രഭാതത്തിലെ ഇളംകുളിർവായുവും, പച്ചിലകൾക്കിടയിൽക്കൂടി തുളഞ്ഞുവന്ന ബാലാർക്കരശ്മികളും, നാട്ടുപാതയുടെ ഇരുവശത്തും തിങ്ങിഞെരുങ്ങി കുസുമിതങ്ങളായി വളർന്നിരുന്ന പൂച്ചെടികളും, ആഹ്ലാദപൂർവ്വം ഇലച്ചില്ലകൾക്കിടയിൽ പറന്നിരുന്ന കുരിയിൽപക്ഷികളും, അവയുടെ കളകളവും അത്യാനന്ദപ്രദമായിരുന്നു. പ്രകൃതിയുടെ സൌഭാഗ്യകരമായ പ്രസന്നത പ്രേമപൂർവ്വമായ മൃദുലചിന്തകൾ അയാളുടെ ഹൃദയത്തിൽ സ്ഫുടിപ്പിച്ചു. പാടങ്ങളും കുളങ്ങളും, കുല്യകളും, കാവുകളും പലതും അയാൾ കടന്നുപോയി.

വഴി ഒരിക്കലും അവസാനിക്കയില്ലെന്നു് അയാൾക്കു് തോന്നി. ദൂരെ പൂവണ്ണൂർഗ്രാമത്തിനു് കുടപിടിച്ചതുപോലെ

ആകാശം മുട്ടിനിന്ന വിശ്രുതമായ പന അയാൾ കണ്ടു.
അതിന്റെ ചുവട്ടിൽ കേവലം കൌതുകംകൊണ്ടു മാത്രം
അയാളും ഓമനയും ഒരിക്കൽ പോയിരുന്നു. ഒരു ചെറുമക്കുട്ടി
യുടെ അക്ഷരവ്യക്തിയില്ലാത്ത അന്നത്തെ പാട്ടും, ഓമനയുടെ
അപ്പോഴത്തെ ചിരിയും ആ യുവാവിന്റെ കണ്ണുകളിൽ
മുഴങ്ങിയിരുന്നു. ആമ്പലും താമരയും നിറഞ്ഞു്, സ്ഫടികം
പോലെ നിർമ്മലമായ മതിലിച്ചിറ അയാൾ കണ്ടു. അതി
ന്റെ തീരത്തു് വളർന്നിരുന്ന നീലോല്പലങ്ങൾ ഒരു ദിവസം
പറിച്ചെടുത്തു് അവയ്ക്കു് ഓമനയുടെ നയനങ്ങളെ അതിശ
യിക്കുന്ന നീലിമ ഇല്ലെന്നു് അവളോടു പറഞ്ഞതും അയാൾ
ഓർമ്മിച്ചു. അന്നായിരുന്നു പ്രേമസൂചകമായ ആദ്യത്തെ അവ്യ
ക്തമർമ്മരം അവളുടെ അധരത്തിൽ നിന്നു് പുറപ്പെട്ടതു്!
പൂവള്ളി അടുക്കുംതോറും അയാളുടെ ഹൃദയം അതിവേഗ
ത്തിൽ തുടിച്ചു. അവളെ കാണുന്നതിനു് അയാൾ എന്തു
മാത്രം ആഗ്രഹിച്ചിരുന്നു! ഇത്രകാലം വിദൂരവാസം ചെയ്തു
താൻ എന്തൊരു ഭ്രാന്തും മൂഢതയും അന്ധതയുമാണു് പ്രദർശി
പ്പിച്ചതു്!

പൂവള്ളിയിലേക്കു തിരിയുന്ന ഗ്രാമറോഡിൽ അയാൾ
എത്തി. ഓമനയുമൊന്നിച്ചു സുരഭിലമായ സന്ധ്യാകാലത്തു്
പലപ്പോഴും അയാൾ നടന്നിരുന്ന ഊടുവഴികളുടെ വേലി
പ്പടർപ്പുകൾ അയാൾ ദൂരെ കണ്ടു. പൂവണ്ണൂർ കുന്നിന്റെ
ചരുവിൽ നിന്നു് പരിചിതമായ ഈ കാഴ്ചകൾ കണ്ടപ്പോൾ
സ്വയമേവ അയാളുടെ കണ്ണുകൾ നിറഞ്ഞു.

ഒടുവിൽ പൂവള്ളിയിലെ നാലുകെട്ടും, കളപ്പുരയും മററും
അയാൾക്കു് കാണാറായി. അയാളുടെ ഹൃദയസരസ്സിൽ പരമാ
നന്ദത്തിന്റെ തരംഗങ്ങൾ ഉളവായി. അടുത്തുവരുന്തോറും
എന്തോ ഒരു വ്യത്യാസം, അസാധാരണമായ ഒരു നിശ്ശബ്ദ
ത, അവിടെ എങ്ങും തങ്ങിനില്ക്കുന്നതായി അയാൾക്കു തോന്നി.
ആളുകളെ ആരെയും വെളിയിൽ കണ്ടില്ല. പൂമുഖത്തിന്റെ
വാതിൽപോലും അടച്ചിട്ടിരുന്നു. ഓമനയുടെ വളർത്തുപ്രാവു
കളിൽ ചിലതു് വീട്ടിന്റെ കോടികളിൽ ഇരുന്നു് കുറുകി

കയും ചിലതു് വട്ടമിട്ടു് പറക്കുകയും ചെയ്തിരുന്നു. സജീവങ്ങളായി അവയെ മാത്രമെ അവിടെക്കണ്ടുള്ളൂ അവസ്ഥതന്നെയും എന്തൊ ഒരസ്വാസ്ഥ്യത ബാധിച്ചതുപോലെ കാണപ്പെട്ടു. കളപ്പുരയിൽ അവയ്ക്കായി നെല്ലും അരിയും ആരും എറിഞ്ഞുകൊടുത്തിരുന്നില്ല് എന്തു് ഓമന എവിടെ? അവൾ അവളെ മറന്നാലും അവളുടെ വളർത്തുപക്ഷികളെ മറക്കുക പതിവില്ലായിരുന്നല്ലൊ. എവിടെയാണവൾ? പെട്ടെന്നു് അതിമധുരമായി, അത്യാകർഷകമായി,

"നാമിങ്ങറിയുവതല്പം—എല്ലാം ഓമനേ, ദേവസങ്കല്പം"—എന്ന അർത്ഥവത്തായ വരികൾ മർമ്മസ്പൃക്കായി അയാളുടെ കർണ്ണപുടങ്ങളിൽ പ്രതിധ്വനിച്ചു. ആ ദൈവസങ്കല്പം എങ്ങനെയിരുന്നാലും ഓമന തന്റേതുമാത്രമായിത്തീരുമെന്നു് ഓർമ്മിച്ചു അയാൾ മന്ദഹസിച്ചു.

എന്തൊരു നിശ്ശബ്ദത പൂവള്ളിയിലെ വയസ്സൻനായെപ്പോലും വെളിക്കെങ്ങും കാണാനില്ലായിരുന്നു. ഓമനയുടെ അച്ഛനും അമ്മയും എവിടെ? "ഓമനേ!" എന്നു് ഉറക്കെ വിളിച്ചാൽ കൊള്ളാമെന്നു് അയാൾക്കു തോന്നി. എന്നാൽ, അതിൽനിന്നു് അയാളെ നിരോധിക്കത്തക്കവണ്ണം ആ നിശ്ശബ്ദതയിൽ എന്തോ ഒന്നു ലീനമായിരുന്നു. അപ്പോൾ ഒരഗ്നികുണ്ഡമായിരുന്നു അയാളുടെഹൃദയം.

അയാൾ ഇടനാഴിയിൽക്കൂടി വീട്ടിനുള്ളിൽ കടന്നു. അവിടെയും സർവ്വത്ര നിശ്ശബ്ദം! അടുക്കളയിൽ തീയും പുകയും ഒന്നും കാണാനില്ലായിരുന്നു. അല്പനേരം അയാൾ നിശ്ചേഷ്ടനായിനിന്നു: ഒടുവിൽ, "ഇവിടെ ആരും ഇല്ലെ?" എന്നു വിളിച്ചു ചോദിച്ചു. അതിനു മറുപടി ഒന്നുമുണ്ടായില്ല. മർമ്മഭേദകമായ ഒരു നിരാശ അയാളെ ബാധിച്ചു. ഈ നിശ്ശബ്ദതയുടെ അർത്ഥം എന്തെന്നാലോചിച്ചു് അയാൾ കുഴങ്ങിനിന്നു. പെട്ടെന്നു് അടുത്തമുറിയിൽനിന്നു് ആരോ തേങ്ങിക്കരയുന്നശബ്ദം അയാൾകേട്ടു. പരിഭ്രാന്തനായി വാതിൽ തള്ളിത്തുറന്നു് അകത്തോട്ടു് നോക്കിയപ്പോൾ കണ്ട കാഴ്ച അത്യന്തം ദയനീയമായ ഒന്നായിരുന്നു.

കല്യാണിഅമ്മ വെറുംനിലത്തു് കമിഴ്ന്നുകിടന്നു കരയുന്ന താണു് അയാൾ കണ്ടതു്. അവരെ തിരിച്ചറിയുകതന്നെ വിഷമമാകത്തക്കവണ്ണം വല്ലാത്ത ഒരു വ്യത്യാസം അവർക്കു് വന്നുപോയിരുന്നു. കണ്ണുകൾ കുഴിഞ്ഞുതാണു്, കവിൾ വല്ലാതെ ഒട്ടിവിളർത്തിരുന്നു.

എത്രയും സൌമ്യമായി, "അമ്മേ, അമ്മേ" എന്നു് ചന്ദ്രശേഖരൻ വിളിച്ചു. ആശ്ചര്യസംഭ്രമങ്ങളോടെ കല്യാണിഅമ്മ തല ഉയർത്തി പുറവുംപാടുംനോക്കി. ആ യുവാവിനെക്കണ്ടു് ഹൃദയഭേദകമായി നിലവിളിച്ചുകൊണ്ടു് അവർ എഴുന്നേററു.

"ഹാ! ഇതാരു് ചന്ദ്രനോ?"

"അതെ, ഞാൻതന്നെ, എന്താണു്?" എന്തുണ്ടായി? എന്തിനാണു് നിങ്ങൾ കരയുന്നതു്?"

"എന്തു്? ചന്ദ്രനൊന്നും അറിഞ്ഞില്ലേ? കത്തുകിട്ടിയില്ലേ?"

അൽഭുതത്തോടുകൂടി ചന്ദ്രശേഖരൻ പറഞ്ഞു:—"ഇല്ല. എനിക്കു കിട്ടിയില്ല; ഓമനയെവിടെ?"

കല്യാണിഅമ്മ പെട്ടെന്നു ചൈതന്യരഹിതയായി, മുന്നോട്ടാഞ്ഞു. ചന്ദ്രശേഖരൻ അവരെ താങ്ങി, അടുത്തുണ്ടായിരുന്ന കട്ടിലിൽ കിടത്തി.

"ഹാ! ചന്ദ്രൻ ഒന്നും അറിഞ്ഞില്ല, അല്ലേ? എന്നാൽ വരണം," എന്നു് ഒരു ഭ്രാന്തിയെപ്പോലെ പറഞ്ഞുകൊണ്ടു് അവർ പെട്ടെന്നു് എണീററു.

ആ യുവാവിനു് ഒന്നും മനസ്സിലായില്ല. സ്വപ്നാടനത്തിലെന്നോണം അയാൾ കല്യാണിഅമ്മയെ പിന്തുടർന്നു. വീട്ടിനു പുറകുവശത്തുകൂടി നടന്നു്, രണ്ടുപേരും പൂന്തോട്ടത്തിലെത്തി. ചന്ദ്രൻ കൂടക്കൂടെ കല്യാണിഅമ്മയുടെ മുഖത്തേക്കു് നോക്കിയിരുന്നു. അതികഠിനമായ ദുഃഖം ആ മാതൃമുഖത്തു് കുഴിഞ്ഞു താണിരുന്നതു മാത്രമെ അയാൾ കണ്ടുള്ളു. പെട്ടെന്നു് കല്യാണിഅമ്മ നിന്നു. അവർ തിരിഞ്ഞു ചന്ദ്രശേഖര

നോടായി ചോദിച്ചു:—ഓമനയെ കാണണം! ഓമനയെ കാണണം! അല്ലെ? അതാ, നോക്കൂ. ആ ഇലഞ്ഞിയുടെ ചുവട്ടിൽ; ആ കയറിമറിഞ്ഞ മുല്ലത്തറ." അത്യുൽക്കടമായ ആത്മക്ഷോഭം മൂലം സ്ത്രീസഹജമോ, മനുഷ്യസാധാരണമോ അല്ലാതായിത്തീർന്ന ഒരു സ്വരമായിരുന്നു അവരുടേതു്.

"ചെല്ലണം, അങ്ങോട്ടു ചെല്ലണം. അവൾ അവിടെയുണ്ടു്."

അയാൾ ഒരടി മുന്നോട്ടുവച്ചു. ജഗദീശാ, എന്താണതു്? എന്താണു് അയാൾ അവിടെ കണ്ടതു്? അയാൾ ശിലാപ്രതിമപ്പോലെ നിന്നുപോയി.

"ഓമനയെ കാണണം അല്ലെ? അവൾ അവിടെ പൂർണ്ണവിശ്രമസുഖം അനുഭവിക്കുന്നു; എന്റെ സുന്ദരിയായ മകൾ, എന്റെ ജീവിതതാരം, അതാ ആ മുല്ലത്തറയ്ക്കടിയിൽ ഒരിക്കലും ഉണരാതെ ഉറങ്ങുന്നു....ഹാ! എന്റെ മകൾ ഇനി ഉണരുകയില്ല. ചന്ദ്രാ, അങ്ങയോടുള്ള പ്രേമം ഒന്നു മാത്രമാണു് അവളെ ഇങ്ങനെ നശിപ്പിച്ചതു്. പക്ഷെ ഞാനും ഗംഗാധരനും മാത്രമെ അതറിഞ്ഞിട്ടുള്ളൂ. അവളെയോർത്തു്, ഞങ്ങൾ ഒരിക്കലും ഒരാളോടും പറയുകയില്ല."

ചന്ദ്രശേഖരൻ മുന്നോട്ടുപാഞ്ഞു് ആ മുല്ലത്തറയിൽ ചെന്നുവീണു. അയാൾ വാവിട്ടു നിലവിളിച്ചില്ലെങ്കിലും ഹൃദയം പിഞ്ഞിപ്പോകുന്ന ദുഃഖവും നിരാശയും മൂലം അയാളുടെ പ്രാണൻ അർദ്ധനിശ്ചലമായിത്തീർന്നിരുന്നു.

"ഞാൻ—ഞാൻ—ഓമനയെ വിവാഹം കഴിക്കുന്നതിനാണു് വന്നതു്. ജഗദീശാ! എന്റെ പ്രണയത്തിന്റെ പരിണാമം ഇതായിരുന്നു എന്നു് ഞാൻ അറിഞ്ഞില്ല."

കല്യാണിഅമ്മ കണ്ണുനീർ വീഴ്ത്തിക്കൊണ്ടു പറഞ്ഞു:—"ചന്ദ്രാ, അങ്ങു് അല്പം താമസിച്ചുപോയി. അവളെ അങ്ങു് സ്നേഹിച്ചിരുന്നു എങ്കിൽ, അവൾ അങ്ങയെ എത്രമാത്രം സ്നേഹിച്ചിരുന്നു എന്നു് അങ്ങു് അറിഞ്ഞിരുന്നുഎങ്കിൽ, ഇത്രകാലം അവളെപ്പിരിഞ്ഞു് അങ്ങു വിദൂരവാസം ചെയ്യുയില്ലായിരുന്നു."

ചന്ദ്രശേഖരന്റെ കണ്ണിൽനിന്നു് അശ്രുക്കൾ മുറിഞ്ഞു വീണു:—"ഓമനേ, എന്റെ പ്രണയസർവ്വസ്വമേ, എന്നു്, എങ്ങനെ, എവിടെ വച്ചാണു് ഞാൻ ഇനി നിന്നെ കാണുക? നിന്റെ പ്രേമത്തിൽ പരിപൂർണ്ണവിശ്വാസം എനിക്കില്ലായിരുന്നു എങ്കിൽ ഈ ക്ഷണമാത്രവിയോഗത്തിനു് പോലും ഞാൻ സന്നദ്ധനാകയില്ലായിരുന്നു. എന്നെ ഈ വിധം ശിക്ഷിക്കത്തക്കവണ്ണം ഞാൻ എന്തൊരു കഠിനകർമ്മമാണു് ചെയ്തിട്ടുള്ളതു്? അമ്മേ, നിങ്ങളെങ്ങനെ അറിഞ്ഞു എന്നോടുള്ള പ്രേമമാണു് ഈ ദുരന്തം ഓമനയ്ക്കു വരുത്തിയതെന്നു്?"

കല്യാ:—"ഹാ ഓമന രോഗശയ്യയിൽ ആയിരുന്നപ്പോഴും മരണവേളയിൽത്തന്നെയും ചന്ദ്രന്റെ പടം, സൂക്ഷിക്കാനേല്പിച്ച മുതൽപോലെ ഹൃദയത്തോടു ചേർത്തു പിടിച്ചിരുന്നു."

ചന്ദ്രൻ:—"എന്താണു് ഓമന എന്നെ പ്രതീക്ഷിച്ചു്, എന്നെക്കാത്തിരിക്കാഞ്ഞതു്?"

കല്യാ:—"അതോ, അതു് ഞാൻ പറയാം, ചന്ദ്രൻ വേറൊരു യുവതിയെ വിവാഹം കഴിക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്നു് അവൾക്കു പൂർണ്ണബോദ്ധ്യം വന്നതിനുശേഷവും എങ്ങനെയാണു് അങ്ങയെക്കാത്തിരിക്കുക? ചിത്രമാസികയിൽ അങ്ങയുടെയും മാലതിയുടെയും പടം പ്രസിദ്ധീകരിച്ചുകണ്ടു. അതാണു് എന്റെ മകളുടെ ഹൃദയം തകർന്നുപോകാൻ പെട്ടെന്നുണ്ടായ ഹേതു"

ചന്ദ്ര:—"എന്തു് ആ പത്രക്കാർ ദുഷ്ടവിചാരത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയ ആ കപടവാർത്തയോ?"

കല്യാ:—"അതെ, ഓമന അതു വിശ്വസിച്ചു."

ചന്ദ്രശേഖരന്റെ മുഖം ക്ഷോഭകലുഷിതമായിത്തീർന്നു. പലതരം വികാരങ്ങളാണു് ആയാളുടെ ഹൃദയത്തെ അപ്പോൾ വ്യാമൂഢമാക്കിത്തീർത്തിരുന്നതു്. ആ ഇലഞ്ഞിമരം ധാരാളം പുഷ്പങ്ങൾ അവിടം മുഴുവനും ചൊരിഞ്ഞിരുന്നു. ആ കുടമുല്ലയിൽ വിടർന്നിരുന്ന കുസുമങ്ങൾ ഓമനയുടെ കളങ്കം പററാ

ആ ഹൃദയത്തിൻെറ സൌരഭ്യം അവിടെ എങ്ങും വിസ്മരമാക്കി. അയാൾ ആ മുല്ലയുടെ ലതകളിലൊന്നു് അതിഗാഢം മാറോടണച്ചു് ചുംബിച്ചു: "ഓമനേ നിന്നെ കൂടാതെ ഞാൻ എങ്ങനെയാണു് ജീവിക്കുക? ഞാനും എൻെറ സർവ്വസ്വവും നിനക്കുള്ളതായിരുന്നു എന്നു് നീ അറിഞ്ഞിരുന്നില്ലേ? എല്ലാം നീ പറയുംപോലെ ദൈവസങ്കല്പമല്ലാതെ മറെറന്താണു്?" അയാളുടെ ചുടുകണ്ണുനീർ വീണു ആ ലത നിശ്ശേഷം നനഞ്ഞു. എന്നുമെന്നും അവളുടെ ഓമ്മയെ നിലനിറുത്തുവാൻ ആ മനോഹരമായ പ്രദേശത്തു ആ മുല്ലച്ചെടി മാത്രം ശേഷിച്ചു.

കല്യാണിഅമ്മ ഓമനയുടെ ജീവിതകഥയിലെ ശോകപൂർണ്ണമായ അവസാനഭാഗം വിശദമായി വിവരിച്ചു ചന്ദ്രശേഖരനെ കേൾപ്പിച്ചു, അയാൾ പൂവള്ളിയിൽനിന്നു് പോയശേഷം ഓമന ദിനരാത്രങ്ങൾ കണ്ണീരൊലിപ്പിച്ചു കഴിച്ചുകൂട്ടി എന്നും ആ മുത്തുമാലയും കത്തും കിട്ടിയതിനുശേഷം മാത്രമെ ഒരു പ്രസന്നത അവളുടെ മുഖത്തു പ്രത്യക്ഷപ്പെട്ടുള്ളു എന്നും കല്യാണിഅമ്മ പറഞ്ഞു. "ആ നിമിഷം മുതൽ അവളുടെ സ്ഥിതിക്കു മാററം സംഭവിച്ചു. അവൾ എന്നോടു ഒന്നും പറഞ്ഞില്ല. എങ്കിലും എനിക്കു് അതു് നല്ലപോലെ അറിയാമായിരുന്നു. 'അമ്മ അദ്ദേഹം മടങ്ങിവരും' എന്നു് അവൾ എപ്പോഴും പറഞ്ഞുവന്നു. ആ വാക്കുകളിൽനിന്നാണു് ഞാൻ സകലം ഊഹിച്ചതു്. ചന്ദ്രൻെറ മുറിയിൽ തന്നെയാണു് അവൾ അതിനുശേഷം കഴിച്ചുകൂട്ടിയതു്. ദൂരെ പെരുവഴിയിൽ നോക്കിക്കൊണ്ടു് 'അദ്ദേഹം മടങ്ങിവരും' എന്ന ഏകചിന്തയെ കൂട്ടുപിടിച്ചു് അവൾ എപ്പോഴും ചന്ദ്രനെ പ്രതീക്ഷിച്ചു കിടന്നു. അങ്ങനെയിരിക്കുമ്പോഴാണു വല്ലതും വായിക്കുവാൻ വേണമെന്നു് അവൾ ഗംഗാധരനോടു പറഞ്ഞതും അവൻ ഈ പത്രഗ്രന്ഥം കൊണ്ടുവന്നതും. ഏതാനും മണിക്കൂർ കഴിഞ്ഞു ഞങ്ങൾ ചെന്നുനോക്കുമ്പോൾ ഓമന മരിച്ചുകിടക്കുന്നതായികണ്ടു. മരണത്തിനുപോലും അവളുടെ മുഖശോഭയെ നശി

പ്പിക്കുവാൻ കഴിഞ്ഞില്ല; ഒരു പൊൻതാമര മൊട്ടുപോലെ ആ ദീർഘനിദ്രയിൽ ലയിച്ചു് അവൾ കിടന്നു. ഇതാ, ഇവിടെ ഈ മുല്ലയുടെയും ഇലഞ്ഞിയുടേയും തണലിൽ, പക്ഷികളുടെ കളനാദവും, പൂക്കളുടെ പരിമളവും അവൾക്കു് ആനന്ദമരുളുന്നു;"

## xii

ഓമനയുടെ ദുഃഖകരമായ അകാലമരണത്തിനുശേഷം മാസം രണ്ടു കഴിഞ്ഞിരുന്നു. പൂവണ്ണൂരിലെ ശുദ്ധശീലരായ ഗ്രാമീണർ അന്നും അവളുടെ കഥ വിസ്മരിച്ചിരുന്നില്ല. എല്ലാവരുടേയും കണ്ണിലുണ്ണിയായിരുന്നു അവൾ. ചന്ദ്രശേഖരൻ മടങ്ങിവന്നതു് അവളുടെ വിവാഹാലോചനയും കൊണ്ടായിരുന്നുവെന്നും അവളുടെ മരണവൃത്താന്തം അയാളെ ഭ്രാന്തുപിടിപ്പിച്ചു എന്നും എങ്ങനെയോ എല്ലാവരും ധരിച്ചിരുന്നു. എന്നാൽ അതിൽ നേരെത്ര, നുണയെത്ര എന്നു് ആർക്കും ഖണ്ഡിതമായി പറയാൻ സാധിച്ചില്ല. ആ യുവാവു് ഏകനായി അകാലത്തിൽപോലും ഓമനയുടെ ശവകുടീരത്തിനടുത്തും പൂവാറ്റിന്റെ തീരത്തും നടന്നിരുന്നതു പലരും കണ്ടുവന്നു. ആ നാട്ടുകാരെല്ലാം മനോധർമ്മംപോലെ അയാളെപ്പററി പല കഥകളും സൃഷ്ടിച്ചു എങ്കിലും സകലർക്കും അയാളുടെ നേരെ ഹൃദയംഗമമായ അനുകമ്പയും ബഹുമാനവും മാത്രമെ തോന്നിയിരുന്നുള്ളു.

പുരുഷോത്തമനും ഭാര്യയും, ജീവിതനൗകയുടെ ചുക്കാൻ പെട്ടെന്നൊടിഞ്ഞു്, അല്പംപോലും കാലത്തിൽ വാർദ്ധക്യം പ്രാപിച്ചപോലെ കാണപ്പെട്ടു. നിസ്സഹായരായ ആ മാതാപിതാക്കന്മാർക്കു അല്പമെങ്കിലും ആശ്വാസമരുളിയതു ചന്ദ്രശേഖരന്റെ സാന്നിദ്ധ്യം ഒന്നുമാത്രമായിരുന്നു. ആ ദുഃഖിതനായ യുവാവു് യാതൊന്നും മറച്ചുവയ്ക്കാതെ തന്റെ പ്രണയവൃത്താന്തം മുഴുവനും അവരോടു് പറഞ്ഞു. തന്റെ അപ്പച്ചിയും ഓമനയും പൂന്തോ

ട്ടത്തിലിരുന്നുണ്ടായ സംഭാഷണമായിരുന്നു ഓമനയുടെ മർമ്മം കരണ്ടു നശിപ്പിച്ച കീടമെന്ന് അപ്പോൾ മാത്രമെ എല്ലാവർക്കും ബോദ്ധ്യമായുള്ളു.

ചന്ദ്രശേഖരനെ ആരും കുററം പറഞ്ഞില്ല. അയാൾ നേരത്തെ വന്നിരുന്നെങ്കിൽ—! ഈ 'എങ്കിൽ' എന്തൊരു ഭയങ്കരപദമാണ്! ആ യുവാവിന്റെ ദുഃഖം അഗാധവും ആത്മാർത്ഥവുമാണെന്ന് അറിഞ്ഞ അവർ അയാളെ എങ്ങനെ കുററം പറയും; ഭാവിയിൽ എത്ര ധനവും കീർത്തിയും ഉണ്ടായാലും, ഓമനയില്ലാത്ത ഈ ലോകത്ത് സൗഭാഗ്യമെന്നൊന്ന് ഒരിക്കലും അയാൾക്ക് അനുഭവമാകയില്ലെന്നും അവർക്ക് അറിയാമായിരുന്നു.

പൂവണ്ണൂരിലെ പ്രകൃതിവിലാസം ആകർഷിക്കുന്ന വിദേശികളിൽ പലരെയും ഒരു വിശേഷംകൂടി ഈയിടെ വിസ്മയിപ്പിക്കുന്നുണ്ട്. അത് 'ഓമനയുടെ ഓർമ്മയ്ക്കായി അവളുടെ പ്രാണപ്രിയൻ പണികഴിപ്പിച്ച ഒരു മാർബിൾ കല്ലറയാണ്. കലാകുശലതയുടെ അത്ഭുതസൃഷ്ടിയായ ആ 'പ്രേമകുടീരം' ചന്ദ്രശേഖരന്റെ ശാന്തിനികേതനമായിരുന്നു: അതിനുചുററും പലമാതിരി പൂച്ചെടികൾ പിടിപ്പിച്ച കൂട്ടത്തിൽ, ഓമനയ്ക്കു വളരെ പ്രിയപ്പെട്ട ഒരു ജാതി പനിനീർ ചെമ്പകത്തിന്റെ കാര്യം ചന്ദ്രശേഖരൻ വിസ്മരിച്ചില്ല. തളിരുകൾക്കുള്ളിലെ ബന്ധനത്തിൽനിന്നു മോചനം പ്രാപിച്ച് അതിൽ ആദ്യം ഒരു പൂമൊട്ടു പ്രത്യക്ഷമായപ്പോൾ ആ ശോകാർത്തനായ യുവാവിന്റെ കണ്ണുകൾ നിറഞ്ഞു, അയാൾ നമ്രശിരസ്സായി വളരെനേരം നിന്നുപോയി. മുള്ളും മലർക്കുലയുമായി ആ പനിനീർ ചെമ്പകം എല്ലാകാലത്തും സൗരഭ്യം ഉദ്വമിച്ചു. പടർന്നു പന്തലിച്ച ആ ഇലഞ്ഞിമരത്തിൽ ഒരു വണ്ണാത്തിപ്പുള്ള് കൂടുകെട്ടി. പ്രഭാതത്തിലും നിലാവെളിച്ചത്തിലും ആ വൃക്ഷത്തിൽനിന്നു അതിന്റെ ഗാനപീയൂഷം പൊട്ടിപ്പുറപ്പെടുമ്പോഴൊക്കെയും, ഹൃദയത്തിന്റെ അഗാധതലത്തിൽകൂടി ഒരു ദുഃഖകല്ലോലിനി അതിവേഗത്തിൽ പ്രവഹിക്കുന്നതായി ചന്ദ്രശേഖരന് അനുഭവപ്പെട്ടിരുന്നു.

---

എന്നാൽ, ചന്ദ്രശേഖരന്റെ നിർഭാഗ്യം ഇതുകൊണ്ടൊന്നും അവസാനിച്ചില്ല. ഒരു സായാഹ്നത്തിൽ ആ യുവാവു പതിവുപോലെ പുഴവക്കിൽകൂടി നടന്നു്, ദൂരെ ഒരു കുളമാവിന്റെ തണലിലെ പുൽത്തറയിൽ ചിന്താമഗ്നനായി കിടക്കയായിരുന്നു; ഇനി എങ്ങനെയാണു താൻ ജീവിതത്തെ അഭിമുഖീകരിക്കേണ്ടതു്? തന്റെ പ്രണയം പൊലിഞ്ഞുപോയ ആ ദിക്കുവിട്ടു് എന്നാണു പോകേണ്ടതു്? തന്റെ ജീവിതനാടകത്തിലെ ശോകരസപ്രധാനമായ ഈ അങ്കത്തെപ്പററി അറിവുള്ളവരും ഇല്ലാത്തവരുമായ തന്റെ സ്നേഹിത വർഗ്ഗത്തോടും സ്വജനങ്ങളോടും എങ്ങനെയാണു പെരുമാറേണ്ടതു്? എന്നെല്ലാം അയാൾ ദീർഘനേരം ചിന്തിച്ചു.

അയാൾ രണ്ടു കൈയും മടക്കിവച്ചു് അതിൽ മുഖം മറച്ചു കമിഴ്ന്നുകിടക്കയായിരുന്നു. മുഖവും കൈയും ഇപ്പോൾ കണ്ണുനീരിനാൽ നനഞ്ഞിരുന്നു എങ്കിലും ഒരു പ്രകാരത്തിലും അതു് അയാളുടെ പൗരുഷത്തെ ലജ്ജിപ്പിച്ചില്ല. ഒരിക്കലോ മററോ അയാൾക്കു തോന്നി ഒരു പാദപതനം സമീപത്തു കേട്ടു എന്നു്. എന്നാൽ ദുഃഖത്തിൽ നിശ്ശേഷം മുഴുകിയിരുന്ന അയാൾ അതു ശ്രദ്ധിച്ചില്ല. പെട്ടെന്നു് ഒരു കാട്ടുജന്തു മുരളുംപോലെ ഭീതിജനകമായ ഒരു ശബ്ദം അയാൾ കേട്ടു, അയാൾ മുഖം ഉയർത്തി നോക്കിയപ്പോൾ അടക്കിനിറുത്താൻ പാടില്ലാത്ത കോപവും പകയും മൂലം കലുഷിതനായി, മനുഷ്യപ്രകൃതി തീരെ ഇല്ലാത്ത ഒരു യുവാവു് തന്നെ നോക്കിക്കൊണ്ടു് നിൽക്കുന്നതു കണ്ടു.

അതു ഗംഗാധരനായിരുന്നു. അസ്വാഭാവികമായ ഒരു സ്വരത്തിൽ അയാൾ അലറി:—"ചന്ദ്രൻ! ചന്ദ്രശേഖരൻ! മാന്യനും സമ്മതനും പണക്കാരനുമായ ചെറുപ്പക്കാരൻ; ഇതുവരെ തനിക്കു ഞാൻ മാപ്പുതന്നു; എന്റെ ദുഃഖം തീരാൻ സമയം മതിയാകാതിരുന്നു. എണീക്കൂ. ദുഷ്ടാ! ഈ പരിശുദ്ധഭൂമി മലിനമാക്കാതിരിക്കൂ. തനിക്കു് ഇവിടെ എന്തവകാശം;"

ചന്ദ്രശേഖരൻ എണീക്കുംമുമ്പെ, അയാളുടെ തലയിൽ ഗംഗാധരന്റെ കൈയിലിരുന്ന ഒരു ഉരക്കൻ വടി നിപതിച്ചു;

ഹിതാശ്വാധനായി, നിസ്സഹായനായി അയാൾ കിടന്നു. ഗംഗാധരൻ വീണ്ടും പറഞ്ഞു:—"എണീക്കണോ? വേണ്ട; താൻ എന്തുചെയ്തു എന്നറിയുന്നോ? ഹാ! അതികോമളമായ ഒരു മനുഷ്യഹൃദയത്തെ ഒരു സ്ഫടികപ്പാത്രത്തെ എന്നവണ്ണം തവിട്ടുപൊടിയാക്കുകയാണു താൻ ചെയ്തതു്. ആ മഹാപാതകം തൻെറ ചുടുചോരകൊണ്ടല്ലാതെ കഴുകിക്കളയുക സാദ്ധ്യമല്ല;"

ഗംഗാധരൻെറ അവസാനവാക്കുകൾ ഏതാണ്ടു ചന്ദ്രശേഖരൻ കേട്ടു. അയാൾ ഒന്നനങ്ങി; ഭൂചക്രം അതിവേഗത്തിൽ കറങ്ങിത്തിരിയുംപോലെ അയാൾക്കു തോന്നി; അടുത്തു വളന്നിരുന്ന പുല്ലുകളിൽ പിടിച്ചുയരാൻ അയാൾ ശ്രമിച്ചു; അവ ചെമ്പട്ടുപോലെ ചുവന്നിരുന്നു; അയാളുടെ കണ്ണുകളിൽ ഒരു ക്രൂരിരുൾ വന്നുകയറി.

"ഓമനയുടെ ഒരു തലനാരിഴയ്ക്കെങ്കിലും ഹാനിയെ ചെയ്യുന്ന ദുഷ്ടനെ ഞാൻ ശിക്ഷിക്കുമെന്നു് പ്രതിജ്ഞചെയ്തിരുന്നു; ഞങ്ങൾ കുട്ടിയിലെ ഒന്നിച്ചുവളർന്നു. ഞാൻ ഓമനയെ അതിഗാഢം സ്നേഹിച്ചു. അവൾ എൻെറ രാജ്ഞിയും ഞാൻ അവളുടെ സേവകനും ആയിരുന്നു. അവളുടെ കുരുന്നു ഹൃദയത്തിനു് ഒന്നുകൂടി വികാസം വന്നുകൊള്ളട്ടെ എന്നു ഞാൻ കാത്തിരിക്കെ, താൻ വന്നു് ഒരു ചിന്തയുംകൂടാതെ അവളെ എന്നിൽനിന്നു് അപഹരിച്ചു. അതു പോകട്ടെ; അണുമാത്രമെങ്കിലും താൻ അവളെ യഥാർത്ഥമായി സ്നേഹിച്ചിരുന്നെങ്കിൽ, അവളുടെ സൗഭാഗ്യംകണ്ടു കണ്ണുകുളിർക്കുവാൻ ഞാൻ എൻെറ ഈ നിസ്സാരജീവിതം ആയിരം തവണ ബലികഴിക്കുവാൻ സന്നദ്ധനാകുമായിരുന്നു. അവളുടെ ആത്മശാന്തിക്കു തൻെറജീവൻ ബലികഴിക്കുന്നുണ്ടെന്നു് ഞാൻ എൻെറ ദൈവത്തോടു പ്രതിജ്ഞചെയ്തുപോയി,"

വികാരവിവശനായി ഗംഗാധരൻ പറഞ്ഞവാക്കുകൾ ഒരു സ്വപ്നത്തിലെന്നപോലെ ചന്ദ്രശേഖരൻ കേട്ടുകൊണ്ടു കിടന്നു: "അതെല്ലാം ഞാൻസൂക്ഷിച്ചിരുന്നു. താനീദിക്കിൽ ആദ്യമായി വന്നപ്പോൾ, ഓമന ഒരു ശിശുവിനെപ്പോലെനി

ഷ്കപട"യും, വനംപാളിയെപ്പോലെ അഹ്ലാദഭരിതയും ആയിരുന്നു, പ്രഭുകുടുംബത്തിൽപെട്ട, ഒരു യുവകോമളൻ, മലർമെത്തയിലുറങ്ങുന്ന ഒരു നാഗരികൻ ഒരു പെൺകുട്ടിയുടെ ഹൃദയം ഒരു കളിപ്പാട്ടമെന്നുമാത്രം കരുതുന്ന ഒരു ജളൻ; വിനോദത്തിനു വേറൊന്നും കാണാതെ, അവളുടെ പരിശുദ്ധപ്രേമം വശീകരിച്ചെടുത്തു. സമയം കൊല്ലാൻ ഒരു ക്രീഡാമൃഗത്തെ താൻ കണ്ടുപിടിച്ചു. അങ്ങനെ സാവധാനത്തിൽ, മന്ദഹസിച്ചു മന്ദഹസിച്ച് അവളെ താൻ ചിത്രവധംചെയ്തു.... ഒടുവിൽ അവളെ യഥാർത്ഥത്തിൽ സ്നേഹിച്ചിരുന്ന എന്ന കപടവേഷത്തിൽ ഓമനയുടെ മാതാപിതാക്കന്മാരെയും ഈ നാട്ടിലെ സാധുക്കളെയും വഞ്ചിക്കാൻ താൻ മടങ്ങിവന്നിരിക്കുന്നു; അവരെ, വഞ്ചിക്കാം; ഉള്ളിൽ വിഷവും വെളിയിൽ തേനും! പട്ടണത്തിൽ മററു കാര്യങ്ങളെല്ലാം സുമാറാകുന്നതുവരെ താൻ കാത്തിരുന്നു, അല്ലേ? രണ്ടു ആത്മാക്കളെ പിഞ്ചിലെ കരുടിപ്പിച്ച ദുഷ്ടാ!"

ചന്ദ്രശേഖരൻെറ ചുണ്ടുകൾ അനങ്ങുന്നതായി തോന്നി. ഗംഗാധരൻ ചെകുത്താനെപ്പോലെ വീണ്ടും പറഞ്ഞു:— "വേണ്ടാ, തൻെറ നാക്ക ഞാൻ പിഴുതുകളയും. താൻ ജീവിക്കുവാൻ അർഹനല്ല." അയാളുടെ കണ്ണിൽനിന്നു തീപ്പൊരി പറന്നു; പല്ലുകൾ ഉരുമ്മി. പിന്നെയും ഊക്കായ ഒരു പ്രഹരണം ചന്ദ്രശേഖരൻെറ മേൽപതിച്ചു. അയാൾ കൈകാലുകൾ നീട്ടി നിശ്ചേതനനായി കമിഴ്ന്നു കിടന്നു; അവിടംഅപ്പോൾ ഒരു രക്തക്കളമായിത്തീർന്നിരുന്നു.

തിരിഞ്ഞുപോലും നോക്കാതെ ആത്മശാന്തി സിദ്ധിച്ചപോലെ, ഗംഗാധരൻ അവിടെനിന്നു നടന്നുപോയി.

* * * *

രാത്രി മുഴുവനും ചന്ദ്രശേഖരൻ അവിടെതന്നെ കിടന്നു. അടുത്തദിവസം അതിരാവിലെ പുരുഷോത്തമൻ പൂവണ്ണൂർ പാടത്തിൽനിന്നു കയറിവരുമ്പോൾ ആ യുവാവു ചോരപ്പുഴയിൽ മൃതകല്പനായി കിടക്കുന്നതു കണ്ടുപിടിച്ചു. മരിച്ചുപോയി എന്നാണ് എല്ലാവരും ആദ്യം കരുതിയതു്. നാഡിയുടെ

ചലനം നിശ്ശേഷം നിന്നിരുന്നില്ലെങ്കിലും ജീവികകസംശ യകരമായിരുന്നു.

ഈ വർത്തമാനം കാട്ടുതീപോലെനിടെമട്ടുക്കപരന്നു,പത്ര ങ്ങളിലും സ്ഥലം പിടിച്ചു. മൂന്നാംദിവസം രാമപുരം സ്റ്റേഷ നിൽ സുന്ദരിയായ ഒരു യുവതി രണ്ടു നഴ്സുകളും ഒരു ഡാക്ടറുമായി വന്നിറങ്ങി. ആ യുവതി മാലതിയായിരുന്നു.

"ഞാൻ അദ്ദേഹത്തിന്റെ സ്വന്തമാണ്. അദ്ദേഹത്തെ ശുശ്രൂഷിക്കാൻ വന്നിരിക്കയാണു്," എന്നു് മാലതി കല്യാണി അമ്മയോടു പറഞ്ഞു.

മരണവും ജീവനും ചന്ദ്രശേഖരനുമായി അതിഭയങ്കരമായ ഒരു പോരാട്ടം നടത്തിക്കൊണ്ടിരുന്നതിനിടയിൽ കല്യാണി അമ്മ സകല വൃത്താന്തവും മാലതിയെ പറഞ്ഞുകേൾപ്പിച്ചു. ഹാ! മാലതി എത്രമാത്രം ആശിച്ചു വല്ല "മൃതസഞ്ജീവനി"യുടേ യും സഹായത്താൽ ഓമനയെ അവളുടെ മനോഹരമായ ശവകുടീരത്തിൽനിന്നു് വിളിച്ചുണത്താൻ സാധിച്ചെങ്കിലോ എന്നു്.

ചന്ദ്രശേഖരനോടു ആ കഠിനകമ്മം ചെയ്തതാരാണെന്നു ള്ള വിവരം ഒരാളും ഒരിക്കലും അറിഞ്ഞില്ല. കല്യാണിഅമ്മയ്ക്കു മാത്രം എന്തോ സംശയം ഉണ്ടായിരുന്നു.

*       *       *       *

പുരുഷോത്തമന്റെയും കല്യാണിഅമ്മയുടേയും പേരിൽ ചന്ദ്രശേഖരനു് അളവററ വാത്സല്യം ഉണ്ടായിരുന്നു. അവർക്കു ഗണ്യമായ പല സഹായങ്ങളും അനന്തരകാലത്തു് അയാൾ ചെയ്തു. എന്നാൽ, കനകം വിളയുന്ന സകലഖനികൾ നൽകിയാലും, അവയൊന്നും തങ്ങളുടെ ഏകധനമായിരുന്ന ഓമനയുടെ നഷ്ടത്തിനു് പരിഹാരമായി അവർ കരുതുകയില്ലായിരുന്നു.

മൂന്നു ദീർഘസംവത്സരം കഴിഞ്ഞശേഷം ചന്ദ്രശേഖരൻ മാലതിയെ വിവാഹംചെയ്തു. മാനധനാദികൾ അയാൾക്കു് വേണ്ടുവോളമുണ്ടായി; എന്നാൽ ജീവാവസാനംവരെ ഓമനയുടെ പാവനപ്രേമം അയാൾ വിസ്മരിച്ചില്ല.

ശുഭം

632

# ഓമന

C. V. SMARAKA [illegible]DHAGARA
GRANDHA SALA
THENNOORKONAM
VENGANOOR P.O.

കെ. ദാമോദരൻ ബി. എ.